وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11 ലക്കം 34-35

# ബദർ

വാരിക ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ

ആക്ടിങ് എഡിറ്റർ: അംനാസ് പി.കെ

2026 ആഗസ്റ്റ് 20-27 • ഹി.ശം 1405 സുഹൂർ 20-27 • ഹി. ഖ. 1448 റബീഉൽ അവ്വൽ 6-13

വിശുദ്ധ ഖുർആനിൽ നിന്ന്:



## ദൈവസൃഷ്ടികളോടുള്ള സഹാനുഭൂതി

وَ اعۡبُدُوا اللّٰہَ وَ لَا تُشۡرِکُوۡا بِہٖ شَیۡئًا وَّ بِالۡوَالِدَیۡنِ اِحۡسَانًا وَّ بِذِی الۡقُرۡبٰی وَ الۡیَتٰمٰی وَ الۡمَسٰکِیۡنِ وَ الۡجَارِ ذِی الۡقُرۡبٰی وَ الۡجَارِ الۡجُنُبِ وَ الصَّاحِبِ بِالۡجَنۡۢبِ وَ ابۡنِ السَّبِیۡلِ ۙ وَ مَا مَلَکَتۡ اَیۡمَانُکُمۡ ؕ اِنَّ اللّٰہَ لَا یُحِبُّ مَنۡ کَانَ مُخۡتَالًا فَخُوۡرَا ۔ (النساء:٣٧)

അർഥം: നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; മറ്റൊന്നിനെയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മചെയ്യുക; അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും (നന്മ ചെയ്യുക). അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.



ഹദീസ്:

## അല്ലയോ ആദമിന്റെ പുത്രാ, ഞാൻ രോഗിയായിരുന്നു; എന്നിട്ടും നീ എന്നെ സന്ദർശിച്ചില്ല

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: "إِنَّ اللَّهَ عَزَّ وَجَلَّ يَقُولُ يَوْمَ الْقِيَامَةِ: يَا ابْنَ آدَمَ، مَرِضْتُ فَلَمْ تَعُدْنِي، قَالَ يَا رَبِّ: كَيْفَ أَعُودُكَ وَأَنْتَ رَبُّ الْعَالَمِينَ؟ قَالَ: أَمَا عَلِمْتَ أَنَّ عَبْدِي فُلَانًا مَرِضَ فَلَمْ تَعُدْهُ؟ أَمَا عَلِمْتَ أَنَّكَ لَوْ عُدْتَهُ لَوَجَدْتَنِي عِنْدَهُ؟ يَا ابْنَ آدَمَ، اسْتَطْعَمْتُكَ فَلَمْ تُطْعِمْنِي، قَالَ يَا رَبِّ: وَكَيْفَ أُطْعِمُكَ وَأَنْتَ رَبُّ الْعَالَمِينَ؟ قَالَ: أَمَا عَلِمْتَ أَنَّهُ اسْتَطْعَمَكَ عَبْدِي فُلَانٌ؟ فَلَمْ تُطْعِمْهُ، أَمَا عَلِمْتَ أَنَّكَ لَوْ أَطْعَمْتَهُ لَوَجَدْتَ ذَلِكَ عِنْدِي؟ يَا ابْنَ آدَمَ، اسْتَسْقَيْتُكَ فَلَمْ تَسْقِنِي، قَالَ يَا رَبِّ: كَيْفَ أَسْقِيكَ وَأَنْتَ رَبُّ الْعَالَمِينَ؟ قَالَ: اسْتَسْقَاكَ عَبْدِي فُلَانٌ، فَلَمْ تَسْقِهِ، أَمَا إِنَّكَ لَوْ سَقَيْتَهُ وَجَدْتَ ذَلِكَ عِنْدِي؟

ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു: അല്ലാഹുവിന്റെ റസൂൽ (സ) അരുളി: അന്ത്യനാളിൽ അല്ലാഹു തആലാ ഇപ്രകാരം അരുളും: "അല്ലയോ ആദമിന്റെ മകനേ! ഞാൻ രോഗിയായിരുന്നു, എന്നാൽ നീ എന്നെ സന്ദർശിച്ചില്ലല്ലോ!" അപ്പോൾ അടിമ ചോദിക്കും:"എന്റെ രക്ഷിതാവേ, നീ ലോകരക്ഷിതാവായിരിക്കെ ഞാൻ നിന്നെ എങ്ങനെ സന്ദർശിക്കാനാണ്?" അല്ലാഹു പറയും: "എന്റെ ഇന്ന അടിമ രോഗിയായിരുന്നുവെന്ന വിവരം നീ അറിഞ്ഞിരുന്നില്ലേ? എന്നിട്ടും നീ അവനെ സന്ദർശിച്ചില്ലല്ലോ. നീ അവനെ സന്ദർശിച്ചിരുന്നുവെങ്കിൽ എന്നെ അവന്റെ അരികിൽ കണ്ടെത്തുമായിരുന്നുവെന്ന് നിനക്കറിയില്ലായിരുന്നുവോ? അല്ലയോ ആദമിന്റെ മകനേ! ഞാൻ നിന്നോട് ഭക്ഷണം ചോദിച്ചു, എന്നാൽ നീ എനിക്ക് ഭക്ഷണം തന്നില്ല!" അപ്പോൾ ആദമിന്റെ മകൻ ചോദിക്കും: "എന്റെ രക്ഷിതാവേ, നീ പ്രപഞ്ചനാഥനായിരിക്കെ ഞാൻ നിനക്ക് എങ്ങനെ ഭക്ഷണം നൽകാനാണ്?" അല്ലാഹു അരുളും: "എന്റെ ഇന്ന അടിമ നിന്നോട് ഭക്ഷണം ചോദിച്ചിരുന്നുവെന്നത് നീ ഓർക്കുന്നില്ലേ? എന്നിട്ടും നീ അവന് ഭക്ഷണം നല്കിയില്ല. നീ അവന് ഭക്ഷണം നല്കിയിരുന്നുവെങ്കിൽ അതിന്റെ പ്രതിഫലം എന്റെ അടുക്കൽ കണ്ടെത്തുമായിരുന്നുവെന്ന് നിനക്കറിയില്ലായിരുന്നുവോ? അല്ലയോ, ആദമിന്റെ മകനേ! ഞാൻ നിന്നോട് കുടിവെള്ളം ചോദിച്ചു, എന്നാൽ നീ എനിക്ക് കുടിക്കാൻ തന്നില്ല!" അപ്പോൾ ആദമിന്റെ മകൻ ചോദിക്കും: "എന്റെ രക്ഷിതാവേ, നീ സമസ്തലോകങ്ങളുടെയും നാഥനായിരിക്കെ ഞാൻ നിനക്ക് എങ്ങനെ വെള്ളം കുടിക്കാൻ തരാനാണ്?" അപ്പോൾ അല്ലാഹു അരുളും: "എന്റെ ഇന്ന അടിമ നിന്നോട് വെള്ളം ചോദിച്ചിരുന്നു. എന്നാൽ നീ അവന് കുടിക്കാൻ നല്കിയില്ല. നീ അവന് വെള്ളം നല്കിയിരുന്നുവെങ്കിൽ അതിന്റെ പ്രതിഫലം എന്റെ അടുക്കൽ കണ്ടെത്തുമായിരുന്നു."

*(സ്വഹീഹ് മുസ്ലിം: കിതാബുൽ ബിർറി വസിലഹ്, ബാബു ഫദ്‌ലി ഇയാദത്തിൽ മരീദ്)*



ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:

## മനുഷ്യകുലത്തോട് സഹാനുഭൂതി കാണിക്കുക

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു:

ഒരു കാര്യം നിങ്ങൾ നന്നായി ഓർത്തുവയ്ക്കുക; അല്ലാഹുവിന്റെ രണ്ട് കൽപനകളാണുള്ളത്: ഒന്നാമത്തേത്, അവന്റെ അസ്തിത്വത്തിലോ ഗുണങ്ങളിലോ ആരാധനകളിലോ യാതൊന്നിനെയും അവനോട് പങ്കുചേർക്കരുത് (ശിർക്ക് ചെയ്യരുത്). രണ്ടാമത്തേത്, മനുഷ്യകുലത്തോട് സഹാനുഭൂതി പുലർത്തുക. നന്മ ചെയ്യുക എന്നതുകൊണ്ട് അർഥമാക്കുന്നത് നിങ്ങളുടെ സ്വന്തക്കാരോടും ബന്ധുക്കളോടും മാത്രം നന്മ ചെയ്യുക എന്നതല്ല; മറിച്ച്, അവൻ ആരായിരുന്നാലും ശരി, അല്ലാഹുവിന്റെ സൃഷ്ടികളിൽപ്പെട്ട ഏതൊരാളോടും നന്മ ചെയ്യുക എന്നതാണ്. അവൻ ഹിന്ദുവോ ക്രൈസ്തവനോ ആണെന്ന് നിങ്ങൾ ചിന്തിക്കരുത്. ഞാൻ നിങ്ങളോട് സത്യം പറയുന്നു: അല്ലാഹു നിങ്ങളുടെ നീതി നടപ്പാക്കുന്നതിന്റെ ഉത്തരവാദിത്വം സ്വകരങ്ങളിൽ ഏറ്റെടുത്തിരിക്കുകയാണ്. നിങ്ങൾ സ്വന്തമായി പ്രതികാരം വീട്ടാൻ തുനിയരുത്. നിങ്ങൾ എത്രത്തോളം വിനയവും എളിമയും കൈക്കൊള്ളുന്നുവോ, അത്രത്തോളം നിങ്ങൾ അല്ലാഹുവിന്റെ ശക്തിയും കഴിവുകളും കണ്ട് സന്തോഷിക്കും. ഈ ശത്രുക്കളുടെ കാര്യം നിങ്ങൾ അല്ലാഹുവിങ്കലേക്ക് വിട്ടേക്കുക. അന്ത്യനാൾ അടുത്തെത്തിയിരിക്കുന്നു; മതം ഉപേക്ഷിച്ചവർ (അഥവാ ശത്രുക്കൾ) നിങ്ങൾക്ക് വരുത്തിവയ്ക്കുന്ന ദുരിതങ്ങളിൽ നിങ്ങൾ പരിഭ്രാന്തരാകരുത്. നിങ്ങൾക്ക് അവരിൽ നിന്ന് ഇനിയും ഏറെ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവരുമെന്ന് ഞാൻ കാണുന്നു. കാരണം, സംസ്കാരത്തിന്റെ അതിർവരമ്പുകൾ ലംഘിക്കുന്നവരുടെ നാവ്, അണക്കെട്ട് പൊട്ടുമ്പോൾ വെള്ളപ്പൊക്കം ഉണ്ടാകുന്നത് പോലെയാണ് അനിയന്ത്രിതമായി ചലിക്കുന്നത്. അതിനാൽ, ഒരു ദൈവഭക്തൻ തന്റെ നാവിനെ സൂക്ഷിച്ചു ഉപയോഗിക്കേണ്ടതുണ്ട്.

*(അൽ-ഹകം: 1907 ജനുവരി 28, മൽഫൂദാത്ത്: വാല്യം 5, പേജ് 130)*



**തഫ്സീർ:** ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ]

## ഈ അമാനത്ത് നിങ്ങളുടെമേൽ ഭരമേൽപ്പിക്കപ്പെടുമ്പോൾ നിങ്ങൾ അതിൽ ഒരിക്കലും വഞ്ചന കാണിക്കരുത്

സകല മാനവരാശിയും സ്വസന്താനമാണെന്ന് തോന്നിപ്പിക്കുമാറ് നന്മയുടെ ഉദാത്ത പദവി കൈവരിക്കുക

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) സൂറത്തുന്നഹ്‌ലിലെ 91-ാം ആയത്തിന്റെ വ്യാഖ്യാനം വിശദീകരിച്ചുകൊണ്ട് പ്രസ്താവിക്കുന്നു: 'നന്മ (ഇഹ്സാൻ) ചെയ്യുമ്പോൾ മനുഷ്യന്റെ മനസ്സിൽ വരുന്ന ചിന്ത; ഇന്ന വ്യക്തി എന്നോട് നന്നായി പെരുമാറി, അതുകൊണ്ട് അതിനേക്കാൾ നല്ല പ്രതിഫലം ഞാൻ നല്കാം; അങ്ങനെ എനിക്ക് സത്പേരുണ്ടാകട്ടെ എന്നതായിരിക്കും. അല്ലെങ്കിൽ ഒരു തെറ്റുകാരന്റെ കുറ്റം പൊറുത്തുകൊടുക്കുമ്പോൾ, ഞാൻ ഇയാളോട് നന്നായി പെരുമാറിയാൽ ഇയാളുടെ മനസ്സിലെ പക മാറി ഇയാൾ എന്നെ സുഹൃത്താക്കുകയും എനിക്ക് പിന്തുണയാകുകയും ചെയ്യും എന്ന ചിന്ത വന്നേക്കാം. എന്നാൽ, സ്വന്തം കുഞ്ഞിനെ സ്നേഹിക്കുകയും അവനുവേണ്ടി ത്യാഗം സഹിക്കുകയും ചെയ്യുന്ന ഒരു മാതാവിന് പ്രതിഫലേച്ഛയുടെ ചെറിയൊരംശം പോലും ഉണ്ടാകുന്നില്ല. മറിച്ച്, അവളുടെ

ശേഷം പേജ് 15 ൽ

**അഹ്‌മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്, ഖാദിയാൻ

لَآ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

**എഡിറ്റോറിയൽ**

# മജ്‌ലിസെ ഇർഫാൻ ഒരു ആഗോള പരിപാടി

ദൈവേച്ഛയാൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായതുമുതൽ, ജമാഅത്തിന്റെ സുശിക്ഷണത്തിനായി മജ്‌ലിസെ ഇർഫാൻ (വൈജ്ഞാനിക സദസ്സ്) ഒരു അടിസ്ഥാനപരമായ പങ്ക് വഹിച്ചിട്ടുണ്ട്. ഹസ്റത് അഖ്ദസ് മസീഹ് മൗഊദ് (അലൈഹിസ്സലാം) ന്റെ കാലത്താണ് മജ്‌ലിസെ ഇർഫാൻ ആരംഭിച്ചത്. ആ സമയത്ത് അവിടുത്തെ അനുഗൃഹീതമായ വാക്കുകൾ അപ്പപ്പോൾ രേഖപ്പെടുത്തുകയും തുടർന്ന് അൽ-ഹകം, അൽ-ബദർ എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഈ മജ്‌ലിസ് ഇർഫാനുകൾ 'മൽഫൂസാത്ത് ഹദ്റത്ത് മസീഹ് മൗഊദ്'എന്ന രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയുമുണ്ടായി. തുടർന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റ), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്മത്തുല്ലാഹി അലൈഹി) എന്നിവരുടെ അനുഗൃഹീതമായ കാലഘട്ടങ്ങളിലെ മജ്‌ലിസ് ഇർഫാനുകളും ജമാഅത്ത് പത്രങ്ങളിലും പുസ്തകങ്ങളിലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്, കൂടാതെ സോഷ്യൽ മീഡിയയിലും ലഭ്യമാണ്.

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹു തആലാ ബിനസ്റിഹിൽ അസീസ്)ന്റെ അനുഗൃഹീതമായ കാലഘട്ടത്തിൽ, ഈ മജ്‌ലിസ് ഇർഫാനുകൾ എല്ലാ ആഴ്ചയും M.T.A-യിൽ This Week With Huzur എന്ന തലക്കെട്ടിൽ സംപ്രേക്ഷണം ചെയ്യപ്പെടുകയും സോഷ്യൽ മീഡിയയിൽ ലഭ്യമാകുകയും ചെയ്യുന്നു.

എല്ലാ കാലഘട്ടത്തിലും ജമാഅത്തംഗങ്ങളുടെ ശിക്ഷണ, പ്രബോധന, വിദ്യാഭ്യാസ, ഭരണപരമായ കാര്യങ്ങളിൽ വലിയ തോതിൽ മാർഗനിർദേശം നല്കിക്കൊണ്ടിരുന്ന ഒരു പരിപാടിയാണ് മജ്‌ലിസെ ഇർഫാൻ. ചിലപ്പോൾ ഏതെങ്കിലും രാഷ്ട്രീയ അല്ലെങ്കിൽ പണ്ഡിത വ്യക്തിത്വങ്ങളും ഹുസൂറുമായി കൂടിക്കാഴ്ച നടത്താറുണ്ട്. അപ്പോൾ ഹുസൂർ അവരുടെ രാജ്യത്തെക്കുറിച്ചും, അവരുടെ അറിവിനെക്കുറിച്ചും, ലോകത്ത് പടർന്നുപിടിച്ചിരിക്കുന്ന അശാന്തിയുടെ അന്തരീക്ഷം ഇല്ലാതാക്കുന്നതിനെക്കുറിച്ചും അവർക്ക് മാർഗനിർദേശങ്ങൾ നല്കുന്നു. ഏതായാലും, പ്രേക്ഷകർക്ക് ഈ അന്താരാഷ്ട്ര പരിപാടി ഒരു ഉപകാരപ്രദമായ വെളിച്ചമാണ്.

ബദർ വായനക്കാർക്ക് ഈ പരിപാടിയിൽ താത്പര്യമുണ്ടാക്കുന്നതിനായി, 2026 ജനുവരി 02-ന് അമേരിക്കയിലെ വെർജീനിയയിൽ നിന്നുള്ള ഖുദ്ദാമുമായി (യുവാക്കളുമായി) ഹുസൂർ അൻവർ നടത്തിയ കൂടിക്കാഴ്ചയുടെ സംഗ്രഹം മാതൃകയായി ഇവിടെ നല്കുന്നു.

ഈ അവസരത്തിൽ ചോദിച്ച ആദ്യത്തെ ചോദ്യം ഇതായിരുന്നു:

ലൗകിക വിദ്യാഭ്യാസത്തോടൊപ്പം ജമാഅത്തിന്റെ പുസ്തകങ്ങൾ എങ്ങനെ പഠിക്കാനാകും?

ഹുസൂർ അൻവർ പറഞ്ഞു:

ഒരു ദിവസത്തിൽ ആകെ 24 മണിക്കൂറുകളുണ്ട്. ഒരാൾ ആറു മണിക്കൂർ ഉറങ്ങുകയും, രണ്ട് മണിക്കൂർ ഭക്ഷണത്തിനും രണ്ട് മണിക്കൂർ നമസ്കാരങ്ങൾക്കുമായി മാറ്റിവയ്ക്കുകയും, യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിനായി 7 മണിക്കൂർ ചെലവഴിക്കുകയും, തിരിച്ചെത്തിയ ശേഷം രണ്ടോ മൂന്നോ മണിക്കൂർ പഠനത്തിനായി വിനിയോഗിക്കുകയും ചെയ്താൽ, ബാക്കിയുള്ള നാല് മണിക്കൂറുകളിൽ നിന്ന് അരമണിക്കൂർ എങ്കിലും കണ്ടെത്താൻ കഴിയില്ലേ? നിങ്ങൾക്ക് താത്പര്യമുണ്ടെങ്കിൽ സമയം കണ്ടെത്താൻ കഴിയും. ഞാൻ തളർന്നുപോയി എന്ന് പറയുകയാണെങ്കിൽ, പിന്നെ ലൗകികതയാണ് നിങ്ങളുടെ പ്രഥമഗണനയായി മാറിയിട്ടുള്ളത്. അതിനാൽ നിങ്ങളുടെ ജീവിതം ചിട്ടപ്പെടുത്തുക. വായിക്കാനായി അരമണിക്കൂർ പോലും കണ്ടെത്താൻ കഴിയുമെങ്കിൽ അത് നല്ലതാണ്; താത്പര്യം വർദ്ധിക്കുന്നതനുസരിച്ച് കൂടുതൽ സമയവും നല്കാവുന്നതാണ്.

രണ്ടാമത്തെ ചോദ്യം ഇപ്രകാരമായിരുന്നു: ഞാൻ മൗലാന അതാഉല്ലാഹ് കലീം സാഹിബിന്റെ പേരക്കുട്ടിയാണ്. അദ്ദേഹത്തെക്കുറിച്ച് ഹുസൂറിന് എന്തെങ്കിലും ഓർമ്മകൾ ഉണ്ടെങ്കിൽ അത് പങ്കുവയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ഹുസൂർ അൻവർ പറഞ്ഞു: ഞാൻ അദ്ദേഹത്തോടൊപ്പം ജോലി ചെയ്തിട്ടില്ലെങ്കിലും, ഞാൻ കണ്ടതും കേട്ടതുമനുസരിച്ച് അദ്ദേഹം നിസ്വാർഥനായ ഒരു വഖ്ഫെ സിന്ദഗി ആയിരുന്നു. അദ്ദേഹം ദിവസേന തഹജ്ജുദ് നമസ്കരിക്കുകയും ജമാഅത്തിനായി പ്രാർഥിക്കുകയും ചെയ്തിരുന്നുവെന്ന് ഞാൻ കേട്ടിട്ടുണ്ട്. താങ്കളും അല്ലാഹു താങ്കളെയും നല്ലവരാക്കി മാറ്റട്ടെ എന്ന് പ്രാർഥിക്കുക. രണ്ടാമതായി, അദ്ദേഹം ഘാനയിൽ സേവനം അനുഷ്ഠിച്ചിരുന്ന ദിവസങ്ങളിൽ അവിടുത്തെ സാഹചര്യം അനുകൂലമായിരുന്നില്ല. എന്നാൽ അദ്ദേഹം ഒരിക്കലും പരാതിപ്പെട്ടിട്ടില്ല, എപ്പോഴും പുഞ്ചിരിച്ചുകൊണ്ടാണ് സംസാരിച്ചിരുന്നത്. അതുകൊണ്ടാണ് നിങ്ങൾ ഈ പദവിയിലെത്തി നിൽക്കുന്നത്. അതിനാൽ അല്ലാഹുവിലുള്ള ഭരമേൽപിക്കലും (തവക്കുൽ), നമസ്കാരങ്ങളും, പ്രാർഥനകളും വളരെ അത്യാവശ്യമാണ്.

മറ്റൊരു ചോദ്യം ഇതായിരുന്നു:

ഈയുള്ളവൻ റീജിയണൽ നാസിം വഖാറെ അമൽ ആയി സേവനം അനുഷ്ഠിക്കുകയാണ്. ചില ഖുദ്ദാം കഠിനാധ്വാനമുള്ള ജോലികളോ കൈകൾ വൃത്തിഹീനമാകുന്ന ജോലികളോ ചെയ്യാൻ തയ്യാറാകാറില്ല. അത്തരം യുവാക്കളിൽ വഖാറെ അമലിന്റെ ആത്മാവ് എങ്ങനെ വളർത്തിയെടുക്കാം?

ഹുസൂർ അൻവർ പറഞ്ഞു: വഖാറെ അമൽ എന്നതിന്റെ ഇംഗ്ലീഷ് പദം എന്താണെന്ന് അറിയാമോ? അതിനെ Dignity of Labour (അധ്വാനത്തിന്റെ അന്തസ്സ്) എന്നാണ് വിളിക്കുന്നത്. അതിൽ അവരുടെ അന്തസ്സ് അടങ്ങിയിട്ടുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തുക. ഖന്ദക് യുദ്ധവേളയിൽ നബിതിരുമേനി (സല്ലല്ലാഹു അലൈഹിവസല്ലം) മണ്ണ് വെട്ടിമാറ്റുന്നുണ്ടായിരുന്നു എന്നും, അവിടുത്തെ വയറ്റിൽ പോലും മണ്ണ് പറ്റിപ്പിടിച്ചിരുന്നു എന്നും ഹദീസിലൂടെ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതാണ്. അത്തരം യുവാക്കളുടെ മുന്നിൽ തിരുമേനി(സ)യുടെ മാതൃക അവതരിപ്പിക്കുക. അതുവഴി പുണ്യവും നല്ല ആരോഗ്യവും ലഭിക്കുമെന്ന് അവരെ ഗ്രഹിപ്പിക്കുക.

മറ്റൊരു ചോദ്യം ഇപ്രകാരമായിരുന്നു:

ഭാവിയിൽ എനിക്ക് ഒരു ഡോക്ടർ ആകാൻ ആഗ്രഹമുണ്ട്. വിദ്യാഭ്യാസത്തിലും തൊഴിൽപരമായ വിജയത്തിനും ഒപ്പം മതവുമായും അല്ലാഹുവുമായും എങ്ങനെ ശക്തമായ ബന്ധം പുലർത്താം എന്നതിനെക്കുറിച്ച് ഹുസൂർ മാർഗനിർദേശം തന്നരുളിയാലും.

ഹുസൂർ അൻവർ പറഞ്ഞു: അഹ്മദികളായ നിരവധി ഡോക്ടർമാരുണ്ട്. അവർ നമസ്കരിക്കുന്നവരും തഹജ്ജുദ് നമസ്കാരം നിർവഹിക്കുന്നവരുമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) അവരുടെ കാലത്ത് ഡോക്ടർ അബ്ദുസ്സത്താർ ശാഹ് സാഹിബ് ഒരു ഡോക്ടറായിരുന്നു, അദ്ദേഹം ആശുപത്രിയിൽ ജോലി ചെയ്തിരുന്നു. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്മത്തുല്ലാഹി അലൈഹി) അവരുടെ മാതാമഹൻ ആയിരുന്നു. അദ്ദേഹം വൈദ്യശാസ്ത്ര സേവനത്തോടൊപ്പം പ്രബോധനവും (തബ്ലീഗ്) നടത്തിയിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഒരു സംഭവമുണ്ട്: ഒരിക്കൽ അദ്ദേഹം മസ്ജിദിൽ പ്രബോധനം നടത്തിക്കൊണ്ടിരിക്കുമ്പോൾ, ഒരു എതിരാളി മസ്ജിദിലെ വെള്ളത്തിന്റെ കൂജ എടുത്ത് അദ്ദേഹത്തിന്റെ തലയിലേക്ക് എറിയുകയും അദ്ദേഹത്തിന്റെ തല പൊട്ടുകയും ചെയ്തു. അദ്ദേഹം ആശുപത്രിയിൽ പോയി മുറിവുകെട്ടി. അദ്ദേഹത്തെ ആക്രമിച്ച വ്യക്തി വളരെ ഭയപ്പെട്ടുപോയി. എന്നാൽ മാപ്പപേക്ഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ നിങ്ങൾക്ക് മാപ്പ് നല്കിയിരിക്കുന്നു. ഇനി എന്റെ പ്രബോധനം കൂടി കേൾക്കൂ. താൻ ആക്രമിച്ചിട്ടും തന്നെ വെറുതെ വിടുകയും നല്ല പെരുമാറ്റത്തോടെ സംസാരിക്കുകയും ചെയ്തതിൽ ആ വ്യക്തി വളരെ ആകർഷിക്കപ്പെട്ടു. തീർച്ചയായും അഹ്മദിയ്യത്ത് സത്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി. അങ്ങനെ അദ്ദേഹം ബൈഅത്ത് (അനുസരണപ്രതിജ്ഞ) ചെയ്തു. അതുപോലെ നിങ്ങളും ഡോക്ടർമാരായ ശേഷം രോഗികളോട് സത്പെരുമാറ്റം കാഴ്ച വയ്ക്കുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ സ്വഹാബിയായ ഹദ്റത്ത് ഖലീഫ റശീദുദ്ദീൻ സാഹിബിന്റെ സംഭവവും ഹുസൂർ വിവരിച്ചു. ഹുസൂർ അൻവർ പറഞ്ഞു: ബ്രിട്ടീഷുകാരുടെ കാലത്ത് അദ്ദേഹം സിവിലിയൻ സർജനായിരുന്നു. അദ്ദേഹം എത്രയധികം സാമ്പത്തിക ത്യാഗങ്ങൾ ചെയ്തിരുന്നുവെന്നാൽ, അല്പം നിയന്ത്രിക്കണമെന്നും തനിക്കായി കൂടി ചിലത് കരുതിവയ്ക്കണമെന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് അദ്ദേഹത്തോട് ഒരിക്കൽ പറയേണ്ടിവന്നു. ഇനി സാമ്പത്തിക ത്യാഗം ചെയ്തില്ലെന്നു കരുതിയാൽ പോലും യാതൊരു

ശേഷം പേജ് 15 ൽ

ഖുത്ബ ജുമുഅ

2026 ജൂലൈ 03, 1405 വഫാ 03
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്നേഹവാത്സല്യങ്ങളും ഉദാരതയും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവയുടെ പാരായണത്തിന് ശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു) പ്രതിപാദിച്ചു:

**ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്നേഹവാത്സല്യങ്ങളെയും ഉദാരതയെയും ദാനശീലത്തെയും കുറിച്ചുള്ള ചില സംഭവങ്ങൾ ഞാൻ സമർപ്പിക്കാം. ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു: അദ്ദേഹത്തിന്റെ ദാനശീലം ഒരു അതിരുകളില്ലാ സാഗരമായിരുന്നു, അദ്ദേഹത്തിന്റെ കൈ മുത്തുകൾ വർഷിക്കുന്ന മേഘമായിരുന്നു. അത് വർഷിക്കുകയും നനയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ പരമ്പര റമദാൻ മാസത്തിൽ വളരെ വർദ്ധിക്കാറുണ്ടായിരുന്നു. ഹുസൂർ (അ) ആവശ്യക്കാർക്ക് രഹസ്യമായ മാർഗ്ഗങ്ങളിലൂടെ നല്കിക്കൊണ്ടിരുന്നു. വിലപിടിപ്പുള്ള വസ്തുക്കൾ മറ്റൊരാൾക്ക് നല്കുന്നതിൽ അദ്ദേഹത്തിന് ഒരിക്കലും മടിയുണ്ടായിരുന്നില്ല.** അദ്ദേഹത്തിന്റെ ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ അവസ്ഥ കാണാം. നിയോഗത്തിനും ദൗത്യത്തിനും മുമ്പും ഈ അവസ്ഥ അദ്ദേഹത്തിൽ പ്രകടമായിരുന്നു. ഉദാഹരണത്തിന്, മിയാൻ ഗഫാറ സാഹിബ് അബ്ദുൽ ഗഫാർ കശ്മീരി, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ചെയ്ത ഉപകാരങ്ങളെയും ദയയെയും കുറിച്ച് സ്മരിച്ചുകൊണ്ട് വിവരിക്കുന്നു. അദ്ദേഹത്തിന്റെ വിവാഹം നടന്നപ്പോൾ, അദ്ദേഹത്തെ സഹായിക്കാനായി ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം രണ്ട് വിലപിടിപ്പുള്ള ആഭരണങ്ങൾ നല്കി. ഇത് അദ്ദേഹത്തിന്റെ നിയോഗത്തിന് മുമ്പുള്ള കാലത്തെ കാര്യമാണ്, അന്ന് അദ്ദേഹം ഒരു ഏകാന്തവാസിയെപ്പോലെ ജീവിതം നയിക്കുകയായിരുന്നു.

ഹദ്റത്ത് ശൈഖ് സാഹിബ് എഴുതുന്നു, **ഇതൊരു ഒറ്റപ്പെട്ട ഉദാഹരണമല്ല, ഇതുപോലെയുള്ള ധാരാളം സംഭവങ്ങളുണ്ട്. ആരെങ്കിലും അദ്ദേഹത്തിന്റെ അടുക്കൽ വന്ന് എന്തെങ്കിലും ചോദിച്ചിട്ട് അവിടുന്ന് നൽകാതിരുന്ന ഒരു സന്ദർഭവും ഉണ്ടായിട്ടില്ല. അല്ലെങ്കിൽ ഒരാളുടെ ആവശ്യം മനസ്സിലാക്കി, അയാൾ ചോദിക്കുകയോ അപേക്ഷിക്കുകയോ ചെയ്യാതെ തന്നെ സഹായിക്കാതിരുന്നിട്ടില്ല. അദ്ദേഹം ഉദാരനും ഉദാരന്റെ പുത്രനും, ഉദാരന്റെ പൗത്രനും ആയിരുന്നു.**

*(ആശയസംഗ്രഹം: സീറത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് (റ) ഇർഫാനി, വാല്യം 3, പേജ് 312)*

*(ആശയസംഗ്രഹം: സീറത്ത് മസീഹ് മൗഊദ് (അ)ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് (റ) ഇർഫാനി, വാല്യം രണ്ട്, പേജ് 290)*

*(ഫീറോസുൽ-ലുഗാത്ത്, പേജ് 52)*

ഹദ്റത്ത് ബഷീർ ഭട്ടി സാഹിബിന്റെ മാതാവ് പ്രസ്താവിക്കുന്നു: ഒരിക്കൽ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അസ്സാനി ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് സാഹിബിന്റെ വിവാഹവേളയിൽ, ഒരു പാണ സ്ത്രീ മൃദംഗവുമായി ഹുസൂറിന്റെ വീട്ടിൽ വരുകയും അത് വായിക്കാൻ തുടങ്ങുകയും ചെയ്തു. വിവാഹാവസരം ആയതുകൊണ്ട് എന്തെങ്കിലും ലഭിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. അവിടെ സാധാരണയായി അതൊരു രീതിയാണ്. ഹുസൂർ മൃദംഗത്തിന്റെ ശബ്ദം കേട്ടപ്പോൾ ഉടൻ തന്നെ അങ്ങോട്ട് ശ്രദ്ധിക്കുകയും, ഇത് വായിക്കരുത് എന്ന് പറയണമെന്നും അത് നിർത്തണമെന്നും, അവൾ ചോദിക്കുന്നതെന്താണോ അത് അവൾക്ക് നല്കണമെന്നും നിർദേശിച്ചു. അങ്ങനെ അവൾക്ക് നാലഞ്ച് രൂപ നല്കി. പിന്നെ അവൾ പറഞ്ഞു, തണുപ്പുകാലം വന്നിരിക്കുന്നു, എനിക്ക് തണുക്കുന്നുണ്ട്. അപ്പോൾ അവിടുന്ന് ഒരു പുതപ്പും അവൾക്ക് വാങ്ങി നല്കി, പക്ഷേ മൃദംഗം വായിക്കുന്നത് വിലക്കി.

*(ആശയസംഗ്രഹം: റിവായാത്ത് അസ്ഹാബ് അഹ്മദ്, വാല്യം 3, പേജ് 441)*

മിർസാ ബശീർ അഹ്മദ് സാഹിബ് പ്രസ്താവിക്കുന്നു: അദ്ദേഹത്തിന് പ്രത്യേക തരം വസ്ത്രങ്ങളോടൊന്നും തന്നെ താത്പര്യമില്ലായിരുന്നു എന്നാണ് ആദ്യമായി മനസ്സിലാക്കേണ്ടത്. അവസാന നാളുകളിലെ കുറച്ചു വർഷങ്ങളിൽ അദ്ദേഹത്തിന് ധാരാളം ലളിതമായ റെഡിമെയ്ഡ് വസ്ത്രങ്ങൾ സമ്മാനമായി ലഭിക്കാറുണ്ടായിരുന്നു. പ്രത്യേകിച്ച് കോട്ട്, വാസ്കോട്ട്, പാജാമ, കുപ്പായം തുടങ്ങിയവ. മിക്കവാറും ശൈഖ് റഹ്മത്തുള്ള സാഹിബ് ലാഹോറി എല്ലാ ചെറിയ പെരുന്നാൾ, ബക്രീദ് അവസരങ്ങളിലും കൂടെ കൊണ്ടുവരുന്നവയായിരുന്നു അദ്ദേഹം ഉപയോഗിക്കാറുണ്ടായിരുന്നത്. എങ്കിലും അവ കൂടാതെ ചിലപ്പോൾ അദ്ദേഹം സ്വന്തമായും തുന്നിക്കാറുണ്ടായിരുന്നു. തലപ്പാവ് മിക്കവാറും അദ്ദേഹം തന്നെ വാങ്ങി കെട്ടാറാണ് പതിവ്. വസ്ത്രങ്ങൾ ലഭിക്കുന്നതുപോലെ തന്നെ അവ ചെലവാകുകയും ചെയ്തിരുന്നു: അതായത് എല്ലായ്പ്പോഴും തബറുക്കായി(ഐശ്വര്യത്തിനു വേണ്ടി) ആളുകൾ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ചിലപ്പോൾ അവസ്ഥ എന്തായിരുന്നുവെന്നാൽ അദ്ദേഹം ഒരു വസ്ത്രം തബറുക്കായി നല്കിയാൽ ഉടനെ മറ്റൊന്ന് തുന്നി ധരിക്കേണ്ടി വന്നിരുന്നു. ചില ബുദ്ധിമാന്മാർ സ്വന്തം ഒരു വസ്ത്രം അയച്ചു കൊടുക്കുകയും കൂടെ ഹുസൂർ സ്വന്തം ഉപയോഗിച്ച വസ്ത്രം തബറുക്കായി നല്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുമായിരുന്നു.

*(സീറത്തുൽ മഹ്ദി, വാല്യം 1, ഭാഗം 2, പേജ് 416, റിവായത്ത് 447)*

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് എഴുതുന്നു, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാത്തു വസ്സലാം എന്നോട് പറഞ്ഞു: എന്റെ അടുക്കൽ ഒരു ചെറിയ ഹമാഇൽ അഥവാ ചെറിയ ഖുർആൻ ഉണ്ടായിരുന്നു. അതിലെ ലിപി വളരെ വ്യക്തവുമായിരുന്നു, എനിക്ക് അത് വളരെ ഇഷ്ടമായിരുന്നു. എന്നാൽ ഒരാൾ അത് ചോദിച്ചപ്പോൾ, അയാളുടെ അപേക്ഷ തള്ളാതെ ഞാൻ അത് അയാൾക്ക് നല്കി.

*(ദിക്റെ ഹബീബ്, ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ), പേജ് 138)*

ഖാദിയാനിലെ പോസ്റ്റ് ഓഫീസിലെ പോസ്റ്റ്മാനായ ഹദ്റത്ത് ഖുറൈശി ശൈഖ് മുഹമ്മദ് സാഹിബ് പറയുന്നു: ഒരിക്കൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദിന്റെ സന്നിധിയിൽ വിതരണത്തിനായി ധാരാളം മണി ഓർഡറുകളുമായി ചെന്നു. ആ തുക ഹുസൂർ (അ)ന് വിതരണം ചെയ്തശേഷം ഞാൻ നഗരത്തിൽ ഡെലിവറി ജോലി തുടർന്നു. നാലുമണിയോട് അടുത്ത് പോസ്റ്റ് ഓഫീസിൽ തിരിച്ചെത്തി പോസ്റ്റ് മാസ്റ്റർക്ക് വിതരണം ചെയ്ത മണി ഓർഡറുകൾ തിരികെ നല്കുമ്പോൾ, കണക്കുകൾ നോക്കിയപ്പോൾ മനസ്സിലായി, ഞാൻ അബദ്ധത്തിൽ ആറ് രൂപ അധികം വിതരണം ചെയ്തു എന്ന്. വലിയ ആശങ്കയുണ്ടായി. കാരണം ഹുസൂർ(അ)ന് വിതരണം ചെയ്ത തുക വലിയൊരു സംഖ്യയായിരുന്നു. അതുകൊണ്ട് പോസ്റ്റ് മാസ്റ്റർ, അദ്ദേഹത്തിന്റെ പേര് അല്ലാഹ് ദത്ത എന്നായിരുന്നു. അദ്ദേഹം പക്ഷപാതമുള്ള ഒരു അനഹ്മദിയായ വ്യക്തിയായിരുന്നു. അദ്ദേഹം പറഞ്ഞു: നീ ചെന്ന് മിർസാ സാഹിബിനോട് ചോദിക്കുന്നതാണ് നല്ലത്. ഹുസൂർ (അ)നെ വീണ്ടും ചെന്ന് ബുദ്ധിമുട്ടിക്കാൻ എന്റെ മനസ്സ് ആഗ്രഹിച്ചിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ നിരന്തരമായ നിർബന്ധം കാരണം ഞാൻ ഹുസൂർ (അ)ന്റെ സന്നിധിയിൽ എത്തി അപേക്ഷിച്ചു, ഹുസൂർ, ഇന്ന് ഞാൻ അബദ്ധത്തിൽ എവിടെയോ ആറ് രൂപ അധികം വിതരണം ചെയ്തു പോയി. ഹുസൂർ (അ) പറഞ്ഞു: മിയാൻ, എനിക്ക് എത്ര തുകയാണ് ലഭിച്ചതെന്ന് അറിഞ്ഞു കൂടാ. ഞാൻ ഇതിൽ നിന്ന് കുറച്ച് ചെലവാക്കുകയും ചെയ്തു. അതായത് ആളുകൾക്ക് നല്കി കഴിഞ്ഞു. എങ്കിലും സാരമില്ല. താങ്കൾ ഒരു പാവപ്പെട്ട മനുഷ്യനാണ്. ഞാൻ ഈ തുക താങ്കൾക്ക് നല്കുന്നു. എന്നാൽ ഭാവിയിൽ ശ്രദ്ധയോടെ ജോലി ചെയ്യണം. കാരണം താങ്കൾ പാവപ്പെട്ടവനാണ്. ഈ സംഭവത്തിൽ നിന്ന് ഹുസൂർ (അ)ന്റെ നല്ല സ്വഭാവം, ഉദാരത, ദരിദ്രരോടുള്ള കരുതൽ എന്നിവ മനസ്സിലാക്കാം.

*(റിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 5, പേജ് 337–338)*

ഹദ്റത്ത് മീർ മഹ്ദി ഹുസൈൻ സാഹിബ് പ്രസ്താവിക്കുന്നു, ഒരിക്കൽ മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് എന്നോട് ചശ്മയെ

മസീഹിന്റെ ഒരു പതിപ്പ് ആവശ്യപ്പെട്ടു. ഞാൻ പറഞ്ഞു: പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ സർക്കാർ ആവശ്യപ്പെടാറുള്ളതുകൊണ്ട് അത്രയും പതിപ്പുകൾ ഓഫീസിൽ ഉണ്ടായിരിക്കണമെന്ന് ഹദ്റത്ത് സാഹിബ് പറഞ്ഞിട്ടുണ്ട്. അതിനാൽ താങ്കൾക്ക് നല്കാൻ അധികമായി ഒരു പതിപ്പും ഇപ്പോൾ ഇല്ല. ഹദ്റത്ത് സാഹിബിന്റെ അനുവാദം വാങ്ങി എടുക്കാവുന്നതാണ്. അപ്പോൾ മൗലവി സാഹിബ് ഹുസൂർ (അ)ന്റെ സന്നിധിയിൽ എഴുതി. കത്തിന്റെ സംഗ്രഹം ഇതായിരുന്നു, ചശ്മയെ മസീഹിന്റെ ഇരുപത് പതിപ്പുകൾ മാത്രമേ ഓഫീസിൽ ബാക്കിയുള്ളു, എനിക്ക് ഒരു പതിപ്പ് ആവശ്യമുണ്ട്, കുഴപ്പമില്ലെങ്കിൽ ഒരു പതിപ്പ് എനിക്ക് നല്കണം. ഹുസൂർ അലൈഹിസ്സലാം പറഞ്ഞു: നിങ്ങൾ ഒരു പതിപ്പ് എടുത്തുകൊള്ളു. അങ്ങനെ അതിൽ തന്നെ കുറിപ്പെഴുതി ഒപ്പിട്ടു നല്കി.

*(ആശയസംഗ്രഹം: റിവായാത്ത് അസ്ഹാബെ അഹ്മദ്, വാള്യം 3, പേജ്:479)*

ഇവിടെ സ്വഹാബികളുടെ സത്യസന്ധതയും മനസ്സിലാക്കാം. എത്ര പതിപ്പുകളുണ്ട്, എനിക്ക് ആവശ്യമുണ്ട്, ഓഫീസ് ഇങ്ങനെയാണ് പറയുന്നത്, എന്നൊക്കെ പറഞ്ഞിട്ടും എന്നാൽ അനുവാദമുണ്ടെങ്കിൽ ലഭിക്കുമെന്ന് അവർ അറിയിച്ചു. ഇതായിരുന്നു അവരുടെ സത്യസന്ധത. ഹുസൂർ (അ)ന്റെ ഔദാര്യവും ഇവിടെ വെളിപ്പെടുന്നു, എങ്കിലും എപ്പോഴെങ്കിലും ആവശ്യം വരാമെന്ന് കരുതി റിസർവ് വച്ചതായിരുന്നു. പക്ഷേ ആവശ്യക്കാരന് അദ്ദേഹം കൊടുക്കാതിരുന്നില്ല.

ഹദ്റത്ത് അഖ്ദസിന്റെ അടുക്കൽ ചിലപ്പോൾ പണ്ഡിറ്റ് മോഹൻ ലാൽ, അദ്ദേഹം അന്ന് ഒരു ബുദ്ധിമാനായ യുവാവായിരുന്നു. ലേഖ്റാം സാഹിബിന്റെ എന്തെങ്കിലും കുറിപ്പുകളുമായി പോകാറുണ്ടായിരുന്നു. ഹദ്റത്ത് അഖ്ദസിന്റെ കുടുംബവുമായി പണ്ഡിറ്റ് മോഹൻ ലാലിന്റെ കുടുംബത്തിന് പഴയ ബന്ധമുണ്ടായിരുന്നു. ഹദ്റത്ത് അഖ്ദസ് പണ്ഡിറ്റ് മോഹൻ ലാൽ സാഹിബിനും അദ്ദേഹം പോകുമ്പോൾ വെറും കൈയോടെ വിടില്ലായിരുന്നു. എന്തെങ്കിലും സമ്മാനം നിർബന്ധമായും നല്കുമായിരുന്നു. പഴങ്ങളോ അല്ലെങ്കിൽ ആ കാലത്ത് വളരെ വിശിഷ്ടമായി കണക്കാക്കപ്പെട്ടിരുന്ന വളരെ നല്ല ശർക്കരയോ ആയിരിക്കും പ്രത്യേക സമ്മാനമായി നല്കിയിരുന്നത്. പണ്ഡിറ്റ് മോഹൻ ലാലിന്, അദ്ദേഹത്തിന്റെ കുടുംബവുമായി എനിക്കും സൗഹൃദ ബന്ധമുണ്ടായിരുന്നു, അവരുടെ പിതാവിന്റെ കാലം മുതൽ തുടങ്ങിയതാണ്, എന്ന് ശൈഖ് യഅ്ഖൂബ് അലി സാഹിബ് പറയുന്നു. അക്കാലത്തെ സംഭവങ്ങൾ എന്നോട് ആവർത്തിക്കുമ്പോൾ അദ്ദേഹം എപ്പോഴും പറയാറുണ്ടായിരുന്നു. **ഹദ്റത്ത് സാഹിബ് വലിയ ദയ കാണിക്കാറുണ്ടായിരുന്നു, എപ്പോഴും ചിരിച്ചുകൊണ്ട് കാണുമായിരുന്നു. ഒരിക്കലും വെറും കൈയോടെ മടങ്ങാൻ സമ്മതിക്കില്ലായിരുന്നു.**

ഒരിക്കൽ ഹദ്റത്ത് സാഹിബ് എനിക്ക് വളരെ നല്ല ആപ്പിളുകൾ നല്കി. ഞാൻ അത് കൊണ്ടുപോയപ്പോൾ പണ്ഡിറ്റ് ലേഖ്റാമും പതിവായി ഞാൻ തിരിച്ചെത്തുമ്പോൾ നിർബന്ധമായും ചോദിക്കും: എന്താണ് കൊണ്ടുവന്നത്? ഞാൻ പറഞ്ഞു: ആപ്പിൾ കൊണ്ടുവന്നിട്ടുണ്ട്. അപ്പോൾ അത് അത്യാഗ്രഹത്തോടെ നോക്കിക്കൊണ്ട് പറഞ്ഞു, ഇങ്ങ് തരൂ, ഞാൻ കൂടി കഴിക്കട്ടെ. പണ്ഡിറ്റ് മോഹൻ ലാൽ പറയുന്നു, ഞാൻ ചിരിച്ചുകൊണ്ട് അദ്ദേഹത്തോട് പറഞ്ഞു: ശത്രുവിന്റെ വീട്ടിലെ സാധനം നിങ്ങൾ കഴിക്കാൻ പാടില്ല. നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വലിയ ശത്രുവാണല്ലോ, മോശമായി സംസാരിക്കാറുമുണ്ടല്ലോ, പിന്നെയെന്തിനാണ് നിങ്ങൾ അദ്ദേഹത്തിന്റെ വീട്ടിലെ സാധനം ചോദിക്കുന്നത്? അപ്പോൾ അദ്ദേഹം പെട്ടെന്ന് എന്റെ കയ്യിൽ നിന്ന് ആപ്പിൾ പിടിച്ചുവാങ്ങി കഴിക്കാൻ തുടങ്ങി. തട്ടിപ്പറിച്ച് വാങ്ങി കഴിക്കാൻ തുടങ്ങി. ചുരുക്കത്തിൽ, **എപ്പോഴും ഹദ്റത്ത് സാഹിബിൽ നിന്ന് സ്നേഹവും ദയയും മാത്രമേ കണ്ടിട്ടുള്ളൂ എന്ന് അദ്ദേഹം പറയുന്നു.**

*(ആശയസംഗ്രഹം: ഹയാത്തെ അഹ്മദ് (അ) യഅ്ഖൂബ് അലി ഇർഫാനി സാഹിബ് (റ), വാള്യം 2, ഭാഗം രണ്ട്, പേജ് 186, 187)*

ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് പ്രസ്താവിക്കുന്നു: ഹുസൂർ (അ)ന്റെ അടുക്കൽ കസ്തൂരി ഉണ്ടായിരുന്നു. ഒരിക്കൽ ഞാൻ സൂചിപ്പിച്ചു, ഹുസൂർ അൻവർ എനിക്ക് കസ്തൂരി വേണമെന്ന്. ഹുസൂർ അൻവർ തന്റെ ചെറിയ പെട്ടി എന്റെ മുന്നിൽ വച്ചുതന്നു, അതിൽ നിന്ന് എത്ര വേണമെങ്കിലും എടുത്തുകൊള്ളാൻ പറഞ്ഞു. ഞാൻ അതിൽ നിന്ന് അല്പം എടുത്തു. അപ്പോൾ പുഞ്ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: ഇത് ഒന്നുമായില്ലല്ലോ. എന്നിട്ട് ഒന്നൊന്നര തോലയോളം കസ്തൂരി ഹുസൂർ (അ) തന്നെ എനിക്ക് നല്കി.

*(അസ്ഹാബ് അഹ്മദ്, വാള്യം 4, പേജ് 213)*

കസ്തൂരി വളരെ വിലപിടിപ്പുള്ള വസ്തുവാണ്, ഇന്നും അത് വിലപിടിപ്പുള്ളതാണ്, മരുന്നുകളിലും മറ്റും അത് ഉപയോഗിക്കാറുണ്ട്. എന്നാൽ **ഒരു വസ്തു വിലപിടിപ്പുള്ളതാണെന്നതിൽ ഹുസൂർ (അ)ന് താല്പര്യമുണ്ടായിരുന്നില്ല. സ്വന്തം സ്വഭാവത്തിന്റെ ഔന്നത്യം കാണിക്കുകയായിരുന്നു അവിടുന്ന് ചെയ്തത്.**

**സുഹൃത്തുക്കളോടുള്ള അനുകമ്പയും ദാനശീലവും വെളിപ്പെടുത്തുന്ന ഒരു സംഭവം** ഹകീം മുഫ്തി ഫസലുർറഹ്മാൻ സാഹിബ് പ്രസ്താവിക്കുന്നു: എന്റെ ഭാര്യ ഒരു കുട്ടിയെ പ്രസവിച്ചു. ഏഴാം ദിവസം മഗ്രിബിന് ശേഷം അവൾക്ക് ചുഴലിയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ആ ദിവസങ്ങളിൽ ഈ രോഗം പടർന്നിരുന്നതിനാൽ അക്കാര്യത്തിൽ വലിയ ശ്രദ്ധയുണ്ടായിരുന്നു. മഗ്രിബിന് ശേഷം ഞാൻ വേഗത്തിൽ ഹദ്റത്ത് സാഹിബിന്റെ സന്നിധിയിൽ ചെന്ന്, എന്റെ ഭാര്യയുടെ അവസ്ഥ ഇതാണെന്ന് ബോധിപ്പിച്ചു. അദ്ദേഹം പറഞ്ഞു, ഇത് വളരെ അപകടകരമായ രോഗത്തിന്റെ തുടക്കമാണ്. താങ്കൾ ഉടൻ തന്നെ അവൾക്ക് പത്ത് റത്തി(ഗ്രാം) കായം കൊടുക്കുക. കായം എന്ന മരുന്ന് നിർദേശിച്ചു, എന്നിട്ട് ഒന്നൊന്നര മണിക്കൂറിന് ശേഷം എന്നോട് വിവരം പറയുക. ഞാൻ ഇശാ നമസ്കാരത്തിന് ശേഷം വീണ്ടും ഹാജറായി, രോഗം വർദ്ധിച്ചു എന്ന് ബോധിപ്പിച്ചു. കുറയുന്നതിന് പകരം രോഗം കൂടി. അപ്പോൾ അവിടുന്ന് പറഞ്ഞു: പത്ത് ഗ്രാം ക്വിനൈൻ(ജ്വരഹരി) കൊടുക്കുക. ഒരു മണിക്കൂറിന് ശേഷം വീണ്ടും എന്നോട് വിവരം പറയുക. ഞാൻ ഉറങ്ങിപ്പോയി എന്ന് കരുതേണ്ട. മടിക്കാതെ പുരുഷന്മാർ കയറുന്ന പടികളിൽ നിന്ന് വിളിക്കണം. ഒരു മണിക്കൂറിന് ശേഷം ഞാൻ വീണ്ടും ചെന്ന്, യാതൊരു ആശ്വാസവും ലഭിച്ചില്ല എന്ന് ബോധിപ്പിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: പത്ത് റത്തി കസ്തൂരി കൊടുക്കുക. ഞാൻ പറഞ്ഞു, ഹുസൂർ, ഈ സമയത്ത് ഞാൻ എവിടെ നിന്ന് കസ്തൂരി കൊണ്ടുവരാനാണ്? ഹുസൂർ (അ) ഒരു പിടി കസ്തൂരി എടുത്തു കൊണ്ടുവന്നു പറഞ്ഞു: ഇത് പത്ത് ഗ്രാം കാണും. ഞാൻ പറഞ്ഞു: ഹുസൂർ, ഇത് കൂടുതലാണ്. അവിടുന്ന് പറഞ്ഞു: എടുത്തോളൂ, പിന്നീട് ഉപകരിക്കും. ഞാൻ അത് വാങ്ങി പത്ത് ഗ്രാം രോഗിണിക്ക് നല്കി. ഒരു മണിക്കൂറിന് ശേഷം വീണ്ടും ചെന്ന്, രോഗം വളരെ വർദ്ധിച്ചു എന്ന് ബോധിപ്പിച്ചു. അവിടുന്ന് പറഞ്ഞു: ഇപ്പോൾ പത്ത് തോല കാസ്റ്റർ ഓയിൽ നല്കുക. വിവിധ മരുന്നുകൾ മാറ്റിക്കൊണ്ടിരുന്നു. ഞാൻ വന്ന് പത്ത് തോല കാസ്റ്റർ ഓയിൽ നല്കി. അതിനുശേഷം അവൾക്ക് കഠിനമായ ഛർദ്ദിയുണ്ടായി. ഈ രോഗത്തിൽ ഛർദ്ദി അവസാന ഘട്ടമാണ്. ഛർദ്ദിച്ചതിന് ശേഷം അവളുടെ ശ്വാസം മുട്ടി. കഴുത്ത് പിന്നിലേക്ക് വലിഞ്ഞു. കണ്ണുകളിൽ ഇരുട്ട് കയറി. നാക്ക് കുടുങ്ങി. ഞാൻ വീണ്ടും ഓടി പടികൾ കയറി. ഹുസൂർ എന്റെ ശബ്ദം കേട്ട് വാതിൽ തുറന്ന് ചോദിച്ചു: എന്ത് പറ്റി, എല്ലാം സുഖമല്ലേ? ഞാൻ ബോധിപ്പിച്ചു, ഇപ്പോൾ അവസ്ഥ വളരെ സങ്കീർണ്ണമായിരിക്കുന്നു. ശ്വാസം മുട്ടിയിരിക്കുന്നു, കഴുത്ത് വലിഞ്ഞിരിക്കുന്നു, ഇത് മസ്തിഷ്ക രോഗത്തിന്റെ (meningitis) അവസ്ഥയാണ്. കണ്ണുകളിൽ വെളിച്ചമില്ല, നാക്ക് കുടുങ്ങിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാത്തു വസ്സലാം പറഞ്ഞു, **ലോകത്തുള്ള എല്ലാ ആയുധങ്ങളും നമ്മൾ ഉപയോഗിച്ചു കഴിഞ്ഞു. ഇനി ഒരു ആയുധമേ ബാക്കിയുള്ളൂ, അത് പ്രാർ**

• ഹദീഥുന്നബ്വി ﷺ •

**"അക്രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്വി ﷺ •

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

ഥനയാണ്. താങ്കൾ പോകൂ, അവർക്ക് സുഖം ലഭിക്കുന്നത് വരെ ഞാൻ സുജൂദിൽ നിന്ന് തല ഉയർത്തില്ല. എന്ത് വാത്സല്യമാണെന്ന് നോക്കുക!** അപ്പോൾ ഞാൻ ഇത് കേട്ട് തിരികെ മടങ്ങി. ഭാര്യയോട് പറഞ്ഞു: ഇനി നിനക്ക് എന്തിന്റെ ഉത്കണ്ഠയാണ്? ഇനി ഇക്കാര്യം മേലുദ്യോഗസ്ഥൻ (ഹുസൂർ) നേരിട്ട് ഏറ്റെടുത്തിരിക്കുന്നു. ആ സമയം രാത്രി രണ്ട് മണിയായിരുന്നു. ഞാൻ വീട്ടിലെത്തി. രോഗിയെ ആ അവസ്ഥയിൽ ഉപേക്ഷിച്ച് മറ്റൊരു മുറിയിൽ കട്ടിലിൽ കിടന്നുറങ്ങി,. കാരണം ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാത്തു വസ്സലാം പ്രാർഥിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. പിന്നെ എനിക്ക് എന്ത് ജോലി? രാവിലെ എന്തോ പാത്രം അനങ്ങുന്ന ശബ്ദം കേട്ട് ഞാൻ ഉണർന്നു. നോക്കുമ്പോൾ എന്റെ ഭാര്യ കട്ടിലിന്റെ ചുവട്ടിൽ ചില പാത്രങ്ങൾ അടുക്കി വെക്കുന്നുണ്ടായിരുന്നു. ഞാൻ ചോദിച്ചു, എങ്ങനെയുണ്ട്? അവൾ പറഞ്ഞു: താങ്കൾ ഉറങ്ങുകയായിരുന്നു, രണ്ട് മണിക്കൂറിന് ശേഷം അല്ലാഹു എനിക്ക് മേൽ അനുഗ്രഹം ചെയ്തു. അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ.

*(ആശയസംഗ്രഹം: സീറത്ത് അഹ്മദ് (അ) ഖുദ്റത്തുല്ലാഹ് സന്നോരി സാഹിബ്, പേജ് 170-172)*

**ഈ സംഭവത്തിൽ നിന്ന് സുഹൃത്തുക്കളോടുള്ള സഹതാപവും ദാനശീലവും എന്നീ രണ്ട് കാര്യങ്ങളുടെയും ഉന്നതമായ നിലവാരം മനസ്സിലാക്കാം.**

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് എഴുതുന്നു, ഖാദിയാനിൽ നിഹാൽ സിംഗ് എന്ന് പേരുള്ള ഒരു ബുദ്ധിശൂന്യനായ ജട്ട് ഉണ്ടായിരുന്നു. തന്റെ യൗവനകാലത്ത് അവൻ സൈന്യത്തിൽ ഉദ്യോഗസ്ഥനായിരുന്നു, പെൻഷൻ ലഭിക്കാറുമുണ്ടായിരുന്നു. അവന്റെ വീട് ജനാബ് ഖാൻ ബഹാദൂർ മിർസാ സുൽത്താൻ അഹ്മദ് സാഹിബിന്റെ ദിവാൻഖാനയോട് ചേർന്ന്, മതിലിനോട് ചേർന്നാണ് സ്ഥിതി ചെയ്തിരുന്നത്. ഈ പ്രസ്ഥാനത്തിന്റെ വലിയ ശത്രുവായിരുന്നു അവൻ. അവന്റെ പ്രകോപനത്താലാണ് ഹദ്റത്ത് ഹകീമുൽ ഉമ്മത്ത് ഹദ്റത്ത് ഖലീഫ നൂറുദ്ദീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ, മറ്റ് ചില അഹ്മദികൾ എന്നിവർക്കെതിരെ അപകടകരമായ ഒരു വ്യാജ ക്രിമിനൽ കേസ് ഫയൽ ചെയ്യപ്പെട്ടത്. എപ്പോഴും അവൻ മറ്റ് ആളുകളുമായി ചേർന്ന് അഹമദികളെ ബുദ്ധിമുട്ടിക്കാറുണ്ടായിരുന്നു. അസഭ്യം പറയുക എന്നത് പതിവായിരുന്നു. ഈ കേസുകൾ നടന്നുകൊണ്ടിരിക്കുന്ന ദിവസങ്ങളിൽ തന്നെ അവന്റെ സഹോദരപുത്രൻ സാന്താ സിംഗിന്റെ ഭാര്യക്ക് കസ്തൂരിയുടെ ആവശ്യം വന്നു. മറ്റൊരു സ്ഥലത്തും കസ്തൂരി ലഭിക്കാനില്ലായിരുന്നു എന്ന് മാത്രമല്ല, ഇതൊരു വളരെ വിലപിടിപ്പുള്ള വസ്തുവുമായിരുന്നു. ആ അവസ്ഥയിൽ അവൻ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ വാതിൽക്കൽ ചെന്ന് കസ്തൂരി ചോദിച്ചു. ശത്രുവായിരുന്ന ആ വ്യക്തി വിളിച്ചപ്പോൾ തന്നെ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഉടൻ പുറത്തു വന്നു. അവനെ ഒട്ടും കാത്തുനിർത്തിയില്ല. അവന്റെ ആവശ്യം കേട്ട ഉടൻ തന്നെ അവിടുന്ന് ഉള്ളിലേക്ക് പോയി പറഞ്ഞു, നിൽക്കൂ, ഞാൻ ഇപ്പോൾ കൊണ്ടുവരാം. അങ്ങനെ അവിടുന്ന് അര തോലയോളം കസ്തൂരി കൊണ്ടുവന്ന് അവന്റെ കൈവശം നല്കി.

*(സീറത്ത് മസീഹ് മൗഊദ് (അ), ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് (റ) ഇർഫാനി, വാല്യം 2, പേജ് 295,296) (ഫീറോസുൽ-ലുഗാത്ത്, പേജ് 175)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് എഴുതുന്നു: ഈ നാട്ടിൽ പ്ലേഗ് പടർന്നപ്പോൾ അല്ലാഹുവിന്റെ പക്കൽ നിന്നുള്ള വെളിപാടിന്റെയും അറിവിന്റെയും അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഒരു മരുന്ന് തയ്യാറാക്കാൻ തുടങ്ങി. ഹുസൂർ അതിന് തിര്യാഖെ ഇലാഹി എന്ന് പേരിട്ടു. ആ മരുന്നിന് നിശ്ചയിച്ച ഒരു ചേരുവയില്ലായിരുന്നു. മറിച്ച് ദിവ്യവെളിപാട് പ്രകാരം ഓരോ ഘടകങ്ങളും അദ്ദേഹം ശേഖരിക്കുകയായിരുന്നു. വൈദ്യശാസ്ത്രത്തിലെ സാധാരണ തത്വങ്ങളെ അദ്ദേഹം പരിഗണിച്ചിരുന്നില്ല. ചേരുവകളുടെ തൂക്കവും അളവും ആ ദൈവികമായ അറിവിന്റെ അടിസ്ഥാനത്തിൽ തന്നെയായിരുന്നു. എങ്ങനെയാണോ ലഭിച്ചത്. അത്രയും അദ്ദേഹം ചേർത്തുകൊണ്ടിരുന്നു. ഈ മരുന്നിൽ ആയിരക്കണക്കിന് രൂപയുടെ രത്നങ്ങളും വിലപിടിപ്പുള്ള ധാരാളം മരുന്നുകളും ചേർത്തിരുന്നു. **ഈ മരുന്ന് തയ്യാറായപ്പോൾ ഹുസൂർ വളരെ ഉദാരമായി അത് വിതരണം ചെയ്തു. ആരിൽ നിന്നും ഒരു തരി പോലും, അതായത് ഒരു അണു പോലും സ്വീകരിച്ചില്ല. മറിച്ച് പുറത്തുനിന്ന് ആവശ്യപ്പെട്ടവർക്ക് സ്വന്തം ചെലവിൽ തന്നെ രജിസ്റ്റേർഡ് പാർസലായി അയച്ചുകൊടുക്കുകയും ചെയ്തിരുന്നു.**

ഡോക്ടർ സാദിഖ് സാഹിബ് ഒരിക്കൽ പ്രസ്താവിച്ചു: ഒരാൾ രണ്ടു മൂന്ന് മാഷ(തൂക്കം) തിര്യാഖ് ആവശ്യപ്പെട്ടപ്പോൾ, അവിടുന്ന് ധാരാളം അളവിൽ അത് ചെറിയ പെട്ടികളിലാക്കി രജിസ്റ്റർ ചെയ്ത് അയച്ചുകൊടുത്തു. ഇർഫാനി സാഹിബ് തന്നെ എഴുതുന്നു: ഞാനും ആവശ്യപ്പെട്ടപ്പോൾ വളരെ വലിയൊരു അളവ് എനിക്ക് നല്കി. തിര്യാഖിന്റെ കാര്യത്തിൽ മാത്രമല്ല ഹുസൂർ (അ)ന്റെ ഈ രീതി, മരുന്നുകളുടെ കാര്യത്തിൽ ഹുസൂർ (അ)ന്റെ മാതൃക ഇതായിരുന്നു, ചിലപ്പോൾ മുഴുവൻ കുപ്പിയും നല്കിയിരുന്നു. ചിലപ്പോൾ ഏറ്റവും വിലപിടിപ്പുള്ളതും ഉന്നത നിലവാരമുള്ളതുമായ കസ്തൂരി തന്റെ കടുത്ത ശത്രുക്കൾക്ക് പോലും നല്കിയിട്ടുണ്ട്. അതിന്റെ ഒരു സംഭവം നേരത്തെ പരാമർശിച്ചിട്ടുണ്ട്.

*(ആശയസംഗ്രഹം: സീറത്ത് മസീഹ് മൗഊദ് (അ), ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് (റ) ഇർഫാനി, ഭാഗം 2, പേജ് 309, 310)*

ഹദ്റത്ത് ശൈഖ് മുഹമ്മദ് നസീം സാഹിബ് പ്രസ്താവിക്കുന്നു: ഒരിക്കൽ ഞങ്ങൾക്ക് കസ്തൂരിയുടെ ആവശ്യം വന്നു. ഖാദിയാനിൽ ആ ദിവസങ്ങളിൽ അത് ലഭിക്കുക അസാധ്യമായിരുന്നു. ഹുസൂർ (അ)ന്റെ സന്നിധിയിൽ അപേക്ഷിച്ചു, **അദ്ദേഹം ആവശ്യത്തിലധികം കനിഞ്ഞരുളി.**

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 5, പേജ് 446)*

മുൻശി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി പ്രസ്താവിക്കുന്നു: ഒരു സുഹൃത്ത് കഠിനമായി അധ്വാനിച്ചും ധാരാളം പണം ചെലവഴിച്ചും ഒരാളിൽ നിന്ന് ഒരു ഔഷധക്കൂട്ട് നിർമ്മാണ രീതി കൈക്കലാക്കി. അത് ഉണ്ടാക്കി ഹുസൂർ (അ)ന്റെ സന്നിധിയിൽ സമർപ്പിക്കുകയും ആ നിർമ്മാണ രീതിയും അവിടെ നല്കുകയും ചെയ്തു. മറ്റൊരു സുഹൃത്ത് എന്നോട് പറഞ്ഞു, ആ നിർമ്മാണ രീതി ഒന്ന് കൈക്കലാക്കി തരണമെന്ന്, എന്നാൽ ആ സുഹൃത്ത് അത് ആരോടും പറയാറില്ലായിരുന്നു. ഞാൻ ഹുസൂർ (അ)ന്റെ സന്നിധിയിൽ ചെന്ന് അപേക്ഷിച്ചു, ഇന്ന സുഹൃത്ത് ഒരു ഔഷധക്കൂട്ട് അങ്ങേക്ക് നല്കിയിട്ടുണ്ടല്ലോ. അദ്ദേഹം പറഞ്ഞു, ആ കുപ്പി അവിടെ ഇരിപ്പുണ്ട്, അതങ്ങ് എടുത്തോളൂ. ഞാൻ ചോദിച്ചു, അതിന്റെ നിർമ്മാണ രീതി? ഹുസൂർ (അ) പറഞ്ഞു, അതും അവിടെ അതിനോടൊപ്പം തന്നെയുണ്ട്. അങ്ങനെ ഞാൻ ആ ഔഷധക്കൂട്ടും നിർമ്മാണ രീതിയും കൂടെ എടുത്ത് വരികയും, ആ സുഹൃത്തിനെ കാണിച്ച് പറയുകയും ചെയ്തു, നോക്കൂ, നീ പറഞ്ഞിരുന്നില്ല, ഞാൻ അത് കൊണ്ടുവന്നിരിക്കുന്നു, ഇതാ ഇതാണ്. അദ്ദേഹം ഹുസൂർ (അ)ന്റെ സന്നിധിയിൽ ചെന്ന് ചോദിച്ചു, അദ്ദേഹം അത് കൊടുത്ത് കളഞ്ഞോ? അദ്ദേഹം പറഞ്ഞു: അദ്ദേഹം കൊണ്ടുപോയി. ചോദിക്കാൻ വന്നതായിരുന്നു, നാം കൊടുത്തു. പിന്നീട് ഹുസൂർ (അ) എന്നോട് ഇതും പറയുകയുണ്ടായി, മിർസാ സാഹിബ്, അതായത് ഹുസൂർ (അ)ന്റെ പിതാവ് മർഹൂമിന്റെ ഒരു കുറിപ്പുപുസ്തകം നമ്മുടെ പക്കലുണ്ട്. നിനക്ക് നിർമ്മാണ രീതികൾ വേണമല്ലോ, അതിനാൽ താങ്കളുടെ പിതാവിന്റെ ആ കുറിപ്പുപുസ്തകം ഞാൻ താങ്കൾക്ക് നല്കാം, അതിൽ വളരെ മികച്ച രീതികളുണ്ട്, അതും എടുത്തോളൂ. പിന്നീട്, ഹുസൂർ (അ) അത് നല്കാൻ ആഗ്രഹിച്ചിരുന്നുവെങ്കിലും എനിക്ക് ആ കുറിപ്പുപുസ്തകം വാങ്ങാൻ സാധിച്ചില്ല.

*(അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 214,215 )*

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് തന്റെ കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാത്തു വസ്സലാമിന്റെ സന്നിധിയിൽ എഴുതുന്നു: ഗർഭകാലം ആയതുകൊണ്ട് കുറച്ചു ദിവസങ്ങളായി എന്റെ വീട്ടിൽ വലിയ പ്രയാസമാണ്. വീട്ടിൽ ഭക്ഷണം തയ്യാറാക്കാൻ സാധിക്കുന്നില്ല. തന്തൂരിൽ(റൊട്ടിയുണ്ടാക്കുന്ന സ്ഥലം) നിന്ന് റൊട്ടി വാങ്ങി കഴിക്കുന്നുണ്ടെങ്കിലും കറികൾക്ക് വലിയ ബുദ്ധിമുട്ടാണ്. അതിനാൽ കുറച്ചു ദിവസത്തേക്ക് ലങ്കറിൽ നിന്ന് കറിയും ഭക്ഷണവും ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു. ഇതിന് മറുപടിയായി ഹദ്റത്ത് അഖ്ദസ് അലൈഹിസ്സലാം ലങ്കറിന്റെ ചുമതലക്കാരനായ മിയാൻ നജ്മുദ്ദീൻ സാഹിബിനോട് മുഫ്തി സാഹിബിന് രണ്ട് നേരവും ലങ്കറിൽ നിന്ന് നല്ല കറികൾ നല്കണമെന്ന് നിർദ്ദേശിച്ചു. അതൊരു

**• ഹദീഥുന്നബവി ﷺ •**

"തഅല്ലമുൽയഖീന."
ദൃഢജ്ഞാനം ആർജിക്കുവിൻ.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

ഓർഡറായിരുന്നു.

*(ആശയസംഗ്രഹം: ദിക്‌റെ ഹബീബ്, ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ), പേജ് 281)*

ഹദ്റത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ് പ്രസ്താവിക്കുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാത്തു വസ്സലാം ഹദ്റത്ത് ഈസാ അലൈഹിസ്സലാമിന്റെ അവസ്ഥകളെക്കുറിച്ച് അന്വേഷിക്കാനായി നസീബിനിലേക്ക് ഒരു സംഘത്തെ അയക്കാൻ ഉദ്ദേശിച്ചു. അതിൽ മിർസാ ഖുദാബക്ഷ് സാഹിബും മൗലവി ഖുത്ബുദ്ദീൻ സാഹിബും ഉണ്ടായിരുന്നു. മൂന്നാമത്തെ അംഗം എന്റെ പിതാവ് മിയാൻ ജമാലുദ്ദീൻ സാഹിബായിരുന്നു എന്ന് അദ്ദേഹം പറയുന്നു. നറുക്കെടുപ്പിലൂടെയാണ് ഇവരെയെല്ലാം നിശ്ചയിച്ചത്. വസ്ത്രങ്ങളും മറ്റും തയ്യാറാക്കുന്നതിനായി ഹുസൂർ (അ) മൂന്ന് പേർക്കും അമ്പത് രൂപ വീതം നല്കി. തുടർന്ന് ഹുസൂർ (അ) ഒരു വിടവാങ്ങൽ യോഗം സംഘടിപ്പിച്ചു. ചില കാരണങ്ങളാൽ പിന്നീട് ഈ സംഘത്തിന്റെ യാത്ര തടസ്സപ്പെട്ടു. യാത്ര മുടങ്ങിയപ്പോൾ, എന്റെ പിതാവ് ആ അമ്പത് രൂപ ഹുസൂർ (അ)ന്റെ സന്നിധിയിൽ തിരികെ സമർപ്പിച്ചു. ഹുസൂർ (അ) പറഞ്ഞു, **നമ്മൾ ഒരാൾക്ക് എന്തെങ്കിലും നല്കിയാൽ അത് പിന്നെ തിരിച്ചു വാങ്ങാറില്ല.** പിതാവ് വീട്ടിൽ തിരിച്ചെത്തിയപ്പോൾ ഈ സംഭവം എന്നോടും വിവരിച്ചു.

*(ആശയസംഗ്രഹം: റിവായാത്ത് അസ്ഹാബെ അഹ്മദ്,വാള്യം 2, പേജ് 140)*

ഹദ്റത്ത് മലിക് ഗുലാം ഹുസൈൻ സാഹിബ് പ്രസ്താവിക്കുന്നു: ഇത് 1894 അല്ലെങ്കിൽ 1895 വർഷത്തിലെ ജൽസ സാലാനയെക്കുറിച്ചുള്ള കാര്യമാണ്. സയ്യിദ് ഹുസാമുദ്ദീൻ സാഹിബ് സിയാൽകോട്ടി ഭക്ഷണമുണ്ടാക്കാനും കഴിക്കാനും വലിയ താത്പര്യമുള്ള ആളായിരുന്നു. അന്ന് അദ്ദേഹം ജൽസയിൽ പങ്കെടുക്കാൻ വന്നിരുന്നു. അദ്ദേഹം ഹുസൂർ (അ)ന്റെ സന്നിധിയിൽ ശബ് ദേഗിനെക്കുറിച്ച് വല്ലാതെ പ്രശംസിച്ചു. അദ്ദേഹം പറഞ്ഞു, ഹുസൂർ, ശബ് ദേഗ് വളരെ രുചികരമായി പാകം ചെയ്യാറുണ്ട്. ശബ് ദേഗിൽ വിവിധയിനം മാംസങ്ങളും വ്യത്യസ്ത പഴങ്ങളും പച്ചക്കറികളുമൊക്കെ ചേർത്ത് രാത്രി മുഴുവൻ പാകം ചെയ്യും. ഹദ്റത്ത് സാഹിബ് എന്നെ വിളിച്ച് പറഞ്ഞു: ശാഹ് സാഹിബ് എന്ത് ആഗ്രഹിക്കുന്നുവോ, എത്ര സാധനങ്ങൾ വേണമെങ്കിലും അദ്ദേഹത്തിന് വേണ്ടി ഒരുക്കി നല്കുക. അങ്ങനെ മാംസം ഇവിടെ നിന്ന് ലഭിച്ചു, ഇവിടെ നിന്ന് വാങ്ങി. മധുരമുള്ളങ്കി ബട്ടാലയിൽ നിന്ന് വരുത്തിച്ചു. വൈകുന്നേരമായപ്പോൾ ഏകദേശം നാല് വലിയ ചെമ്പുകൾ അടുപ്പത്ത് വച്ചു. നല്ല പേരുള്ള കടയിൽ നിന്ന് രണ്ട് എൺപത് കിലോ അരിയും വാങ്ങി. പിറ്റേന്ന് രാവിലെ സയ്യിദ് ഹുസാമുദ്ദീൻ സാഹിബിന്റെ ആഗ്രഹമനുസരിച്ച് അതിഥികൾക്ക് ഭക്ഷണം വിളമ്പി.

*(ആശയസംഗ്രഹം: റിവായാത്ത് അസ്ഹാബെ അഹ്മദ്,വാള്യം 4, പേജ് 30)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പ്രസ്താവിക്കുന്നു: മുൻശി സഫർ അഹ്മദ് സാഹിബ് എനിക്ക് ഇപ്രകാരം എഴുതി നല്കിയിട്ടുണ്ട്. ഒരിക്കൽ ജൽസ സാലാനയുടെ അവസരത്തിൽ ചെലവിന് പണമില്ലാതെ വന്നു. ആ ദിവസങ്ങളിൽ ജൽസ സാലാനയ്ക്കായി പിരിവ് എടുക്കുന്ന രീതി ഉണ്ടായിരുന്നില്ല. അതായത് കൃത്യമായൊരു പിരിവ് സംവിധാനം ഇല്ലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം സ്വന്തം പക്കൽ നിന്ന് തന്നെയാണ് ചെലവ് നിർവഹിച്ചിരുന്നത്. ലങ്കറിന്റെ ചുമതലക്കാരനായിരുന്ന മീർ നാസിർ നവാബ് സാഹിബ് മർഹൂം വന്ന് ബോധിപ്പിച്ചു, രാത്രിയിൽ അതിഥികൾക്ക് യാതൊരു സാധനവുമില്ല, അതായത് ചെലവുകൾക്ക് വച്ചത് തീർന്നുപോയി, പണം തീർന്നു, ധാന്യങ്ങളും തീർന്നു. അതിഥികൾക്ക് ഭക്ഷണത്തിന് സാധനങ്ങളില്ല. അദ്ദേഹം പറഞ്ഞു, ബീബി സാഹിബയിൽ (ഭാര്യ) നിന്ന് എന്തെങ്കിലും ആഭരണം വാങ്ങി വിറ്റ് കാര്യങ്ങൾ നിർവഹിക്കൂ. അങ്ങനെ ആഭരണം വിൽക്കുകയോ പണയം വയ്ക്കുകയോ ചെയ്ത് മീർ സാഹിബ് പണം കൊണ്ടുവരുകയും അതിഥികൾക്കായി സാധനങ്ങൾ വാങ്ങി എത്തിക്കുകയും ചെയ്തു. രണ്ട് ദിവസത്തിന് ശേഷം വീണ്ടും രാത്രിയിൽ മിർ സാഹിബ് എന്റെ പക്കൽ വന്നു പറഞ്ഞു, നാളത്തേക്കും ഒന്നുമില്ല. ആ ആഭരണം വിറ്റത് കൊണ്ട രണ്ട് ദിവസം കഴിഞ്ഞുപോയി. ഇനി എന്ത് ചെയ്യും? അദ്ദേഹം പറഞ്ഞു, ബാഹ്യമായ കാരണങ്ങൾ പരിഗണിച്ച് നമ്മൾ ക്രമീകരണം നടത്തിയിരുന്നു. നമ്മുടെ പക്കലുണ്ടായിരുന്നത് നമ്മൾ നല്കി. ഇനി നമ്മുടെ ആവശ്യമില്ല. ആരുടെ അതിഥികളാണ് ഇവർ? അല്ലാഹുവിന്റെ പ്രീതിക്കായി വരുന്ന ആളുകളാണ്. അവർ അല്ലാഹുവിന്റെ അതിഥികളാണ്, അവൻ തന്നെ ഇനി സംവിധാനം ഒരുക്കിക്കൊള്ളും. പിറ്റേന്ന് രാവിലെ എട്ടു ഒൻപത് മണിയായപ്പോൾ പോസ്റ്റ്മാൻ വന്നപ്പോൾ ഹുസൂർ (അ) മീർ സാഹിബിനെയും എന്നെയും വിളിപ്പിച്ചു. പോസ്റ്റ്മാന്റെ കൈയിൽ പത്ത് പതിനഞ്ചോളം മണി ഓർഡറുകൾ ഉണ്ടായിരുന്നു, പലയിടങ്ങളിൽ നിന്നും വന്നത്. നൂറും അമ്പതും രൂപ വീതമുള്ളവ. അതിൽ എഴുതിയിരുന്നു, ഞങ്ങൾക്ക് നേരിട്ട് വരാൻ സാധിക്കാത്തതുകൊണ്ട് അതിഥികളുടെ ചെലവിനായി പണം അയക്കുന്നു. അത് അദ്ദേഹം കൈപ്പറ്റി അല്ലാഹുവിലുള്ള തവക്കുൽ (ഭരമേൽപ്പിക്കൽ)നെക്കുറിച്ച് പ്രസംഗിച്ചു. ആ സമയം അവിടെ മറ്റ് ആളുകളും ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: ഒരു ഭൗതിക വ്യാപാരി തന്റെ പെട്ടിയിൽ സൂക്ഷിച്ചിരിക്കുന്ന പണത്തിൽ ആശ്രയിക്കുന്നതുപോലെ, എപ്പോൾ വേണമെങ്കിലും എടുക്കാം എന്നതുപോലെ, അതിനേക്കാൾ ഉപരിയായി അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന ആളുകൾക്ക് അവനിൽ വിശ്വാസമുണ്ട്. അങ്ങനെ തന്നെയാണ് സംഭവിക്കാറ്, ആവശ്യം വരുമ്പോൾ ഉടൻ അല്ലാഹു അയച്ചുതരുന്നു.

*(ആശയസംഗ്രഹം: സീറത്തുൽ മഹ്ദി, വാള്യം 2, ഭാഗം 4, പേജ് 97-98, റിവായത്ത് 1124)*

അദ്ദേഹം അല്ലാഹുവിന്റെ അതിഥികളാണെന്ന് പറഞ്ഞപ്പോൾ തന്നെ, തീർച്ചയായും പ്രാർഥിക്കുകയും ചെയ്തിട്ടുണ്ടാകും. അദ്ദേഹത്തിന്റെ വിശ്വാസം പൂർണമായിരുന്നു. അല്ലാഹു ക്രമീകരണം നടത്തിക്കൊടുക്കുകയും ചെയ്തു.

ഹദ്റത്ത് മിയാൻ റഹ്മത്തുള്ള സാഹിബ് പ്രസ്താവിക്കുന്നു: ക്ഷാമവും പകർച്ചവ്യാധിയും ഒരുമിച്ച് വരുന്നു. എന്നിട്ടും ആളുകൾ പശ്ചാത്തപിക്കുന്നില്ല എന്ന് ഹുസൂർ (അ) പറയാറുണ്ടായിരുന്നു. വിശന്നു മരിക്കുന്ന അവസ്ഥ. ഇതിന്റെ മൂന്ന് വർഷത്തിന് ശേഷം നാട്ടിൽ കഠിനമായ പ്ലേഗ് പടർന്നു. ക്ഷാമത്തിന്റെ ദിവസങ്ങളിൽ ഹുസൂർ (അ) പറയാറുണ്ടായിരുന്നു, ഹദീസുകളിൽ ഇതിനെക്കുറിച്ച് പരാമർശമുണ്ട്, മസീഹ് മൗഊദിന്റെ കാലത്ത് ക്ഷാമം ഉണ്ടാകുമെന്ന് വന്നിട്ടുണ്ട്. നബി കരീം (സ) പറഞ്ഞതും അല്ലാഹു തആലയുടെ വാഗ്ദാനവും പുലർന്നു. മറുഭാഗത്ത്, ഹദ്റത്ത് ഖലീഫ അവ്വൽ (റ) സാഹിബിനോട് ധാന്യം കഴിയുന്നത്ര ശേഖരിക്കാൻ കൽപിച്ചു. ആ സമയത്ത് ലങ്കറിന്റെ ചുമതല ഹുസൂറിനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം തന്നെയായിരുന്നു ആ ചുമതല വഹിച്ചിരുന്നത്. ധാന്യങ്ങളുടെ കാര്യം, ക്ഷാമത്തിന്റെ ഭയവും ആശങ്കയും ഉണ്ടായിരുന്നതുകൊണ്ട്, സാധനങ്ങളുടെ ക്രമീകരണം ആദ്യം ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞു. ഉടൻ വാങ്ങാൻ ഹദ്റത്ത് ഖലീഫ അവ്വലിനെ ഈ ജോലി ഏൽപ്പിച്ചു. ഹുസൂർ(അ)ന്റെ കൽപനയാൽ മൗലവി സാഹിബ് ലങ്കർ ഖാനയിലേക്ക് എന്നിൽ നിന്ന് മുപ്പത് ചാക്ക് ധാന്യം വാങ്ങി. പിരിവ് കുറവായിരുന്നു. വീട്ടിലുണ്ടായിരുന്ന മുഴുവൻ ആഭരണങ്ങളും ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം വിറ്റു. ഗോതമ്പ് വാങ്ങാനായി ഏഴ്നൂറ് രൂപ മൗലവി സാഹിബിന് നല്കി. ആ കാലത്ത് എഴുന്നൂറ് രൂപ വലിയൊരു സംഖ്യയായിരുന്നു. ഹദ്റത്ത് മൗലവി സാഹിബ് മിയാൻ നജ്മുദ്ദീൻ സാഹിബ് മർഹൂമിനെ ഗ്രാമത്തിലേക്ക് ധാന്യം വാങ്ങാനായി അയച്ചു. മിർസാ ഇസ്മാഈൽ സാഹിബും കൂടെ പോയിരുന്നു. ധാന്യം വാങ്ങി. ഇന്ത്യയിലെ രാജസ്ഥാൻ സംസ്ഥാനത്തിലെ ബിക്കാനീറിൽ നിന്ന് ആളുകൾ അദ്ദേഹത്തിന്റെ ക്ഷാമം കാരണം നമ്മുടെ നാട്ടിലേക്ക് വന്നു. അവിടെ വലിയ ക്ഷാമമായിരുന്നു. എല്ലായിടത്തുനിന്നും വിശപ്പിന്റെ കരച്ചിലുകൾ കേൾക്കാറുണ്ടായിരുന്നു. ലങ്കറിൽ എപ്പോഴും ആട്ട കുഴച്ചുവെക്കണമെന്നും റൊട്ടി തയ്യാറായിരിക്കണമെന്നും ഹുസൂർ (അ) കൽപിച്ചു. റൊട്ടി ചോദിക്കുന്നവർക്ക് അത് നല്കണമെന്നും ആരും വെറും കൈയോടെ മടങ്ങരുതെന്നും മിയാൻ നജ്മുദ്ദീൻ സാഹിബിനോട് പറഞ്ഞു. കുറച്ചു ദിവസത്തിനുള്ളിൽ വാങ്ങിയ ധാന്യം തീർന്നുപോയി. അപ്പോൾ ഹുസൂർ (അ) പ്രസംഗിച്ചു, അതിലെ വാക്കുകൾ ഇതായിരുന്നു, ഇതൊരു താൽക്കാലിക കാര്യമാണ്, എപ്പോഴും ഇത്തരം ത്യാഗം ചെയ്യേണ്ടി വരില്ല. ഇത്തരം പ്രതിഫലവും ലഭിക്കാറില്ല. സത്യവിശ്വാസികൾക്ക് ഇത് പ്രത്യേക ദിവസങ്ങളാണ്. അല്ലാഹുവിന്റെ പ്രീതിക്കായി അല്ലാഹു സുഹൃത്തുക്കൾക്കുമേൽ അനുഗ്രഹം ചൊരിയട്ടെ. ഈ പ്രസംഗത്തിന് ശേഷം കുറച്ചു പണം പിരിഞ്ഞു കിട്ടി, പുറത്തുനിന്നും വന്നു. ധാന്യം വാങ്ങി. അങ്ങനെ ഈ ക്ഷാമ ദിവസങ്ങളിലും ലങ്കർ തുടർന്നുപോന്നു. വന്നിരുന്ന ആളുകൾക്ക് ഭക്ഷണം ഉടൻ നല്കിയിരുന്നു. ഹുസൂർ (അ) പറയാറുണ്ടായിരുന്നു, ഇന്ന പത്രത്തിൽ ഞാൻ കണ്ടു, ഇന്ന രാജ്യത്ത് ഇത്ര കുട്ടികൾ വിശന്നു മരിച്ചു, ഇത്ര ആളുകൾ മരിച്ചു. ധാന്യം ലഭിക്കുന്നില്ല എന്നത് അല്ലാഹു തആലയുടെ കഠിനമായ ശിക്ഷയും കോപവുമാണ്. അല്ലാഹുവേ കരുണ കാണിക്കണമേ എന്ന് പലതവണ അദ്ദേഹം പ്രാർത്ഥിക്കാറുണ്ടായിരുന്നു. കഠിനമായ ആശങ്കയോടെ മിയാൻ നജ്മുദ്ദീനോട് ചോദിക്കുകയും മൗലവി സാഹിബുമായി ധാന്യത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തിരുന്നു.

*(റിവായാത്ത് അസ്ഹാബെ അഹ്മദ്, വാള്യം 4, പേജ് 72-73)*

*(ബീകാനീർ: വിക്കീപീഡിയ)*

ഇന്നും ലോകത്തിലെ ചില രാജ്യങ്ങളിൽ ഇതേ അവസ്ഥയാണ്. വലിയ പ്രയാസമാണ്, ക്ഷാമമാണ്, ധാന്യം കിട്ടുന്നില്ല, അല്ലെങ്കിൽ വിലക്കൂടുതലാണ്, വാങ്ങാൻ സാധിക്കുന്നില്ല, ദാരിദ്ര്യവും വിശപ്പും കാരണം ആളുകൾ മരിക്കുന്നു. അല്ലാഹുവിന്റെ ഔദാര്യമെന്ന് പറയട്ടെ, വിവരങ്ങൾ ലഭിക്കുന്നിടത്തൊക്കെയും ജമാഅത്ത് അവർക്ക് സഹായത്തിനായി പണം അയക്കാറുണ്ട്, ആവശ്യങ്ങൾ നിറവേറ്റാറുണ്ട്. അതിൽ ആളുകളും അവരുടെ ഭാഗം ചേർക്കാറുണ്ട്. പാവപ്പെട്ടവർക്കും ക്ഷാമം ബാധിച്ചവർക്കും സഹായം നല്കാൻ ഇനിയും കൂടുതൽ പരിശ്രമിക്കാൻ അല്ലാഹു അവർക്ക് തൗഫീഖ് നല്കട്ടെ.

ഹദ്റത്ത് ഖാസി നൂർ മുഹമ്മദ് സാഹിബ് പ്രസ്താവിക്കുന്നു: ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അസ്സാനിയുടെ കാലഘട്ടത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. അദ്ദേഹം എന്റെ സഹപാഠിയായിരുന്നു. ദാറുൽ മസീഹിൽ രാത്രിയിൽ ഒരുമിച്ച് പഠിക്കാൻ അവസരം ലഭിക്കാറുണ്ടായിരുന്നു. ഹദ്റത്ത് മൗലവി ശേർ അലി സാഹിബ് പഠിപ്പിക്കാറുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം സ്ത്രീകൾക്ക് ഉപദേശം നല്കിയിരുന്നു. ആ സമയത്ത് ഉപദേശത്തിന്റെ ശബ്ദം ഞങ്ങളുടെ ചെവിയിൽ നന്നായി എത്തുമായിരുന്നു, എന്നാൽ ഖേദകരമെന്നു പറയട്ടെ, അതിൽ നിന്ന് ഒന്നും ഓർമ്മയില്ല. ലങ്കറിലേക്കുള്ള ആട്ട വാങ്ങാൻ സാധാരണയായി മുല്ലാ അഹ്മദ് നൂർ പോകാറുണ്ടായിരുന്നു. കഴുതപ്പുറത്ത് ആട്ട വരുമ്പോൾ, ആട്ടയുടെ ചാക്ക് എടുത്ത് ദാറുൽ മസീഹിൽ എത്തിക്കാൻ അല്ലാഹു എനിക്ക് അവസരം നല്കിയിരുന്നു. **ഹുസൂർ അലൈഹിസ്സലാമിനെ ഒരിക്കൽ ഞാൻ കണ്ടു, അദ്ദേഹം തന്റെ കുപ്പായത്തിന്റെ മടിത്തട്ടിൽ ധാരാളം പണം കൊണ്ടുവരികയും, എണ്ണാതെ മുല്ലാ അഹ്മദ് നൂറിന്റെ മടിയിലേക്ക് ഇട്ടു കൊടുക്കുകയും ചെയ്തു.** പണം എണ്ണാതെ നല്കി, ലങ്കർ ഖാനയിലേക്ക് പോകാനും സാധനങ്ങൾ വാങ്ങി വരാനും പറഞ്ഞു. അങ്ങനെ ലങ്കറിന്റെ ക്രമീകരണം നടന്നുപോയി.

*(ആശയസംഗ്രഹം: റിവായാത്ത് അസ്ഹാബെ അഹ്മദ്,വാല്യം 4, പേജ് 75)*

ഹദ്റത്ത് മിയാൻ ചിരാഗ് ദീൻ സാഹിബ് പ്രസ്താവിക്കുന്നു: ഒരിക്കൽ എന്റെ തൊണ്ടയിൽ അസുഖം വരുകയും ശബ്ദം പുറത്തേക്ക് വരാതാകുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനോട് പറഞ്ഞു: ചിരാഗിന്റെ തൊണ്ട ചികിത്സിക്കുക. എന്താണ് കാരണം, അവന്റെ ശബ്ദം പുറത്തുവരുന്നില്ല? ഹദ്റത്ത് മൗലവി സാഹിബ് ചികിത്സ തുടർന്നു, എന്നാൽ യാതൊരു ഫലവുമുണ്ടായില്ല. പിന്നെ ഒരവസരത്തിൽ ഡോക്ടർ മുഹമ്മദ് ഹുസൈൻ ശാഹ് സാഹിബ്, ഡോക്ടർ യഅ്ഖൂബ് ബേഗ് സാഹിബ്, ഡോക്ടർ ബുറേ ഖാൻ സാഹിബ് എന്നിവർ ലാഹോറിൽ ഒത്തുചേർന്നപ്പോൾ, അവരുടെ മുന്നിലും ഹുസൂർ (അ) ഈ കാര്യം പരാമർശിച്ചു, എന്താണ് കാരണം, ഈ കുട്ടിയുടെ ശബ്ദം വരാത്തത്? ഇതിന് മറുപടിയായി ഡോക്ടർ യഅ്ക്കൂബ് ബേഗ് സാഹിബ് എന്റെ തൊണ്ട പരിശോധിച്ച് പറഞ്ഞു, ഹുസൂർ (അ) കൽപിക്കുകയാണെങ്കിൽ അവന്റെ തൊണ്ടയുടെ ഉൾഭാഗം മുറിക്കണം. അതായത് ടോൺസിലിന്റെ പ്രശ്നമാണെന്ന് തോന്നുന്നു, അങ്ങനെ ചെയ്താൽ ശബ്ദം തെളിയും. ഹുസൂർ അൻവർ അതിൽ ഒന്നും പറഞ്ഞില്ല, മൗനം പാലിച്ചു. അദ്ദേഹം പറയുന്നു, കുറച്ചു ദിവസങ്ങൾക്ക് ശേഷം ഹുസൂർ പറഞ്ഞു: ചിരാഗ്, ഇനി നാം താങ്കളെ ചികിത്സിക്കാം. ഉടൻ തന്നെ എന്നെ നോക്കി പറഞ്ഞു: താങ്കൾക്കായി നാം ഔഷധം തയ്യാറാക്കും. ദൈവത്തിന്റെ യുക്തി ഇതാണ്, അന്ന് തന്നെ അമൃത്സറിൽ നിന്ന് ഒരു ഔഷധ വ്യാപാരി എരിക്ക് ഇലകളുടെ അച്ചാർ ഒരു ഭരണിയിൽ കൊണ്ടുവന്നു. ഹുസൂർ (അ) അത് തുറന്നു നോക്കി പറഞ്ഞു, ഇതാണ് താങ്കളുടെ ചികിത്സ. അദ്ദേഹം ആദ്യം പറഞ്ഞിരുന്നല്ലോ മരുന്ന് തയ്യാറാക്കുമെന്ന്, പിന്നെ ഇതേപോലെ മരുന്ന് ഉണ്ടാക്കുന്ന, അച്ചാർ ഉണ്ടാക്കുന്ന, വൈദ്യശാസ്ത്രവും അറിവുള്ള ഒരു വ്യക്തിക്ക് എരിക്ക് ഇലകളുടെ അച്ചാർ കൊണ്ടുവന്നപ്പോൾപറഞ്ഞു, ഇതാണ് താങ്കളുടെ ചികിത്സ. ഭക്ഷണം കഴിക്കുന്ന സമയത്ത് റൊട്ടിയുടെ കൂടെ രണ്ട് മൂന്ന് ഇലകൾ വച്ച് എനിക്ക് നല്കുമായിരുന്നു, അത് വളരെ രുചികരമായിരുന്നു, ഹുസൂറും അതിൽ നിന്ന് കഴിക്കാറുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: അത് കഴിച്ചതോടെ എനിക്ക് ആശ്വാസം ലഭിച്ചു. അപ്പോൾ ഹുസൂർ ആ മുഴുവൻ ഭരണിയും എനിക്ക് നല്കി. താങ്കൾ ഇത് കഴിച്ചോളൂ എന്ന് പറഞ്ഞു. അങ്ങനെ ഞാൻ അത് കഴിച്ചപ്പോൾ പൂർണ്ണമായും സുഖം പ്രാപിച്ചു.

*(റിവായാത്ത് അസ്ഹാബെ അഹ്മദ്,വാല്യം 2, പേജ് 72)*

ഹദ്റത്ത് മിർസാ അഫ്സൽ ബേഗ് സാഹിബ് പ്രസ്താവിക്കുന്നു: ഞാൻ ആദ്യമായി 1898-ൽ ഖാദിയാനിൽ വന്നു. എന്റെ പിതാവ്, കോടതിയിലെ അഭിഭാഷകൻ, അഫ്സൽ ബേഗ് സാഹിബ് എന്നെ വിദ്യാഭ്യാസം നേടാനായി തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിൽ ചേർത്തു. രണ്ടാളുടെയും പേര് അഫ്സൽ ബേഗ് എന്നാണ് എഴുതിയിട്ടുള്ളത്. തെറ്റി രേഖപ്പെടുത്തിയതാകാം. ബോർഡിംഗിൽ കുറച്ച് വിദ്യാർത്ഥികളേ ഉണ്ടായിരുന്നുള്ളൂ. ആ സമയത്ത് ബോർഡിംഗിലെ കുട്ടികളുടെ ഭക്ഷണ സൗകര്യം ലങ്കറിലെ ഭക്ഷണത്തോടൊപ്പമായിരുന്നു. ഭക്ഷണത്തെക്കുറിച്ച് ചില പരാതികൾ ഉയർന്നപ്പോൾ, **എന്റെ പിതാവ് ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് അലൈഹിസ്സലാമിനോട് കുട്ടികൾക്ക് ഭക്ഷണം ലഭിക്കാൻ പ്രയാസമുണ്ടെന്ന് പറഞ്ഞു. അതിന് ഹുസൂർ അതീവ സ്നേഹത്തോടെ പറഞ്ഞു: കുട്ടികൾക്ക് വീട്ടിൽ നിന്ന് ഭക്ഷണം ലഭിക്കും. അങ്ങനെ പല മാസങ്ങളോളം ഹുസൂർ അൻവറിന്റെ സ്വന്തം വീട്ടിൽ നിന്ന് ഞങ്ങൾക്ക് ഭക്ഷണം ലഭിച്ചുകൊണ്ടിരുന്നു. ഇടയ്ക്കിടെ ഹുസൂർ വീട്ടിൽ നിന്ന് മാമ്പഴവും മധുരപലഹാരങ്ങളും മറ്റും കഴിക്കാനായി അയച്ചുതരാറുണ്ടായിരുന്നു.**

ഖാജ അബ്ദുറഹ്മാൻ സാഹിബ് കശ്മീരി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിനോട് പറഞ്ഞു, ഹാഫിസ് ഹാമിദ് അലി സാഹിബ് മർഹൂം തന്നോട് പറയാറുണ്ടായിരുന്നു, **എവിടെനിന്നെങ്കിലും ഹുസൂറിന് പണം ലഭിച്ചാൽ, അദ്ദേഹം എന്നെ വിളിക്കുകയും പണം എണ്ണാതെ നല്കുകയും ചെയ്യുമായിരുന്നു. അപ്പോൾ അദ്ദേഹം പറയും, ഇപ്പോൾ പണം എടുത്തോളൂ, പിന്നീട് എപ്പോഴാണ് കൈയിൽ കിട്ടുക എന്ന് അറിയില്ലല്ലോ.** ഈ വിനീതൻ പറയുന്നു: അതായത് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ഹാഫിസ് ഹാമിദ് അലി സാഹിബ് മർഹൂം ഹുസൂറിന്റെ പ്രത്യേക സേവകനായിരുന്നു. അദ്ദേഹത്തിന് ഹുസൂർ (അ) വീട്ടിലെ ആവശ്യങ്ങൾക്കും അതിഥികളുടെ സൽക്കാരത്തിനും വേണ്ടി പണം നല്കാറുണ്ടായിരുന്നു.

*(സീറത്തുൽ മഹ്ദി, വാല്യം 1, ഭാഗം 3, പേജ് 529, 530, റിവായത്ത് 530)*

ഹദ്റത്ത് ഖാൻ സാഹിബ് സയ്യിദ് ഗുലാം ഹുസൈൻ സാഹിബ് പ്രസ്താവിക്കുന്നു: ഒരിക്കൽ ഹുസൂർ (അ) എന്നെ ഖാദിയാനിൽ നിന്ന് ബട്ടാലയിലേക്ക് ഒരു റെയിൽവേ പാഴ്സൽ കൊണ്ടുവരാൻ അയച്ചു. രസീത് വന്നിരുന്നു, അഞ്ച് രൂപയും എനിക്ക് നല്കി. ട്രെയിൻ വഴിയാണ് അത് വന്നത്. അത് ബടാലയിൽ നിന്ന് കൊണ്ടുവരാൻ പറഞ്ഞു. ഒരു കൊട്ട മുന്തിരിയായിരുന്നു പാഴ്സൽ. അതിന് നാല് അണ മാത്രമേ ചെലവായുള്ളൂ. ഞാൻ ആ കൊട്ട കൊണ്ടുവന്നപ്പോൾ ഹുസൂർ കൊട്ടയുടെ തുണി മാറ്റുകയും രണ്ട് കൈകുമ്പിൾ നിറയെ മുന്തിരിപ്പഴം എടുത്ത് ആദ്യം എനിക്ക് നല്കുകയും ചെയ്തു, ഇത് താങ്കളുടെ വിഹിതമാണെന്ന് പറഞ്ഞു. **ബാക്കി നാലേമുക്കാൽ രൂപ ഞാൻ തിരികെ നല്കാൻ ശ്രമിച്ചപ്പോൾ, ഹുസൂർ ആ കൊട്ടയും എടുത്ത് ഉള്ളിലേക്ക് പോയിക്കൊണ്ട് പറഞ്ഞു, നാം നമ്മുടെ സുഹൃത്തുക്കളോട് കണക്ക് ചോദിക്കാറില്ല.** ആ സമയത്ത് എനിക്ക് പതിനഞ്ച് വയസ്സായിരുന്നു.

*(ആശയസംഗ്രഹം: റിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 5, പേജ് 120)*

ഹദ്റത്ത് മുൻശി ഖാദി മഹ്ബൂബ് ആലം സാഹിബ് പറയുന്നു: മൗലവി മുഹമ്മദ് അലി സാഹിബും ഖാജ കമാലുദ്ദീൻ സാഹിബും പെഷവാറിൽ ചേർന്ന് അഭിഭാഷകവൃത്തി നടത്തിയിരുന്നു. രണ്ടുപേരും പങ്കാളികളായിരുന്നു. അതായത് അവർക്ക് ഒരുമിച്ചുള്ള ജോലിയായിരുന്നു. മൗലവി മുഹമ്മദ് അലി സാഹിബ് ഖാദിയാനിലേക്ക് വന്നു. ഖാജാ സാഹിബ് അവിടെത്തന്നെ തുടർന്നു. ഹദ്റത്ത് സാഹിബിനെതിരെ കേസുകൾ ഉണ്ടായിരുന്നു, കറമുദ്ദീന്റെ കേസുകളെക്കുറിച്ചാണ് പരാമർശമെന്ന് തോന്നുന്നു. അതിന്റെ പിന്തുടർച്ചയ്ക്കായി ഖാജ സാഹിബ് പെഷവാറിൽ നിന്ന് വന്നു. ഹദ്റത്ത് അഖ്ദസ് അലൈഹിസ്സലാം മുബാറക് മസ്ജിദിൽ എത്തിയപ്പോൾ, ഖാജാ സാഹിബ് വളരെ സങ്കടകരമായ മുഖഭാവത്തോടെ അപേക്ഷിച്ചു, ഹുസൂർ അൻവർ, ഞാൻ എങ്ങനെയാണ് ഇവിടെ എത്തിയതെന്ന് അല്ലാഹുവിനും റസൂലിനും മാത്രമേ അറിയൂ. ഭാര്യയുടെ ആഭരണങ്ങൾ പണയം വെച്ച് യാത്രാക്കൂലിക്കുള്ള പണം കണ്ടെത്തിയാണ് ഞാൻ ഇവിടെ എത്തിയത്. വലിയ സാമ്പത്തിക പ്രയാസമാണ്. ഹദ്റത്ത് സാഹിബ് പറഞ്ഞു, ഖാജാ സാഹിബ്, നിങ്ങൾക്ക് പണം ആവശ്യമുണ്ടോ? വരൂ. പിന്നെ ഹദ്റത്ത് സാഹിബ് ഉള്ളിലേക്ക് പോയി. ഖാജാ സാഹിബും കൂടെ പോയി. ഒരു പെട്ടി തുറന്ന്, കൈകൊണ്ട് രണ്ട് മൂന്ന് തവണ നിറച്ച് പണം എടുത്തു. അത് ഖാജാ സാഹിബിന്റെ മടിയിലേക്ക് ഇട്ടുകൊടുത്തു പറഞ്ഞു, ഖാജാ സാഹിബ്, മതിയാകുമോ

അതോ ഇനിയും വേണോ? ഖാജാ സാഹിബ് പറഞ്ഞു, മതി ഹുസൂർ, ഇത് തന്നെ വളരെ കൂടുതലായിരിക്കുന്നു. ഖാജാ സാഹിബ് ആ പണം പിന്നീട് മുബാറക് മസ്ജിദിൽ വെച്ച് എണ്ണിയപ്പോൾ ഏകദേശം മുന്നൂറ് രൂപയോളമുണ്ടായിരുന്നു. ഖാജാ സാഹിബ് പിറ്റേദിവസം ഗുർദാസ്പൂരിലേക്ക് പോയി. ഹദ്റത്ത് സാഹിബ് ആ പണം എണ്ണാതെ തന്നെ അദ്ദേഹത്തിന്റെ മടിയിലേക്ക് ഇട്ടുകൊടുക്കുകയായിരുന്നു ചെയ്തത്. **സേവകർക്ക് പണം എണ്ണിക്കൊടുക്കാറില്ല എന്നത് ഹദ്റത്ത് സാഹിബിന്റെ പൊതുവെ ഉള്ള ശീലമായിരുന്നു. അവരോട് പൂർണമായ വിശ്വാസവും ആദരവും ഉണ്ടായിരുന്നു. എനിക്ക് താമസിക്കാൻ അവസരം ലഭിച്ച കാലത്തോളം, ഒരു സേവകനോടും ഹദ്റത്ത് സാഹിബ് കണക്ക് ചോദിച്ചിട്ടില്ല, മറിച്ച് ആരെങ്കിലും ആവശ്യപ്പെടുമ്പോൾ ഹദ്റത്ത് സാഹിബ് അവർക്ക് നല്കുകയായിരുന്നു പതിവ്.**

*(ആശയസംഗ്രഹം: റിവായാത്ത് അസ്ഹാബെ അഹ്മദ്, വാള്യം 4, പേജ് 277)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി ഖാജാ സാഹിബിനോടുള്ള സ്നേഹത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് എഴുതുന്നു: ഇന്ന് ജമാഅത്തിൽ നിന്ന് വിട്ടുപോയ, അതായത് ജമാഅത്തുമായുള്ള ബന്ധം വിച്ഛേദിച്ച ഖാജാ കമാലുദ്ദീൻ സാഹിബ്, ദയാലുവായ പിതാവിന്റെ (ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം) സന്താനങ്ങളോട് വെറുപ്പും ശത്രുതയും വച്ചുപുലർത്തുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം അദ്ദേഹത്തിന് നന്മകൾ ചെയ്തിരുന്നു, എന്നാൽ അവരുടെ പിന്മുറക്കാർക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമനോട് ശത്രുതയാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഔദാര്യങ്ങളെയും സ്നേഹത്തെയും കുറിച്ച് അവർക്ക് വലിയ അനുഭവമാണുള്ളത്. അദ്ദേഹത്തിന്റെ ഔദാര്യങ്ങളെക്കുറിച്ച് അവർക്ക് നന്നായി അറിയാം. ധാരാളം പണം അവർ കൈപ്പറ്റിയിട്ടുണ്ട്. അത് വാങ്ങിയെങ്കിലും ഒരിക്കലും അത് സമ്മതിച്ചിട്ടില്ല, ഒരിക്കലും നന്ദി പ്രകടിപ്പിച്ചിട്ടില്ല. ഒപ്പം തന്റെ സേവനങ്ങളെക്കുറിച്ച് വീമ്പിളക്കുകയും ചെയ്യുമായിരുന്നു. ഞാൻ പ്രസ്ഥാനത്തിന് വലിയ സേവനം ചെയ്യുന്നു എന്ന് അയാൾ എപ്പോഴും പറഞ്ഞുകൊണ്ടിരുന്നു. ഇതിനെ ഞാൻ നന്ദികേടായിട്ടാണ് കാണുന്നത്. ഗുർദാസ്പൂരിൽ മൗലവി കറമുദ്ദീന്റെ കേസുകൾ നടന്നുകൊണ്ടിരുന്ന ദിവസങ്ങളിൽ, ഒരു തവണ കേസിനിടയിൽ അയാൾ ഹുസൂർ (അ)ന് ഒരു കത്ത് കാണിച്ചു കൊടുത്തു. അവരുടെ വീട്ടിൽ നിന്ന്, പെഷവാറിൽ നിന്ന് വന്നതായിരുന്നു അത്. അതിൽ ചെലവിനുള്ള ബുദ്ധിമുട്ടിനെക്കുറിച്ച് പറഞ്ഞിരുന്നു. ഹുസൂർ ഉടൻ അഞ്ഞൂറ് രൂപ അവർക്ക് നല്കി. തുടർന്ന് മാസത്തിൽ നൂറ് രൂപ വീതം നല്കാൻ പറഞ്ഞു, അങ്ങനെ മാസാവസാനം നൂറ് രൂപ വീതം നല്കുകയും ചെയ്തു. പ്രത്യേകിച്ച്, ഹുസൂറിന്റെ നിർദേശപ്രകാരം സുഹൃത്തുക്കൾ കേസ് ചെലവുകൾക്കായി വലിയൊരു തുക അയച്ചു തന്നിരുന്നു. അത് ഖാജാ സാഹിബിന്റെ പക്കലായിരുന്നു. ഹുസൂർ അൻവർ ഒരിക്കലും കണക്ക് ചോദിച്ചിരുന്നില്ല. ഇത്തരം സാമ്പത്തിക പെരുമാറ്റങ്ങൾക്കും ദാനത്തിനും പുറമെ, ഹദ്റത്ത് സാഹിബ്സാദ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദ്, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിനായി അഫ്ഗാനി ശൈലിയിലുള്ള ഒരു വിലപിടിപ്പുള്ള കോട്ട് കൊണ്ടുവന്നു. ഖാജാ സാഹിബ് അത് ചോദിച്ചു വാങ്ങി, 'ഹുസൂർ, ഈ കോട്ട് എനിക്ക് നല്കിയാൽ കോടതിയിൽ പോകുമ്പോൾ അത് ധരിക്കാം. അതിന്റെ ബർക്കത്തു കൊണ്ട് എതിർകക്ഷിയുടെ അഭിഭാഷകന്റെയും കോടതിയുടെയും മുന്നിൽ എനിക്ക് പ്രഭാവമുണ്ടാകും എന്ന് പറഞ്ഞു. ഹുസൂർ ചിരിച്ചുകൊണ്ട് ആ വിലപിടിപ്പുള്ള വസ്ത്രം ഖാജാ സാഹിബിന് നല്കുകയുണ്ടായി.

*(സീറത്ത് മസീഹ് മൗഊദ് (അ), ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് (റ) ഇർഫാനി, ഭാഗം മൂന്ന്, പേജ് 311-312)*

കഴിഞ്ഞ ഖുതുബയിലും പരാമർശിച്ചിരുന്നു, നല്ല തരം ലെതർ (ചർമ്മം) കൊണ്ട് നിർമ്മിച്ച ഒരു കോട്ട് കൊണ്ടുവന്നിരുന്നു. ഇന്നും ലതർ വസ്ത്രങ്ങൾ വളരെ വിലപിടിപ്പുള്ളതായി കരുതപ്പെടുന്നു, അന്നും അങ്ങനെയായിരുന്നു. ആ കോട്ടും ഖാജ സാഹിബ് ചോദിച്ചപ്പോൾ അവിടുന്ന് അദ്ദേഹത്തിന് നല്കി.

ശെയ്ഖ് ഹാമിദ് അലി സാഹിബ് പ്രസ്താവിക്കുന്നു,

**അദ്ദേഹം ജീവിതാവസാനം വരെ എന്നോട് ഒരിക്കലും കണക്ക് ചോദിച്ചിട്ടില്ല, ഒരിക്കലും ദേഷ്യപ്പെട്ടിട്ടുമില്ല.** മറിച്ച്, ഒരിക്കൽ ഞാൻ ലാഹോറിലേക്ക് പോയി. മൗലവി നുറുദ്ദീൻ സാഹിബ് എഴുന്നൂറ് രൂപയുടെ ഒരു ഹുണ്ടിക അയച്ചു, അത് വാങ്ങി ഞാൻ വന്നു. പണമായിരുന്നു, ചില മണി ഓർഡറുകൾ അല്ലെങ്കിൽ വൗച്ചറുകൾ ഉണ്ടായിരുന്നു. കുറച്ച് സാധനങ്ങൾ വാങ്ങി. സാധനങ്ങൾ വാങ്ങിയ ശേഷം ഏകദേശം അമ്പത് രൂപ മിച്ചം വന്നു. അതിന്റെ കണക്ക് ഞാൻ ഹുസൂറിന് നല്കി. അദ്ദേഹം പറഞ്ഞു: ഞാൻ എപ്പോഴാണ് കണക്ക് ചോദിച്ചത്?

*(ആശയസംഗ്രഹം: സീറത്ത് അഹ്മദ് (അ) ഖുദ്റത്തുല്ലാഹ് സന്നോരി സാഹിബ്, പേജ് 59)*

ഹദ്റത്ത് ശെയ്ഖ് അഹ്മദുദ്ദീൻ സാഹിബ് പ്രസ്താവിക്കുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം എന്നോട് അമൃതസറിൽ തുന്നൽക്കാരനായ മിയാൻ നബി ബക്ഷ് സാഹിബ് എന്ന വ്യക്തിയുടെ അടുത്ത് പോകാൻ നിർദേശിച്ചുകൊണ്ട് ഒരു കത്ത് നല്കി. അത് അദ്ദേഹത്തിന് കൊടുക്കാനും പറഞ്ഞു. അദ്ദേഹം വാങ്ങുന്ന സാധനങ്ങൾ വേഗത്തിൽ കൊണ്ടുവരണമെന്നും നാളെ തന്നെ മടങ്ങണമെന്നും പറഞ്ഞു. അടുത്ത ദിവസം ഞാൻ വൈകി എത്തിയപ്പോൾ, ഹുസൂറിന്റെ സേവകനായ മിയാൻ കറംദാദ് സാഹിബിനോട് പറഞ്ഞു: വേഗത്തിൽ പോകു, അഹ്മദ് ദീനെ അമൃതസറിലേക്ക് അയച്ചിരുന്നു. അവൻ ഇതുവരെ തിരിച്ചുവന്നില്ല. കുഴപ്പമൊന്നുമില്ലല്ലോ, അന്വേഷിക്കു. വഴിയിൽ മിയാൻ കറംദാദ് സാഹിബിനെ കണ്ടുമുട്ടി. അദ്ദേഹം പറഞ്ഞു: ഹുസൂർ താങ്കളെക്കുറിച്ച് വലിയ ആശങ്കയിലാണ്. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ സന്നിധിയിൽ എത്തിയപ്പോൾ ഹുസൂർ അലൈഹിസ്സലാം ചോദിച്ചു, താങ്കൾക്ക് എന്തെങ്കിലും പ്രയാസം ഉണ്ടായോ? ഞാൻ പറഞ്ഞു: ഹുസൂർ, ഒരു പ്രയാസവുമുണ്ടായില്ല. എന്റെ അവസ്ഥയെക്കുറിച്ച് അന്വേഷിച്ചതിലൂടെ എന്റെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു. ഞാൻ ഒരു കണക്ക് പേപ്പറും മിച്ചം വന്ന കുറച്ചു പണവും തിരികെ നല്കാൻ ശ്രമിച്ചു. ഹുസൂർ അലൈഹിസ്സലാം ചോദിച്ചു: ഈ പേപ്പർ എന്തിനാണ്? ഞാൻ ഭവ്യതയോടെ പറഞ്ഞു: സാധനങ്ങളുടെ കണക്കാണ്, ബാക്കിയുള്ള പണമാണിത്. വലിയ സ്നേഹത്തോടെ അവിടുന്ന് പറഞ്ഞു: **നമ്മൾ തമ്മിൽ എന്ത് കണക്കാണ്? ഈ പണം താങ്കളുടെ ആവശ്യങ്ങൾക്ക് ചെലവാക്കിക്കോളൂ.** ഞാൻ വളരെ സന്തോഷിച്ചു.

*(ആശയസംഗ്രഹം: റിവായാത്ത് അസ്ഹാബെ അഹ്മദ്, വാള്യം 4, പേജ് 95-96)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി എഴുതുന്നു: ഹദ്റത്ത് ഹകീമുൽ ഉമ്മത്ത് മൗലാന നൂറുദ്ദീൻ സാഹിബ് ഒരിക്കൽ ഹുസൂറിനോട് കുറച്ചു കടം വാങ്ങിയിരുന്നു. അദ്ദേഹം ആ പണം ഹുസൂറിന്റെ സന്നിധിയിൽ തിരികെ അയച്ചപ്പോൾ ഹുസൂർ അത് ഇഷ്ടപ്പെട്ടില്ല. തിരികെ നല്കിക്കൊണ്ട് പറഞ്ഞു: നമ്മുടെ പണത്തെ താങ്കളുടെ പണത്തിൽ നിന്ന് വേറിട്ടതാണെന്നാണോ കരുതുന്നത്?

*(സീറത്ത് മസീഹ് മൗഊദ് (അ), ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് (റ) ഇർഫാനി, ഭാഗം 3, പേജ് 307)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി തന്നെ എഴുതുന്നു:

ഹദ്റത്ത് അഖ്ദസ് ദൗത്യപ്രഖ്യാപനം നടത്തുകയും 'രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടും' എന്ന് അല്ലാഹു അദ്ദേഹത്തിനെ അറിയിച്ചുവെന്ന് ആളുകൾ അറിയാനിടയാകുകയും ചെയ്തപ്പോൾ ആളുകൾ അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ ചോദിക്കുന്നത് പതിവാക്കി. അവിടുന്ന് ഒരിക്കലും ആരോടും ഇല്ല എന്ന് പറഞ്ഞിട്ടില്ല. ചിലപ്പോൾ അവസ്ഥ ഇങ്ങനെയാകുമായിരുന്നു, ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ മാത്രമേ ശരീരത്തിൽ അവശേഷിക്കുമായിരുന്നുള്ളൂ. ബാക്കിയെല്ലാം നല്കി കഴിഞ്ഞിട്ടുണ്ടാകും.

*(സീറത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് (റ) ഇർഫാനി, ഭാഗം 2, പേജ് 290)*

ഹദ്റത്ത് ശെയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി പറയുന്നു: മീർ അബ്ബാസ് അലി സാഹിബിന് ബറാഹീനെ അഹ്മദിയയുടെ വില്പനയിൽ നിന്ന് ലഭിച്ച തുക, അത് തന്റെ പക്കൽ ഉണ്ടായിരുന്നതുകൊണ്ട്, ചെലവഴിക്കാൻ അവിടുന്ന് അനുവാദം നല്കി. ഇത് അദ്ദേഹത്തിന്റെ വിശാലമനസ്കതയുടെയും ഔദാര്യത്തിന്റെയും ഒരു സാധാരണ തെളിവാണ്.

*(ഹയാത്തെ അഹ്മദ്, യഅ്ഖൂബ് അലി ഇർഫാനി സാഹിബ് (റ), വാള്യം 2, ഭാഗം 2, പേജ് 200)*

ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് പറയുന്നു:

മിർസാ നിസാമുദ്ദീൻ സാഹിബും മിർസാ ഇമാമുദ്ദീൻ സാഹിബും കടുത്ത എതിരാളികളായിരുന്നിട്ടും, ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിനെ വളരെയധികം എതിർത്തിരുന്നവരായിരുന്നു ഇരുവരും. ബന്ധുക്കളായിരുന്നെങ്കിലും അവർ എതിരാളികളായിരുന്നു. എന്നാൽ അവശ്യഘട്ടത്തിൽ എപ്പോഴെങ്കിലും അവർ ചോദിച്ചാൽ ഹുസൂർ അത് നിറവേറ്റിക്കൊടുക്കുമായിരുന്നു. അങ്ങനെ ഒരിക്കൽ, എന്റെ മുന്നിൽ വച്ച് മിർസാ നിസാമുദ്ദീൻ സാഹിബ് അമ്പത് രൂപയോ അതിൽ കുറവോ ഹുസൂറിൽ നിന്ന് ചോദിച്ചു, ഹുസൂർ ഉടൻ തന്നെ ഹാഫിസ് ഹാമിദ് അലിയുടെ കൈവശം അത് അയച്ചുകൊടുത്തു.

ശേഷം പേജ് 15 ൽ

# ഖുത്ബ ജുമുഅ

**2026 ജൂലൈ 10, 1405 വഫാ 10**
*മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ*

# ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്നേഹവാത്സല്യങ്ങളും ഉദാരതയും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവയുടെ പാരായണത്തിന് ശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു) പ്രതിപാദിച്ചു:

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിതചരിത്രം വിവരിച്ചുകൊണ്ട് നിവേദനം ചെയ്യുന്നു: **ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിതത്തിൽ ഔദാര്യത്തിന്റെയും ദാനത്തിന്റെയും മറ്റൊരു ശൈലി കൂടി പ്രകടമായിരുന്നു. അത് ശിപാർശയുടെയും മധ്യസ്ഥതയുടെയും വർണമുള്ളതാണ്. ചിലപ്പോൾ അദ്ദേഹത്തിന്റെ സവിധത്തിൽ വരുന്ന ആവശ്യക്കാരന്റെ ആവശ്യം നിറവേറ്റുക അദ്ദേഹത്തിന്റെ പരിധിയിൽ ആയിരിക്കില്ല. മറിച്ച് അത് മറ്റുള്ളവരുമായി ബന്ധപ്പെട്ടതായിരിക്കും. അത്തരം പരിതസ്ഥിതിയിൽ അവന് പ്രയോജനം ലഭിക്കാൻ വേണ്ടി ബന്ധപ്പെട്ടവരോട് ശിപാർശ ചെയ്യുക എന്നതിലായിരിക്കും അദ്ദേഹം ശ്രദ്ധ ചെലുത്തുക. എന്നാൽ അവരോട് സ്വന്തം ആവശ്യത്തിന് വേണ്ടി പോലും അദ്ദേഹം ഒരിക്കലും ഒന്നും ചോദിക്കാറില്ലായിരുന്നു.** അതായത്, മറ്റുള്ളവരുടെ കാര്യങ്ങൾ നടത്തിക്കൊടുക്കാൻ വേണ്ടി അവരോട് ശിപാർശ ചെയ്യുമായിരുന്നു, എന്നാൽ സ്വന്തം കാര്യം അവരെക്കൊണ്ട് ഒരിക്കലും ചെയ്യിച്ചിരുന്നില്ല. നിവേദകൻ എഴുതുന്നു: **ഇതാണ് ഏറ്റവും ഉദാരവും ആത്മാർഥവുമായ ശൈലി, അത് ലോകത്ത് വളരെ വിരളമായി മാത്രമേ കാണപ്പെടുന്നുള്ളു.**

പിന്നീട് അദ്ദേഹം മിർസാ ഇമാമുദ്ദീൻ സാഹിബിനെ കുറിച്ച് പരാമർശിച്ചുകൊണ്ട് എഴുതുന്നു: **മിർസാ ഇമാമുദ്ദീൻ സാഹിബ് ജമാഅത്തിന്റെ കൊടിയ ശത്രുവായിരുന്നു എന്നതും ഹദ്റത്ത് മസീസിന്റെ കുടുംബത്തോട് അയാൾക്ക് വിരോധമുണ്ടായിരുന്നു എന്നതും ഒളിഞ്ഞിരിക്കുന്ന കാര്യമല്ല. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അയാളുടെ ശത്രുതയെ ലൗകിക കാര്യങ്ങളിൽ എപ്പോഴും അവഗണിക്കാറുണ്ടായിരുന്നു. ദീനിന്റെ പരിധിയിൽ പെടുന്നതാണെങ്കിൽ വേറെ വിഷയം. അതായത് മതകാര്യങ്ങളിൽ ശത്രുത അദ്ദേഹം സഹിക്കില്ലായിരുന്നു, എന്നാൽ ലൗകിക കാര്യങ്ങളിൽ അദ്ദേഹം അതൊന്നും ഒരിക്കലും ഗൗനിച്ചില്ല.**

അതായത്, അയാളോടുള്ള പെരുമാറ്റത്തിൽ അദ്ദേഹം ഒരിക്കലും വ്യത്യാസം വരുത്തിയില്ല. അയാൾ പലപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ് (അ)യിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിക്കുമായിരുന്നു. ആ ഉപകാരങ്ങൾ ഉണ്ടായിട്ടും അയാൾ എതിർപ്പിൽ മുഴുകിയിരുന്നു. കടുത്ത ശത്രുവായിരുന്നു.

ഒരിക്കൽ അയാൾക്ക് ഒരു കുതിരയെ വിൽക്കേണ്ടതുണ്ടായിരുന്നു, അതിനായി അയാൾ ഒരു നല്ല മാർഗം ആലോചിച്ചു, ആ കുതിരയെ ജമ്മുവിലേക്ക് കൊണ്ടുപോകുകയും ഹദ്റത്ത് ഹകീമുൽ ഉമ്മത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) മുഖേന അത് അവതരിപ്പിക്കുകയും ചെയ്യുക. അങ്ങനെയായാൽ അതിന് നല്ലൊരു തുക ലഭിക്കുന്നതാണ്. അവിടെ രാജാക്കന്മാരുമായും മഹാരാജാക്കന്മാരുമായും മൗലവി നൂറുദ്ദീൻ സാഹിബിന് പരിചയമുണ്ടായിരുന്നു. അതിനാൽ അവർ അത് വാങ്ങിക്കോളും. ഈ നിർദേശം മുന്നിൽ കണ്ടുകൊണ്ട് മിർസാ നിസാമുദ്ദീൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അദ്ദേഹം ഹദ്റത്ത് ഹകീമുൽ ഉമ്മത്തിന്റെ പേരിൽ ഒരു ശിപാർശ കത്ത് എഴുതിത്തരണമെന്ന് നേരിട്ട് അപേക്ഷിച്ചു. അദ്ദേഹം ഈ അപേക്ഷ നിരസിച്ചില്ല. ഒട്ടും മടിക്കാതെ ഹദ്റത്ത് മൗലവി സാഹിബിന്റെ പേരിൽ ഒരു ശിപാർശ കത്ത് നല്കി. ഇത് എങ്ങനെയായിരുന്നു എന്ന് അദ്ദേഹം പറയുന്നു, ആ കത്തിനെ കുറിച്ച് അദ്ദേഹം എഴുതുന്നു:

**മിർസാ ഇമാമുദ്ദീൻ സാഹിബിന്റെ ശത്രുതയും വിരോധവും ഒളിഞ്ഞിരിക്കുന്ന കാര്യമല്ലായിരുന്നു എന്നത് സുവ്യക്തമാണ്. എന്നാൽ നന്മയും ഉപകാരവും ചെയ്യേണ്ട കാര്യം വന്നപ്പോൾ ആ ശത്രുതയെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിക്കലും ചിന്തിച്ചില്ല. അയാൾക്ക് പ്രയോജനം എത്തിക്കുന്നതിൽ ഒരിക്കലും മടിച്ചില്ല.**

*(ആശയസംഗ്രഹം: സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) വാല്യം രണ്ട്, ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി, പേജ് 296 മുതൽ 297 വരെ)*

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന് എഴുതിയ കത്ത് ഇപ്രകാരമായിരുന്നു:

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ- نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ

ബഹുമാനപ്പെട്ട മൗലവി ഹകീം നൂറുദ്ദീൻ സാഹിബ് (സല്ലമഹുതആല),

اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللّٰهِ وَبَرَكَاتُهٗ

താങ്കൾക്ക് ഒരു ബുദ്ധിമുട്ടുണ്ടാക്കുക എന്നതാണ് ഈ കത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്. താങ്കൾ അതിനായി ശ്രദ്ധയും പരിശ്രമവും ഒട്ടും കുറയ്ക്കില്ല എന്ന് പ്രത്യാശിക്കുന്നു. (അതായത് നല്ലവണ്ണം ശ്രദ്ധിക്കണമെന്ന് നിർബന്ധം ചെലുത്തിയിട്ടുണ്ട്.) അത് ഇതാണ്, മിർസാ ഇമാമുദ്ദീൻ സാഹിബ്, എന്റെ ഒരു പിതൃസഹോദര പുത്രനാണ്. അദ്ദേഹത്തിന്റെ പക്കൽ വിലപിടിപ്പുള്ള ഒരു കുതിരയുണ്ട്. അത് നല്ല വേഗതയുള്ളതും രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും സവാരിക്ക് അനുയോജ്യവുമാണ്. ഇപ്പോൾ അദ്ദേഹം അത് വിൽക്കാൻ ആഗ്രഹിക്കുന്നു. ഇത്രയും വിലപിടിപ്പുള്ള കുതിരകളെ സാധാരണക്കാർക്ക് വാങ്ങാൻ കഴിയില്ല. പ്രഭുക്കന്മാർ തന്നെ ഇത്തരം വസ്തുക്കൾക്കായി അന്വേഷിക്കാറുണ്ട്. അതിനാൽ, താങ്കൾ ദയവായി ജമ്മുവിലെ പ്രഭുവിനോ അദ്ദേഹത്തിന്റെ ഏതെങ്കിലും സഹോദരനോട് സംസാരിച്ച്, ഉചിതമായ വിലയ്ക്ക് ആ കുതിരയെ വാങ്ങുന്നതിനായി പരിശ്രമിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. അവരുടെ ഭാഗത്ത് നിന്ന് വാങ്ങാനുള്ള ആഗ്രഹം ഉറപ്പായാൽ കുതിരയെ താങ്കളുടെ സവിധത്തിലേക്ക് അയക്കാവുന്നതാണ്. തീർച്ചയായും വലിയ പരിശ്രമത്തിന് ശേഷം അറിയിപ്പ് നല്കുക. വളരെയധികം പരിശ്രമിക്കുക.

വസ്സലാം,

വിനീതൻ

മിർസാ ഗുലാം അഹ്മദ്.

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) വാല്യം രണ്ട്, ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി, പേജ് 297 മുതൽ 298 വരെ)*

ഇത് 1888-ലെ സംഭവമാണ്. അന്ന് മിർസാ ഇമാമുദ്ദീന് ശത്രുത ഉണ്ടായിരുന്നുവെങ്കിലും അപ്പോഴും മഹ്ദീമസീഹ് ആണെന്ന് അദ്ദേഹം വാദിച്ചിരുന്നില്ല. അതിനാൽ ഏതായാലും, അപ്പോഴും അദ്ദേഹം തന്റെ ഈ ശത്രുവായ സഹോദരനെ സഹായിച്ചു.

ഹദ്റത്ത് ശൈഖ് മഹ്മൂദ് നസീബ് സാഹിബ് (റ) വിവരിക്കുന്നു, ഞാൻ ഒരു കാലത്ത് സിഖ് മരപ്പണിക്കാരന്റെ വീട്ടിൽ വാടകയ്ക്ക് താമസിച്ചിരുന്നു, അത് മിർസാ നിസാമുദ്ദീൻ സാഹിബ് ലമ്പർദാറിന്റെ വീടിന് അടുത്താണ്. ഒരു കാര്യത്തിന് വീട്ടുടമസ്ഥ എന്നോട് അനാവശ്യമായി വഴക്കിടുകയും വീട് ഒഴിയാൻ ആവശ്യപ്പെടുകയും ചെയ്തു. ഞാൻ പറഞ്ഞു, മുദ്രപത്രത്തിൽ എഴുതിയ കരാർ ഉള്ളതിനാലും കുടിശ്ശികയില്ലാതെ വാടക നല്കുന്നതിനാലും ഞാൻ വീട് ഒഴിയുകയില്ല. ഈ കാര്യത്തിൽ മിർസാ നിസാമുദ്ദീൻ സാഹിബിന്റെ സഹായം സ്വീകരിക്കാൻ അവർ ആഗ്രഹിച്ചു. അവർ പലതവണ ഖൈറുദ്ദീൻ സാഹിബ് ചൗക്കിദാർ എന്നൊരാളിലൂടെ എന്നെ വിളിക്കുമായിരുന്നു. ചിലപ്പോൾ ഞാൻ പോകുമായിരുന്നു. ചിലപ്പോൾ പോകുമായിരുന്നില്ല. ഏതായാലും, എന്നെ പേടിപ്പിച്ച് കുഴപ്പമുണ്ടാക്കി വീട് ഒഴിപ്പിക്കാൻ അവർ ആഗ്രഹിച്ചു, ഞാൻ ഒഴിയുന്നുമുണ്ടായിരുന്നില്ല. അതിൽ മിർസാ സാഹിബ് ശൈഖ് യഅ്ഖൂബ് അലി സാഹിബിനോട് സഹായം അഭ്യർഥിച്ചു. മിർസാ നിസാമുദ്ദീൻ സാഹിബ് ശൈഖ് യഅ്ഖൂബ് അലി സാഹിബിനോട് പറഞ്ഞു. ശൈഖ് സാഹിബ്

എന്നോട് പറഞ്ഞു, വീട് ഒഴിയുന്നതാണ് നല്ലത്. ആ ദിവസങ്ങളിൽ എന്റെ വീട്ടിൽ പെൺകുഞ്ഞ് ജനിച്ചിരുന്നു. വീട് മാറ്റുക പ്രയാസമായിരുന്നു. ഞാൻ ഇതിനെക്കുറിച്ച് ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനോട് പറഞ്ഞു. മൗലവി സാഹിബ് ശൈഖ് യഅ്ഖൂബ് അലി സാഹിബിനോട് ദേഷ്യപ്പെടുകയും, ആദ്യം അയാൾക്ക് വേറെ വീട് കണ്ടുപിടിച്ചു കൊടുക്കൂ, എന്നിട്ട് ഒഴിയാൻ പറയൂ എന്ന് എഴുതുകയും ചെയ്തു. മൗലവി സാഹിബിന്റെ ദേഷ്യം കണ്ടപ്പോൾ ശൈഖ് സാഹിബ് പൂർണമായും നിശ്ശബ്ദനായി. എന്നാൽ മിർസാ നിസാമുദ്ദീൻ സാഹിബ് സമ്മർദ്ദം തുടർന്നു.

അവസാനം ഒരു ദിവസം ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) യുടെ സവിധത്തിൽ മുഴുവൻ കാര്യങ്ങളും എഴുതി. അദ്ദേഹത്തിന് വളരെയധികം വിഷമം തോന്നി. ഇത് വായിച്ചിട്ട് എനിക്ക് കടുത്ത വേദനയുണ്ടായി എന്ന് പറഞ്ഞു. എന്റെ പക്കൽ ഏതെങ്കിലും വീട് ഒഴിഞ്ഞു കിടപ്പുണ്ടെങ്കിൽ തീർച്ചയായും തരുമായിരുന്നു. ഇനി ശ്രദ്ധിക്കാം എന്ന് പറഞ്ഞു. പിന്നീട് അദ്ദേഹം പറഞ്ഞു: ഇന്ന് ളുഹ്ർ നമസ്കാരത്തിനായി ഞാൻ വരുമ്പോൾ, ശൈഖ് അലി സാഹിബും വന്നിട്ടുണ്ടെങ്കിൽ എന്നെ ഓർമ്മിപ്പിക്കണം. ആ ദിവസങ്ങളിൽ മസ്ജിദ് മുബാറക് വിപുലീകരിച്ചു കൊണ്ടിരിക്കുകയായിരുന്നു, നമസ്കാരം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ വീട്ടിലാണ് നടന്നിരുന്നത്. ഞാൻ ളുഹ്ർ നമസ്കാരത്തിന് പോയപ്പോൾ ഹുസൂർ അവിടെ എത്തി. ഞാൻ ഒന്നും പറയുന്നതിന് മുൻപ് തന്നെ, എന്നെ കണ്ടിട്ട് ഹുസൂർ സ്വയം പറഞ്ഞു, മിർസാ നിസാമുദ്ദീന്റെ അടുത്തു നിന്ന് ഒരു സ്ത്രീ വന്നിരുന്നു. ഞാൻ അവർക്ക് സന്ദേശം അയച്ചിട്ടുണ്ട്. ഇനി നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകില്ല. പിന്നീട് ആരും എന്നോട് ഒന്നും പറഞ്ഞില്ല. സദർ അഹ്മദിയ്യ എനിക്ക് ക്വാർട്ടർ അനുവദിക്കുന്നത് വരെ ഞാൻ ആ വീട്ടിൽ വളരെ കാലം താമസിച്ചു. അഞ്ചുമൻ വക വീട് ലഭിച്ചപ്പോൾ ഞാൻ ഒഴിഞ്ഞു. അപ്പോഴേക്കും ആ സ്ത്രീയുടെ മനോഭാവം പൂർണമായും മാറിപ്പോയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അവൾക്ക് ചെയ്ത ഉപകാരത്തെക്കുറിച്ച് അവൾ പറയുന്നു. ഇപ്പോൾ എന്നെ പോകാൻ അനുവദിക്കുന്നില്ല. എന്തിനാണ് പോകുന്നത് എന്ന് പറഞ്ഞ് അലമുറയിട്ട് കരയുകയായിരുന്നു. ആദ്യം വഴക്കിന്റെ അവസ്ഥയായിരുന്നെങ്കിൽ ശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) യുടെ പെരുമാറ്റം കൊണ്ടും അദ്ദേഹം ചെയ്ത ഉപകാരം കൊണ്ടും അവൾ പൂർണ്ണമായും മാറിപ്പോയി.

അദ്ദേഹം എഴുതുന്നു, ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഒരു സാധാരണ സേവകനോട് കാണിച്ച ഈ മര്യാദയും ദയയും, മിർസാ നിസാമുദ്ദീൻ സാഹിബുമായുള്ള സംസാരമോ കൂടിക്കാഴ്ചയോ ഒട്ടും ഇല്ലായിരുന്നു എന്ന് എല്ലാവർക്കും അറിയാം, പൂർണമായും ബന്ധം വിച്ഛേദിച്ചതായിരുന്നു, എന്നിട്ടും അദ്ദേഹം എനിക്ക് ഉപകാരം ചെയ്യുകയുണ്ടായി.

*(ആശയസംഗ്രഹം: റിവായാത്ത് അസ്ഹാബ് അഹ്മദ് വാല്യം 5, പേജ് 445-446, ഹദ്റത്ത് ശൈഖ് മുഹമ്മദ് നസീബ് സാഹിബ് രാവത്)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി പറയുന്നു: മിർസാ അഹ്മദ് ബേഗ് സാഹിബ് ഹോശിയാർപൂരിയുടെ മകൻ മിർസാ മുഹമ്മദ് ബേഗിന്റെ സംഭവവും ഞാൻ രേഖപ്പെടുത്തുന്നു. മിർസാ മുഹമ്മദ് ബേഗിന്റെ കുടുംബവുമായി ബന്ധങ്ങൾ നല്ലതായിരുന്നില്ല. എന്നാൽ ഈ ബന്ധങ്ങളിലെ മാധുര്യം അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി മാത്രമായിരുന്നു. ഇത് അഹ്മദ് ബേഗിന്റെയും മുഹമ്മദീ ബേഗത്തിന്റെയും കുടുംബമായിരുന്നു, അവർ കടുത്ത മതനിഷേധികളും ജമാഅത്തിന്റെ ശത്രുക്കളുമായിരുന്നു. മിർസാ മുഹമ്മദ് ബേഗ് ജമ്മുവിൽ പോയി ജോലി ചെയ്യാൻ ആഗ്രഹിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ് (അ)യോട് ഹദ്റത്ത് ഹകീമുൽ ഉമ്മത്ത് (റ) യുടെ പേരിൽ ഒരു ശിപാർശ കത്ത് നല്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ് (അ) യാതൊരു മടിയും കൂടാതെ താഴെ പറയുന്ന കത്ത് എഴുതി നല്കി. കാരണം അദ്ദേഹം ഏതൊരു ന്യായമായ ആവശ്യത്തെയും നിരസിക്കാറില്ലായിരുന്നു. അതിൽ എഴുതി: താങ്കളുടെ പക്കലുള്ള മുഹമ്മദ് ബേഗ് എന്ന ആൺകുട്ടിയെക്കുറിച്ച് താങ്കൾക്ക് അറിയാമല്ലോ. അവന്റെ പിതാവ് മിർസാ അഹ്മദ് ബേഗ് തന്റെ അറിവില്ലായ്മയും അജ്ഞതയും കാരണം ഈ എളിയവനോട് കടുത്ത ശത്രുതയും വിരോധവും വെച്ചുപുലർത്തുന്നു. അവരുടെ കഠിനമായ പെരുമാറ്റത്തിന് പകരം സൗമ്യത സ്വീകരിച്ചു കൊണ്ട് ഇദ്ഫഅ് ബില്ലതീ ഹിയ അഹ്സൻ, അതായത് ഏറ്റവും നല്ല മാർഗത്തിലൂടെ തിന്മ അകറ്റുക എന്ന പുണ്യം ലഭിക്കട്ടെ. അതിൽ യാതൊരു തടസ്സവുമില്ല. എന്റെ നയം അവരോട് ഏറ്റവും നല്ല രീതിയിൽ മറുപടി പറയുകയും അവരോട് നന്മ ചെയ്യുകയുമാണ്. അങ്ങനെയാണെങ്കിൽ അല്ലാഹുവിന്റെ ഈ കല്പന അനുസരിച്ച് എനിക്ക് എന്തുകൊണ്ട് ആ സുകൃതം ലഭിച്ചുകൂടാ. മൗലവി സാഹിബ്, എനിക്ക് പോലീസ് വകുപ്പിൽ ജോലി ഏർപ്പാടാക്കി തരണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ ബാലൻ മുഹമ്മദ് ബേഗിന്റെ പല കത്തുകളും ലഭിച്ചിട്ടുണ്ട്. ഈ കത്തിന് ശേഷം ഹദ്റത്ത് മൗലവി സാഹിബ് അവനെ പോലീസിൽ കയറ്റി.

ഈ സംഭവങ്ങളിൽ നിന്ന് വ്യക്തമാകുന്നത്, **സൃഷ്ടികളുടെ നന്മയ്ക്കായി അദ്ദേഹം എല്ലാവിധത്തിലും തയ്യാറായിരുന്നെന്നും ഔദാര്യത്തിൽ നിന്നും ശിപാർശയിൽ നിന്നും ഒരിക്കലും പിന്നോട്ട് പോയിരുന്നില്ലെന്നുമാണ്. എന്നിരുന്നാലും, അമിതവ്യയമാണെന്ന് തോന്നുന്ന കാര്യങ്ങളിൽ നിന്ന് അദ്ദേഹം വിട്ടുനിൽക്കുകയും ചെയ്തിരുന്നു, കാരണം അമിതവ്യയം പാടില്ലല്ലോ.**

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) വാല്യം രണ്ട്, ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി, പേജ് 298, 299)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് തന്നെ എഴുതുന്നു: ഖാദിയാനിൽ നിഹാൽ ചന്ദ് എന്ന് പേരുള്ള ഒരാൾ ഉണ്ടായിരുന്നു, നിഹാല എന്ന് വിളിക്കുമായിരുന്നു. ബഹാരോ രാജ് എന്ന ഒരു ബ്രാഹ്മണനായിരുന്നു. നിഹാൽ ചന്ദ് ബഹാരോ രാജ് ഒരു ബ്രാഹ്മണനായിരുന്നു. തന്റെ യൗവനകാലത്ത് ഹിന്ദു ആയിരുന്നു. അവൻ പ്രശസ്തനായ കേസ് നടത്തുന്ന ഒരാളായിരുന്നു. അവസാന കാലം വരെ ഏകദേശം അവന്റെ അവസ്ഥ ഇങ്ങനെ തന്നെയായിരുന്നു. ഹദ്റത്ത് അഖ്ദസിന്റെ കുടുംബത്തോട് പൊതുവെ മത്സരിക്കുകയും കുഴപ്പങ്ങൾ ഉണ്ടാക്കുകയും ചെയ്തിരുന്നവരിൽ ഒരാളായിരുന്നു അവൻ. പിന്നീട് ജമാഅത്തിന്റെ ശത്രുക്കളോടൊപ്പവും അവൻ കൂടുമായിരുന്നു. അവസാന കാലത്ത് അവന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമായി. ചിലപ്പോൾ ദൈനംദിന ആവശ്യങ്ങൾക്കായി പോലും പ്രയാസങ്ങൾ നേരിട്ടു. ഭക്ഷണം കഴിക്കാൻ പ്രയാസമായി.

അവൻ ഒരിക്കൽ ഹദ്റത്ത് അഖ്ദസിന്റെ വാതിൽക്കൽ വന്ന് കൂടിക്കാഴ്ചയ്ക്ക് ആഗ്രഹിക്കുകയും വിവരം അറിയിക്കുകയും ചെയ്തു. ശത്രുവായിരുന്നു, പക്ഷേ അത്തരം ആളുകൾക്ക് ലജ്ജയൊന്നും ഉണ്ടായിരുന്നില്ല. ഏതായാലും, അവൻ അദ്ദേഹത്തിന്റെ പടിവാതിൽക്കൽ ഹാജരായി, കൂടിക്കാഴ്ചയ്ക്ക് ആഗ്രഹിച്ചു, വിവരം അറിയിച്ചു. ഹദ്റത്ത് സാഹിബ് ഉടൻ തന്നെ പുറത്തിറങ്ങി. അവൻ സലാം പറഞ്ഞ് തന്റെ കഥ പറയാൻ തുടങ്ങി. ഹദ്റത്ത് അഖ്ദസ് അവനെ ആശ്വസിപ്പിക്കുക മാത്രമല്ല, ഇരുപത്തിയഞ്ച് രൂപ നല്കുകയും, തൽക്കാലം ഇത് ഉപയോഗിക്കൂ, പിന്നീട് ആവശ്യം വരുമ്പോൾ എന്നെ അറിയിക്കൂ എന്ന് പറയുകയും ചെയ്തു. അങ്ങനെ അതിനുശേഷം മാസത്തിലോ രണ്ട് മാസത്തിലോ ഒരിക്കൽ വന്ന് തന്റെ ആവശ്യങ്ങൾക്കായി അദ്ദേഹത്തിൽ നിന്ന് ന്യായമായ തുക വാങ്ങുക എന്നത് അവന്റെ ശീലമായി മാറി. അവൻ ഹദ്റത്ത് അഖ്ദസിൽ നിന്ന് മാത്രമല്ല, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)യിൽ നിന്നും ഒരു പ്രത്യേക വാഗ്ദാനത്തിന്മേൽ കടമായി വലിയൊരു തുക വാങ്ങിയിരുന്നു. ആ വാഗ്ദാനത്തിന്റെ സമയം കഴിഞ്ഞപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) അവനോട് ആവശ്യപ്പെട്ടു, എന്നാൽ അവൻ നിസ്സാരമായ മറുപടി പറഞ്ഞ് ഒഴിഞ്ഞുമാറി. അവസാനം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) എന്നോട്, അതായത് ഞാൻ(നിവേദകൻ) അവനോട് ചോദിക്കണമെന്ന് പറഞ്ഞു. ഞാൻ അവനോട് ചോദിച്ചപ്പോൾ, മുകളിൽ പറഞ്ഞ സംഭവം അവൻ വിവരിച്ചു. മൗലവി സാഹിബ് പല തവണ ആളുകളെ അയക്കുന്നു, മിർസാ ജി എപ്പോഴും എനിക്ക് പണം നല്കുന്നു, അതിലൂടെയാണ് എന്റെ ജീവിതം മുന്നോട്ട് പോകുന്നത് എന്ന് അവൻ പറഞ്ഞു. ഞാൻ വന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനോട് കാര്യങ്ങൾ പറഞ്ഞു, അപ്പോൾ അദ്ദേഹം പറഞ്ഞു, എങ്കിൽ ശരി, ഇനി അവനോട് ചോദിക്കേണ്ടതില്ല എന്ന്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലും പിന്നീട് അവനോട് ചോദിച്ചിട്ടില്ല.

അതുപോലെ പണ്ഡിറ്റ് ഭേജ് നാഥ് എന്നൊരാളും ഉണ്ടായിരുന്നു. ചില അവസരങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തോടും ഉദാരത കാണിച്ചിട്ടുണ്ടെന്ന് എനിക്കറിയാമെന്ന് ശൈഖ് യഅ്ഖൂബ് അലി സാഹിബ് പറയുന്നു, എന്നിരുന്നാലും അദ്ദേഹത്തിന്റെ പെരുമാറ്റം നന്നായിരുന്നില്ല.

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) വാല്യം രണ്ട്, ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി, പേജ് 289, 290)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: തന്റെ ഇംഗ്ലീഷ് പുസ്തകമായ അഹ്മദിയ്യ മൂവ്മെന്റിൽ വൈ.എം.സി.എ-യുടെ സെക്രട്ടറിയായിരുന്ന പാതിരി വാൾട്ടർ എം.എ അഹ്മദിയ്യ മൂവ്മെന്റ് എന്ന പുസ്തകം എഴുതി. അതിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെക്കുറിച്ച് അദ്ദേഹം ഇങ്ങനെ അഭിപ്രായം രേഖപ്പെടുത്തി:

**മിർസാ സാഹിബ് തന്റെ സ്വഭാവത്തിൽ ലളിതവും ഉദാരവുമായ വികാരങ്ങൾ വച്ചുപുലർത്തുന്ന ആളായിരുന്നുവെന്ന് എല്ലാ വിധത്തിലും തെളിയിക്കപ്പെട്ട കാര്യമാണ്. തന്റെ എതിരാളികളിൽ നിന്നുള്ള കടുത്ത എതിർപ്പും പീഡനങ്ങളും നേരിടുന്നതിൽ അദ്ദേഹം കാണിച്ച ധാർമ്മിക**

**മായ ആർജവം തീർച്ചയായും പ്രശംസനീയമാണ്. കാന്തികമായ ആകർഷണവും വളരെ മാന്യമായ പെരുമാറ്റവുമുള്ള ഒരാൾക്ക് മാത്രമേ അത്തരം ആളുകളുടെ സൗഹൃദവും വിശ്വസ്തതയും നേടാൻ കഴിയൂ, അവരിൽ കുറഞ്ഞത് രണ്ടുപേരെങ്കിലും അഫ്ഗാനിസ്ഥാനിൽ സ്വന്തം വിശ്വാസങ്ങളുടെ പേരിൽ ജീവൻ ബലിയർപ്പിച്ചവരാണ്.**

ആ രക്തസാക്ഷികളെക്കുറിച്ച് അദ്ദേഹം പരാമർശിക്കുന്നു:

**ഹദ്റത്ത് മസീഹ് മൗഊദ് (അ)യുടെ പെരുമാറ്റം കൊണ്ടാണ് അവർ മിർസാ സാഹിബിന്റെ കോന്തല വിട്ടുപോകാതിരുന്നത് എന്ന് അദ്ദേഹം പറയുന്നു. ചില പഴയ അഹ്മദികളോട് അവർ അഹ്മദിയായതിന്റെ കാരണം തിരക്കിയപ്പോൾ, മിർസാ സാഹിബിന്റെ വ്യക്തിപരമായ സ്വാധീനവും അദ്ദേഹത്തിന്റെ ആകർഷകമായ വ്യക്തിത്വവുമാണ് ഏറ്റവും വലിയ കാരണമായി ഭൂരിഭാഗം പേരും എടുത്തു പറഞ്ഞത്.**

*(സീറത്തുൽ മഹ്ദി വാല്യം 1, ഭാഗം 1, പേജ് 268, 269, റിവായത്ത് 297)*

എതിരാളികൾ വരികയും അവരുടെ സംശയങ്ങൾ ദൂരീകരിക്കാൻ എന്നോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയാണെങ്കിൽ അവരുടെ ചിലവ് വഹിക്കാൻ പോലും താൻ തയ്യാറാണെന്ന് പൊതു സദസ്സുകളിലും ഹുസൂർ പറയാറുണ്ടായിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇതുമായി ബന്ധപ്പെട്ട് എഴുതുന്നു:

മിയാൻ ഫഖ്റുദ്ദീൻ സാഹിബ് മുൽതാനി എന്നോട് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലത്ത് ഒരിക്കൽ എന്റെ പിതാവ് ഇവിടെ വന്നു. അയാൾ കടുത്ത എതിരാളിയും മോശമായി സംസാരിക്കുന്നവനുമായിരുന്നു. ഇവിടെ വന്നിട്ടും അയാൾ വളരെ രൂക്ഷമായ കാര്യങ്ങൾ സംസാരിച്ചുകൊണ്ടേയിരുന്നു. മുൽതാനിൽ ആയിരുന്നപ്പോൾ അദ്ദേഹം പറയുമായിരുന്നു: ഞാൻ എപ്പോഴെങ്കിലും മിർസയെ കണ്ടുമുട്ടിയാൽ (നഊദുബില്ലാഹ്) അദ്ദേഹത്തിന്റെ മുഖത്ത് നോക്കി ശാപങ്ങൾ ചൊരിയും. അതായത് ഇവിടെ വന്ന് പറയുന്നത് പോലെ അദ്ദേഹത്തിന്റെ മുമ്പിലും പറയുമെന്ന്. എന്തായാലും ഞാൻ അയാളെ ഹദ്റത്ത് സാഹിബിന്റെ അടുത്തേക്ക് കൊണ്ടുപോയി. ഹുസൂർ പുറത്തേക്ക് വന്നപ്പോൾ എന്റെ പിതാവ് വലിയ ബഹുമാനത്തോടെ എഴുന്നേറ്റ് നിൽക്കുകയും പിന്നീട് ഭയപ്പെട്ട് പുറകിലേക്ക് മാറി ഇരിക്കുകയും ചെയ്തു. ആ സമയത്ത് സദസ്സിൽ മറ്റ് ആളുകളും ഉണ്ടായിരുന്നു. ചോദ്യങ്ങളൊന്നുമില്ലാതെ തന്നെ ഹുസൂർ അവിടെയിരുന്ന് പ്രസംഗിക്കാൻ തുടങ്ങി. ഹുസൂർ പറഞ്ഞു: ആളുകൾ നമ്മുടെ അടുത്തേക്ക് വരികയും നമ്മുടെ കാര്യങ്ങൾ കേൾക്കുകയും നമ്മളോട് ചോദ്യങ്ങൾ ചോദിക്കുകയും വേണമെന്ന് നാം പലതവണ ആഗ്രഹിക്കുന്നു. അവർക്ക് വേണ്ടി ചിലവഴിക്കാൻ പോലും നാം തയ്യാറാണ്. എന്നാൽ ഒന്നാമത് ആളുകൾ വരാറില്ല. വന്നാൽ തന്നെ നിശ്ശബ്ദരായി ഇരിക്കുന്നു. പിന്നീട് പോയി പിറകിൽ സംസാരിക്കുന്നു. ചുരുക്കത്തിൽ, ഹുസൂർ വ്യക്തമായി പ്രസംഗിക്കുകയും തബ്ലീഗ് നടത്തുകയും ചെയ്തു. സംസാരിക്കാൻ പലതവണ അവരോട് ആവശ്യപ്പെടുകയും ചെയ്തു. എന്റെ പിതാവ് വലിയ വാഗ്മി ആണെങ്കിലും ഹുസൂറിന്റെ മുന്നിൽ വായിൽ മുദ്ര പതിഞ്ഞതു പോലെയായി. ഒരു വാക്ക് പോലും സംസാരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അവിടെ നിന്ന് എഴുന്നേറ്റ ശേഷം ഞാൻ അദ്ദേഹത്തോട് ചോദിച്ചു: താങ്കൾ അവിടെ എന്തുകൊണ്ട് സംസാരിച്ചില്ല? അദ്ദേഹം ഒന്നും പറഞ്ഞില്ല. സംസാരങ്ങൾക്കിടയിൽ അത് വഴിതിരിച്ചു വിട്ടു. ഏതായാലും മിയാൻ ഫഖ്റുദ്ദീൻ സാഹിബ് പറയുന്നു: ഹദ്റത്ത് സാഹിബ് ആ പ്രസംഗത്തിൽ എന്റെ പിതാവിനെ അഭിസംബോധന ചെയ്തതല്ല, മറിച്ച് പൊതുവായ പ്രസംഗം നടത്തിയതാണ്. എന്നാൽ നിർഭാഗ്യവശാൽ മിയാൻ ഫഖ്റുദ്ദീൻ സാഹിബും ഖിലാഫത്ത് സാനിയയുടെ കാലത്ത് ജമാഅത്ത് വിട്ടുപോകുകയുണ്ടായി.

*(സീറത്തുൽ മഹ്ദി വാല്യം 1, ഭാഗം 1, പേജ് 54, 55, റിവായത്ത് 74)*

ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു: ലുധിയാനയിലെ പരേതനായ മൗലവി അബ്ദുൽ ഖാദിർ സാഹിബിന്റെ മകളും നുസ്രത്ത് ഹൈസ്കൂളിലെ അധ്യാപികയുമായ സഫിയ ബീഗം സാഹിബ താൻ കണ്ട കാര്യം എന്നോട് വിവരിച്ചു. ഒരിക്കൽ ഒരു യാചകൻ ജനലിലൂടെ ഒരു കുപ്പായം ചോദിച്ചു. ഹദ്റത്ത് സാഹിബ് തന്റെ കുപ്പായം അഴിച്ചു ജനലിലൂടെ ആ പാവപ്പെട്ടവന് നല്കി. പരേതനായ എന്റെ പിതാവ് ഇത് കണ്ടുകൊണ്ടിരിക്കുകയായിരുന്നു, സുബ്ഹാനല്ലാഹ്! എന്ത് വലിയ ഔദാര്യമാണ് ഹുസൂർ കാണിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു.

*(സീറത്തുൽ മഹ്ദി വാല്യം 2, ഭാഗം 5, പേജ് 311, റിവായാത്ത് 1565)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു: മൗലവി അബ്ദുൽ റഹ്മാൻ സാഹിബ് ഫാസിൽ ജട്ടിന്റെ അമ്മായിയമ്മയും പരേതനായ ഹാഫിസ് ഹാമിദ് അലി സാഹിബിന്റെ ഭാര്യയുമായ റസൂൽ ബീബി സാഹിബ വിവരിച്ചു: ഞങ്ങളുടെ ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും എല്ലാ ചിലവുകളും വഹിച്ചിരുന്നത് ഹുസൂർ ആയിരുന്നു. ഒരിക്കൽ ഹുസൂർ തനിക്കും ഹാഫിസ് ഹാമിദ് അലി സാഹിബിനും വേണ്ടി ഓരോന്നു വീതം വാസ്കറ്റ് തുന്നിപ്പിച്ചു. ഒരേ തരം വാസ്കറ്റ്. തണുപ്പുകാലമായിരുന്നു. ഞാൻ ഹാഫിസ് സാഹിബിനോട് പറഞ്ഞു: ഞാൻ സുബ്ഹി നമസ്കാരത്തിനായി എഴുന്നേൽക്കുമ്പോഴും അത്താഴത്തിന് ഭക്ഷണം പാകം ചെയ്യുമ്പോഴും എനിക്ക് തണുക്കുന്നു. ഹാഫിസ് സാഹിബ്, ഹുസൂർ അദ്ദേഹത്തിന് നല്കിയ ആ ചൂടുള്ള വാസ്കറ്റ് എനിക്ക് തന്നു, നീ ഇത് ധരിച്ചോളൂ എന്ന് പറഞ്ഞു. ഞാൻ അത് ധരിച്ച് അടുപ്പിൽ തീ കത്തിക്കുമ്പോൾ ഹുസൂർ അങ്ങോട്ട് വന്നു: റസൂൽ ബീബി, നിങ്ങൾ എന്റെ വാസ്കറ്റ് മോഷ്ടിച്ചതാണോ എന്ന് തമാശരൂപേണ ചോദിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: **ഹുസൂർ, എല്ലാം താങ്കളുടേതാണ്, താങ്കളുടെത് തന്നെയാണ് ഞങ്ങൾ കഴിക്കുന്നത്, താങ്കളുടെത് തന്നെയാണ് ഞങ്ങൾ ധരിക്കുന്നത്. അപ്പോൾ ഹുസൂർ ചിരിച്ചു.പറഞ്ഞു, നന്നായി തിന്നുകയും കുടിക്കുകയും ചെയ്യുക.**

*(സീറത്തുൽ മഹ്ദി വാല്യം 2, ഭാഗം 5, ആശയസംഗ്രഹം പേജ് 288, റിവായത്ത്1517)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് പറയുന്നു: **ആർക്കെങ്കിലും എന്തെങ്കിലും നല്കിയാൽ അത് പ്രദർശനത്തിന് വേണ്ടിയായിരുന്നില്ല, മറിച്ച് അല്ലാഹുവിന്റെ പ്രീതിക്കും സൃഷ്ടികളോടുള്ള കാരുണ്യത്തിനും വേണ്ടിയായിരുന്നു എന്നതാണ് ഹുസൂറിന്റെ ശീലം. അതുകൊണ്ട് സാധാരണയായി വളരെ രഹസ്യമായാണ് നല്കിയിരുന്നത്. മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കാനും പ്രായോഗിക പാഠം നല്കാനും വേണ്ടി ചിലപ്പോൾ പരസ്യമായും ചെയ്യാറുണ്ടായിരുന്നു.**

രഹസ്യമായി ചെയ്യുമ്പോൾ ഹുസൂറിന് ഒരു പ്രത്യേക ശൈലി ഉണ്ടായിരുന്നു, അത് സ്വീകരിക്കുന്ന ആൾക്ക് പോലും പലപ്പോഴും അറിയില്ലായിരുന്നു. ഇതിനെക്കുറിച്ച് അദ്ദേഹം പറയുന്നു: ഞാൻ ഒരു സംഭവം വിവരിക്കാം. മുൻശി മുഹമ്മദ് നസീബ് സാഹിബ്- അദ്ദേഹം ഇപ്പോൾ ഖാദിയാനുമായുള്ള ബന്ധം വിച്ഛേദിച്ച് പുറകോട്ടടിച്ചിട്ടുണ്ട്. അദ്ദേഹം പിന്നീട് ഒരു അനാഥനായി ഖാദിയാനിൽ വരുകയും ഹദ്റത്ത് അഖ്ദസിന്റെ കാരുണ്യത്താൽ ഖാദിയാനിൽ താമസിച്ച് വിദ്യാഭ്യാസം നേടുകയും ചെയ്തു. അദ്ദേഹത്തിന്റെ ചിലവുകളും ആവശ്യങ്ങളും വഹിച്ചിരുന്നത് ജമാഅത്ത് തന്നെയായിരുന്നു. അദ്ദേഹം വളരുകയും വിവാഹം കഴിക്കുകയും ചെയ്തപ്പോൾ ലാഹോറിലെ പത്ര ഓഫീസിൽ എഴുത്തുകാരനായി. പിന്നീട് ബദർ ഓഫീസ് ഖാദിയാനിൽ വന്ന് മാസത്തിൽ പന്ത്രണ്ട് രൂപ ശമ്പളത്തിൽ ജോലി ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിക്ക് അല്ലാഹു ആദ്യത്തെ മകനായി നസീർ അഹ്മദിനെ നല്കിയപ്പോൾ അദ്ദേഹം പിന്നീട് മരണപ്പെട്ടു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് പരേതനായ നസീർ അഹ്മദിനായി ഒരു കുഞ്ഞിനെ നോക്കുന്ന ആയയെ ആവശ്യമായി വന്നു. അദ്ദേഹം പറയുന്നു, ഇത്തരം അവസരത്തിൽ സ്വന്തം ഭാര്യയുടെ സേവനം സമർപ്പിക്കാൻ ഞാൻ ശൈഖ് മഹ്മൂദ് നസീബിനോട് നിർദേശിച്ചു. ഇത് ഹംഖുർമാ വ ഹം സവാബ് എന്ന അവസരമാണ്, അതായത് ആനന്ദവും പ്രതിഫലവും ലഭിക്കുന്ന കാര്യം. താങ്കൾക്ക് ഇത് ഇരട്ടി ഗുണം ചെയ്യും. എന്റെ ഉപദേശത്തെ ശൈഖ് സാഹിബ് വലിയ ബഹുമാനത്തോടെ കാണുകയും അദ്ദേഹത്തിന് ഈ അവസരം ലഭിക്കുകയും അദ്ദേഹത്തിന്റെ ഭാര്യ സാഹിബ്സാദ നസീർ അഹ്മദ് സാഹിബിന് പാൽ കൊടുക്കുന്ന ജോലിയിൽ നിയമിതയാവുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) സംസാരത്തിനിടയിൽ ശൈഖ് മഹ്മൂദ് നസീബ് സാഹിബിന് എത്ര ശമ്പളം ലഭിക്കുന്നുണ്ടെന്ന് അന്വേഷിച്ചു. വെറും പന്ത്രണ്ട് രൂപയാണ് ലഭിക്കുന്നതെന്ന് അറിഞ്ഞപ്പോൾ, ഇത്രയും ചെറിയ ശമ്പളം കൊണ്ട് ജീവിതം മുന്നോട്ട് പോകാൻ ബുദ്ധിമുട്ടായിരിക്കുമെന്ന് ഹുസൂറിന് തോന്നി. അത് സാധനങ്ങൾക്ക് വളരെ വിലകുറഞ്ഞ കാലമായിരുന്നുവെങ്കിലും ഹദ്റത്ത് അഖ്ദസിന് അങ്ങനെ തോന്നി. ഒരു ദിവസം ആ വഴി പോകുമ്പോൾ അദ്ദേഹം അവരുടെ മുറിയിലേക്ക് ഇരുപത്തിയഞ്ച് രൂപയുടെ ഒരു കിഴി എറിഞ്ഞു. ഈ പണം എങ്ങനെയുള്ളതാണെന്ന് അറിയില്ലല്ലോ എന്ന് ശൈഖ് സാഹിബിന് തോന്നി. അവസാനം ഹദ്റത്ത് അഖ്ദസ് അദ്ദേഹത്തിന്റെ ബുദ്ധിമുട്ട് മനസ്സിലാക്കി, ബുദ്ധിമുട്ടുണ്ടാകരുതെന്നും സുഖമായി ജീവിക്കണമെന്നും കരുതി വച്ചതാണെന്ന് മനസ്സിലായി. അതിനാൽ ആ പണം ഉപയോഗിച്ച് അദ്ദേഹം ആഭരണങ്ങൾ ഉണ്ടാക്കി. കാരണം ആ സമയത്ത് അദ്ദേഹത്തിന്റെ ഭക്ഷണ ആവശ്യങ്ങൾ ഹദ്റത്തിന്റെ വിപുലമായ ലങ്കറിൽ നിന്ന് നിറവേറ്റപ്പെട്ടിരുന്നു.

*(ആശയസംഗ്രഹം: സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) വാല്യം രണ്ട്, ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി, പേജ് 294, 295)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് തന്നെ പറയുന്നു: യാചകരെ ഒരിക്കലും മടക്കി അയ

ക്കരുത് എന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നതുപോലെ തന്നെ, ചില ആളുകളുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവർ ചോദിക്കുന്നതിന് മുൻപ് തന്നെ സഹായിക്കുക എന്നതും അദ്ദേഹത്തിന്റെ ശീലമായിരുന്നു. 1904 ഒക്ടോബർ 28-ലെ കാര്യമാണ് പറയുന്നത്. സുബ്ഹിക്ക് മുമ്പ് ഹുസൂർ എട്ട് അല്ലെങ്കിൽ പത്ത് രൂപയുടെ തുക ഒരു ആത്മാർഥനായ മുഹാജിറിന് (അന്യദേശക്കാരന്) നല്കി. തണുപ്പുകാലമാണ്, താങ്കൾക്ക് വസ്ത്രങ്ങൾ ആവശ്യമായി വരുമെന്ന് പറഞ്ഞു. ആ ആ മുഹാജിറിന്റെ ഭാഗത്ത് നിന്ന് ഒരു ചോദ്യവും ഉണ്ടായിരുന്നില്ല. ഹദ്റത്ത് അലൈഹിസ്സലാം തന്നെ ആ ആവശ്യം മനസ്സിലാക്കി ഈ തുക നല്കി. ഇതൊരു സംഭവം മാത്രമല്ല,

**പലതവണ ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. രഹസ്യമായി അദ്ദേഹം ആവശ്യക്കാർക്ക് സഹായം ചെയ്തുകൊണ്ടിരുന്നു, അതിൽ സുഹൃത്തെന്നോ ശത്രുവെന്നോ ഹിന്ദു എന്നോ മുസ്ലീമെന്നോ ഉള്ള വ്യത്യാസം ഉണ്ടായിരുന്നില്ല.**

*(ആശയസംഗ്രഹം: സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) വാല്യം രണ്ട്, ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി, പേജ് 288, 289)*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് എഴുതുന്നു:

**ചിലപ്പോൾ ആളുകളുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവർ ചോദിക്കുന്നതിനോ വെളിപ്പെടുത്തുന്നതിനോ കാത്തുനിൽക്കാതെ തന്നെ സ്വയം സഹായം വാഗ്ദാനം ചെയ്യുക എന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ) യുടെ ശീലമായിരുന്നു.**

ഇതിനെക്കുറിച്ച് കാശ്മീർ സംസ്ഥാനത്തെ പെൻഷനറായ ഇൻസ്പെക്ടർ ശൈഖ് ഫത്ഹ് മുഹമ്മദ് സാഹിബ് ദീർഘകാലമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) യുടെ സമക്ഷത്തിൽ വരുന്ന ആളാണ് വിവരിക്കുന്നു: ഞാൻ എപ്പോഴൊക്കെ ഹദ്റത്തിന്റെ അടുത്ത് വരുന്നുവോ അപ്പോഴൊക്കെ എന്റെ യാത്രച്ചെലവ് നല്കാൻ ഹുസൂർ തയ്യാറാകാറുണ്ട്. എനിക്ക് ആവശ്യമില്ലാത്തതുകൊണ്ട് ഞാൻ ഒരിക്കലും വാങ്ങിയിട്ടില്ല. എന്നാൽ ഹദ്റത്തിന്റെ ഔദാര്യത്തിന്റെ നിലവാരം വളരെ വലുതായിരുന്നു. ചോദിക്കാതെ തന്നെ ഹുസൂർ എപ്പോഴും നല്കുമായിരുന്നു. ഇത് എന്നോടുള്ള കാര്യം മാത്രമല്ല, മിക്ക ആളുകൾക്കും അദ്ദേഹം നല്കിക്കൊണ്ടിരുന്നു. സിറിയയിൽ നിന്നും അറേബ്യയിൽ നിന്നും ചില ആളുകൾ വരാറുണ്ടായിരുന്നു, ഹുസൂർ, ദൂരത്തുനിന്നാണ് അവർ വന്നതെന്ന് അറിയാവുന്നത് കൊണ്ട് ചിലപ്പോൾ അവർക്ക് വലിയ തുക യാത്രച്ചെലവായി നല്കുമായിരുന്നു.

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) വാല്യം മൂന്ന്, ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി, പേജ് 309)*

അതുപോലെ ശൈഖ് യഅ്ഖൂബ് അലി സാഹിബ് എഴുതുന്നു: സാധാരണ നേരിട്ട് ചോദിക്കാത്ത ചില യാചകരും വരാറുണ്ട്, അവർ കടലാസിൽ എഴുതി നല്കും. അവർ ചോദിച്ച കാര്യം മറ്റാർക്കും അറിയില്ലായിരുന്നു. എന്നാൽ ഹദ്റത്ത് അഖ്ദസ് ഉള്ളിൽ നിന്ന് യാചകന് എന്തെങ്കിലും നല്കുമ്പോൾ അത് അറിയാമായിരുന്നു. അല്ലെങ്കിൽ അകത്തേക്ക് പോകുമ്പോൾ താങ്കൾ ഇരിക്കൂ, ഞാൻ വരാം എന്ന് പറയാറുണ്ടായിരുന്നു. ഹദ്റത്ത് സാഹിബ് വരുമ്പോൾ യാചകന് ആവശ്യമായ പണമോ വസ്ത്രമോ കൊണ്ടുവരുന്നത് കാണാമായിരുന്നു.

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) വാല്യം രണ്ട്, ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി, പേജ് 294)*

ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് പറയുന്നു: കപൂർത്തല നിവാസിയായ മിയാൻ ജി നിസാമുദ്ദീൻ അഹ്മദി വളരെ ദരിദ്രനായ ഒരാളായിരുന്നു. അദ്ദേഹം നടന്ന് ഖാദിയാനിൽ പോയി രണ്ട് അണ ഹുസൂറിന്റെ മുമ്പിൽ സംഭാവനയായി സമർപ്പിച്ചു. ഹുസൂർ ജസാക്കുമുല്ലാഹ് എന്ന് പറഞ്ഞ് ആ രണ്ട് അണ സ്വീകരിച്ചു. കുറച്ചു ദിവസങ്ങൾക്ക് ശേഷം നിസാമുദ്ദീൻ സാഹിബ് മടങ്ങാൻ തുടങ്ങിയപ്പോൾ ഹുസൂർ പറഞ്ഞു, നിൽക്കൂ. അദ്ദേഹം അകത്തുപോയി ഏഴോ എട്ടോ രൂപ കൊണ്ടുവന്ന് മിയാൻ ജി നിസാമുദ്ദീന് നല്കി.

*(അസ്ഹാബ് അഹ്മദ് വാല്യം 4, പേജ് 215)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: മുൻശി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി എഴുത്തുമൂലം എന്നോട് വിവരിച്ചു. മുൻശി അലി ഗൗഹർ സാഹിബ് കപൂർത്തലയിലെ തപാൽ ഓഫീസിൽ ജോലിക്കാരനായിരുന്നു. രണ്ടര രൂപയായിരുന്നു അദ്ദേഹത്തിന്റെ പെൻഷൻ. റിട്ടയർ ആയ ശേഷം അദ്ദേഹത്തിന്റെ ജീവിതം വളരെ ഞെരുക്കത്തിലായി. അദ്ദേഹം തന്റെ വീട് സ്ഥിതി ചെയ്യുന്ന ജലന്ധറിലേക്ക് പോയി. താങ്കൾ ഖാദിയാനിലേക്ക് പോകുമ്പോൾ എന്നെയും കൂടെ കൂട്ടണമെന്ന് അദ്ദേഹം എനിക്ക് കത്തെഴുതി. വലിയ ആത്മാർഥനായ അഹ്മദിയ്യായിരുന്നു അദ്ദേഹം. അദ്ദേഹം പറയുന്നു: ഞാൻ ഖാദിയാനിലേക്ക് പോകാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തെ കൂട്ടാൻ ജലന്ധറിലേക്ക് പോയി. അദ്ദേഹം വളരെ വിനയമുള്ളവനും അതിഥി സൽക്കാരം ഇഷ്ടപ്പെടുന്ന ആളുമായിരുന്നു. എനിക്കുവേണ്ടി അദ്ദേഹം വിഭവസമൃദ്ധമായ ഭക്ഷണം പാകം ചെയ്തു. അതിഥി സൽക്കാരത്തിനുള്ള സാധനങ്ങൾ വാങ്ങാൻ അദ്ദേഹം തന്റെ പാത്രം വിറ്റിരുന്നു എന്ന് പിന്നീട് എനിക്കറിയാൻ കഴിഞ്ഞു. ഹദ്റത്തിലൂടെ പരിശീലനം ലഭിച്ച സഹാബികളുടെ അവസ്ഥ ഇതായിരുന്നു. അദ്ദേഹം പറയുന്നു, ഞാൻ മുൻശി അലി ഗൗഹർ സാഹിബിന്റെ ടിക്കറ്റ് സ്വന്തം പണം നല്കി എടുത്തു. അദ്ദേഹം സ്വന്തം യാത്രച്ചെലവ് നല്കാൻ നിർബന്ധിച്ചപ്പോൾ ഞാൻ പറഞ്ഞു: ഇത് താങ്കൾ ഹദ്റത്ത് സാഹിബിന്റെ സമക്ഷത്തിൽ സമർപ്പിക്കൂ. അദ്ദേഹത്തിന്റെ അവസ്ഥയെക്കുറിച്ച് എനിക്കറിയാമായിരുന്നു. ടിക്കറ്റ് ഞാൻ സ്വന്തമായി എടുത്തു, അദ്ദേഹം വളരെ നിർബന്ധിച്ചപ്പോൾ ഞാൻ പറഞ്ഞു: എങ്കിൽ ശരി, ഈ രൂപ ഹദ്റത്ത് മസീഹ് മൗഊദ് (അ)യുടെ സമക്ഷത്തിൽ സമർപ്പിക്കൂ. അങ്ങനെ രണ്ട് രൂപ അദ്ദേഹം ഹദ്റത്ത് സാഹിബിന്റെ സമക്ഷത്തിൽ സമർപ്പിച്ചു. എട്ടുപത്തു ദിവസം അവിടെ താമസിച്ച ശേഷം ഞങ്ങൾ മടങ്ങാൻ അനുവാദം ചോദിച്ചപ്പോൾ, ഹുസൂർ അനുവാദം നല്കുകയും മുൻശി സാഹിബിനോട് അല്പം നിൽക്കാൻ പറയുകയും ചെയ്തു. പിന്നീട് അദ്ദേഹം പത്തോ പതിനഞ്ചോ രൂപ മുൻശി സാഹിബിന് കൊണ്ടുവന്നു നല്കി. മുൻശി സാഹിബ് കരയാൻ തുടങ്ങി, ഹുസൂർ, ഞാൻ സേവനം ചെയ്യേണ്ടതാണോ അതോ ഹുസൂറിൽ നിന്ന് വാങ്ങേണ്ടതാണോ എന്ന് ചോദിച്ചു. ഹദ്റത്ത് സാഹിബ് എന്നോട് പറഞ്ഞു: ഇദ്ദേഹം താങ്കളുടെ സുഹൃത്താണ്. താങ്കൾ ഇദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കൂ. ഹദ്റത്ത് മസീഹ് മൗഊദ് (അ) നല്കിയതിൽ ബർക്കത്തുണ്ടെന്നും അത് സ്വീകരിക്കാനും ഞാൻ പറഞ്ഞു മനസ്സിലാക്കിയപ്പോൾ അദ്ദേഹം അത് സ്വീകരിച്ചു. ഞങ്ങൾ മടങ്ങി. ഹദ്റത്ത് സാഹിബിന് മുൻശി സാഹിബിന്റെ അവസ്ഥയെക്കുറിച്ച് ഒട്ടും അറിയില്ലായിരുന്നുവെന്നത് ശ്രദ്ധേയമാണ്.

*(ആശയസംഗ്രഹം : സീറത്തുൽ മഹ്ദി വാല്യം 2, ഭാഗം 4, പേജ് 96 മുതൽ 97 വരെ, റിവിയത് നമ്പർ 1123)*

ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് തന്നെ എഴുതുന്നു:

**ഹദ്റത്ത് അഖ്ദസിന് തന്റെ സേവകരുടെ മനസ്സ് സന്തോഷിപ്പിക്കുന്ന കാര്യത്തിൽ വലിയ ശ്രദ്ധ ഉണ്ടായിരുന്നു. ഹുസൂർ അതിനായി സ്വയമേവ എല്ലാവിധ ത്യാഗങ്ങളും പ്രായോഗികമായി പ്രകടിപ്പിക്കാറുണ്ടായിരുന്നു.**

അദ്ദേഹം പറയുന്നു: ഒരിക്കൽ ഈദ് ദിവസമായിരുന്നു, എന്റെ തലയിൽ കെട്ടുന്ന തലപ്പാവ് വൃത്തിയുള്ളതായിരുന്നില്ല എന്ന് കാരണം ഞങ്ങൾ വരുന്നത് ഒന്നോ രണ്ടോ ദിവസത്തെ ഒഴിവ് കണ്ടെത്തിയാണ്. എന്നാൽ ഇവിടെ ഖാദിയാനിൽ എത്തിയാൽ ഇവിടെ കുറച്ചു ദിവസം താമസിക്കാൻ ഹുസൂർ കൽപ്പിക്കും. അപ്പോൾ ഞങ്ങൾക്ക് ജോലിക്ക് പോകേണ്ട കാര്യം പോലും ഓർമ്മയുണ്ടാകില്ല. ഞങ്ങൾ അവിടെ താമസിക്കും. അതുപോലെ ഒരിക്കൽ ഞങ്ങൾ വന്നപ്പോൾ ഈദ് ദിവസമായി. ഞാൻ ഒരു തലപ്പാവ് മാത്രമേ കരുതിയിരുന്നുള്ളൂ, അത് അഴുക്കായി. അത് വിപണിയിൽ പോയി വാങ്ങാമെന്ന് ഞാൻ കരുതി. ഞാൻ മാർക്കറ്റിലേക്ക് പോകുമ്പോൾ അദ്ദേഹം എന്നെ കണ്ടു. ഹുസൂറിന്റെ ഉൾക്കാഴ്ച ദൈവദത്തമായിരുന്നു. എങ്ങോട്ടാണ് പോകുന്നതെന്ന് ചോദിച്ചു. ഞാൻ പറഞ്ഞു, ഈദ് ദിവസമാണ്, എന്റെ തലപ്പാവ് അഴുക്കാണ്, അത് വാങ്ങാൻ മാർക്കറ്റിലേക്ക് പോവുകയാണ്. അപ്പോൾ തന്നെ അവിടെ നിന്നുകൊണ്ട് തന്റെ സ്വന്തം തലപ്പാവ് അഴിച്ചു എനിക്ക് നല്കി. ഇത് ഇഷ്ടപ്പെട്ടാൽ എടുത്തോളൂ എന്ന് പറഞ്ഞു. ഞാൻ

**• ഹദീഥുന്നബ്വി ﷺ •**



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

(ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബ്വി ﷺ •**

**"ഊസ്വീക്കും ബിൽജാരി."**

**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

മറ്റൊന്ന് കെട്ടിക്കൊള്ളാം എന്നും പറഞ്ഞു. ആ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രഭാവം എങ്ങനെയുണ്ടായിരുന്നു എന്ന് വാക്കുകൾ കൊണ്ട് പറയാനാവില്ല. ഞാൻ വലിയ ബഹുമാനത്തോടെ ആ തലപ്പാവ് വാങ്ങി. അദ്ദേഹം യാതൊരു മടിയും കൂടാതെ വീട്ടിലേക്ക് പോകുകയും പിന്നീട് മറ്റൊരു തലപ്പാവ് കെട്ടി വരികയും ചെയ്തു.

*(ആശയസംഗ്രഹം: അസ്ഹാബ് അഹ്മദ് വാല്യം 4, പേജ് 225–226)*

ഹദ്റത്ത് മിയാൻ ഖൈറുദ്ദീൻ സാഹിബ് വിവരിക്കുന്നു: ഹുസൂർ വാദം പുറപ്പെടുവിക്കുന്നതിന് മുമ്പുള്ള ഒരു സന്ദർഭമാണ്. ഹുസൂറിന്റെ ജ്യേഷ്ഠന്റെ വിവാഹമായിരുന്നു, അവർ കുറച്ച് ആടുകളെ കൊണ്ടുവന്നിരുന്നു. നംഗൽ ബാഗ്ബാനയിൽ നിന്നുള്ള ഒരാളായിരുന്നു അവ മേയിച്ചിരുന്നത്. ഒരു ദിവസം ഹുസൂർ ഉലാത്താൻ പോകുമ്പോൾ അയാൾ ആ ആടുകളെ മേയ്ക്കുകയായിരുന്നു. കൂടെ അയാളുടെ മകനുമുണ്ടായിരുന്നു, അവൻ നഗ്നപാദനായിട്ടായിരുന്നു നടന്നത്. അവൻ നഗ്നപാദനായി നടക്കുന്നത് കണ്ട് ഹുസൂർ ചോദിച്ചു, മിയാൻ(കുഞ്ഞേ), നഗ്നപാദനായി നടക്കുകയാണോ, മുള്ളുകൾ തറക്കുന്നില്ലേ? അവൻ പറഞ്ഞു, ഹുസൂർ, എന്റെ കൈവശം ചെരിപ്പില്ല, എന്റെ പിതാവ് ദരിദ്രനാണ്, അദ്ദേഹത്തിന് അത് വാങ്ങാൻ കഴിയില്ല. ഹുസൂർ തന്റെ കാലിൽ നിന്ന് ഒരു ചെരുപ്പഴിച്ചു അവനോട് പറഞ്ഞു, ഇത് ധരിച്ചു നോക്കൂ, പാകമാണോ എന്ന് നോക്കൂ. താൻ എങ്ങനെ ഹുസൂറിന്റെ ചെരുപ്പ് ധരിക്കും എന്ന് പറഞ്ഞ് അവൻ മടിച്ചു. ഹുസൂർ പറഞ്ഞു: മടിവേണ്ട, ധരിച്ചേ പറ്റൂ. അവൻ ഒരു കാലിൽ ചെരുപ്പ് ധരിച്ചപ്പോൾ ഹുസൂർ പറഞ്ഞു: അതെ, പാകം തന്നെയാണ്. പിന്നീട് രണ്ടാമത്തെ ചെരുപ്പും അഴിച്ച് അത് ധരിക്കാൻ പറഞ്ഞു. അവൻ അതും ധരിച്ചു. അതിൽ ഹുസൂർ വളരെ സന്തോഷിക്കുകയും ശരി, ഇപ്പോൾ പാകമായി എന്ന് പറയുകയും ചെയ്തു. ഇത് ഉപയോഗിച്ചോളൂ. അങ്ങനെ അദ്ദേഹം നഗ്നപാദനായി തിരികെ വീട്ടിലേക്ക് പോയി. ഹുസൂറിന് ഇരുപതോ മുപ്പതോ വയസ്സുള്ളപ്പോഴുള്ള കാര്യമാണിത്.

*(ആശയസംഗ്രഹം: റിവായാത്ത് അസ്ഹാബ് അഹ്മദ് വാല്യം 5, പേജ് 380)*

**ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) തന്റെ നേതാവും വഴികാട്ടിയുമായ നബി തിരുമേനി (സ)യുടെ പിൻതുടർച്ചയിൽ ഉദാരതയുടെയും ദാനത്തിന്റെയും പ്രതീകമായിരുന്നു. എങ്കിലും ചിലപ്പോൾ യുക്തിയും ഔചിത്യവും മുൻനിർത്തി യാചകന് നല്കുന്നതിൽ നിന്ന് അദ്ദേഹം വിട്ടുനിൽക്കാറുമുണ്ടായിരുന്നു.**

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് എഴുതുന്നു, ബൈഅത്ത് നടന്ന 1889–ൽ അദ്ദേഹം ലുധിയാനയിലായിരുന്നു. ഒരവസരത്തിൽ ഒരു യാചകൻ വന്ന് പറഞ്ഞു: എന്റെ ഒരു ബന്ധു മരണപ്പെട്ടു. കഫൻ പുതക്കാനുള്ള സൗകര്യം എന്റെ പക്കലില്ല. യാചിച്ചു കിട്ടിയ കുറച്ചു വെള്ളി, ചെമ്പ് നാണയങ്ങൾ ഒരു പാത്രത്തിൽ കാണിച്ചുകൊണ്ട് അയാൾ പറഞ്ഞു: ഇത്രയും പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ബാക്കി കൂടി വേണം. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ആത്മാർത്ഥ സേവകനായിരുന്ന ഖാസി ഖാജ അലി സാഹിബിനോട് പറഞ്ഞു: ഖാസി സാഹിബ്, ഇദ്ദേഹത്തോടൊപ്പം പോയി കഫൻ ചെയ്യാനുള്ള സാധനങ്ങൾ വാങ്ങിക്കൊടുക്കൂ. ആവശ്യങ്ങളെല്ലാം പൂർത്തിയാക്കിക്കൊടുക്കൂ. സാധാരണയായി ചോദിക്കുന്നവർക്ക് ഹുസൂർ എല്ലാം നല്കാറുണ്ടായിരുന്നു, എന്നാൽ ഇവിടെ പതിവിന് വിപരീതമായി ഞങ്ങൾ ഒരു പുതിയ കാര്യം കണ്ടു. ഹുസൂറിന്റെ നിർദേശത്തിൽ അനുചരർക്ക് അത്ഭുതം തോന്നി. ഖാസി സാഹിബ് ഒന്നും ചോദിക്കാതെ അയാളോടൊപ്പം പോയി. കുറച്ചു കഴിഞ്ഞ് ചിരിച്ചുകൊണ്ട് ഖാസി സാഹിബ് തിരിച്ചുവന്ന് പറഞ്ഞു: ഹുസൂർ, അവൻ വൻ തട്ടിപ്പുകാരനാണ്. വഴിയിൽ വച്ച് എന്റെ കൂടെ വരാതെ പണം തരണമെന്ന് അവൻ ദൈവനാമത്തിൽ അപേക്ഷിച്ചു. ഞാൻ പറഞ്ഞു: എനിക്ക് നിന്റെ കൂടെ പോകാനാണ് നിർദേശമുള്ളത്. നിന്റെ പക്കലുള്ളത് എനിക്ക് തരൂ. ബാക്കി ചെലവ് ഞാൻ വഹിക്കാം. ഞാൻ പിൻമാറില്ലെന്ന് കണ്ടപ്പോൾ അവൻ കൈകൂപ്പി കുറ്റബോധത്തോടെ പറഞ്ഞു, ആരും മരിച്ചിട്ടില്ല. കഫൻ ചെയ്യേണ്ടതുമില്ല. ഇത് എന്റെ തൊഴിലാണ. എന്നെ നാണം കെടുത്തരുത്. തിരിച്ചു പൊയ്ക്കോളൂ, ഞാൻ ഇനി ഇത് ചെയ്യില്ല. ചില യാചകരുടെ അവസ്ഥ ഇങ്ങനെയായിരുന്നു. ഖാസി സാഹിബ് ഈ സംഭവം വിവരിച്ചപ്പോൾ ചിരി വന്നെങ്കിലും, ഹുസൂറിന്റെ വിശ്വാസപരമായ ഉൾക്കാഴ്ചയുടെയും പെരുമാറ്റത്തിന്റെയും വലിയ സ്വാധീനം അവിടെ ഉണ്ടായി. ഹുസൂർ അവനെ നേരിട്ട് കുറ്റപ്പെടുത്താതെ, അവനെ തിരുത്തുന്ന രീതിയാണ് സ്വീകരിച്ചത്. അർഹതയില്ലാത്ത സ്ഥലത്ത് ചെലവഴിക്കേണ്ടിയും വന്നില്ല.

*(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) വാല്യം രണ്ട്, ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി, പേജ് 287, 288)*

ഇതുപോലെയോ അല്ലെങ്കിൽ സമാനമായോ ഉള്ള മറ്റൊരു സംഭവം ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) തന്നെ വിവരിക്കുന്നു: ഒരിക്കൽ ലുധിയാനയിൽ ഒരു യാചകൻ വന്ന് ഒരു വ്യക്തി മരിച്ചുവെന്നും കഫൻ ചെയ്യാനുള്ള സാധനങ്ങൾ വേണമെന്നും പറഞ്ഞു. നാലണ കുറവുണ്ട്. കൂടെയുണ്ടായിരുന്ന ഒരാൾ പറഞ്ഞു. ആദ്യം ആ മയ്യിത്ത് എവിടെയാണെന്ന് നോക്കട്ടെ, എന്നിട്ട് പൂർണമായി സഹായിക്കാം. കൂടെ പോയപ്പോൾ യാചകൻ ഓടിപ്പോയി. കാരണം അതൊരു കള്ളക്കഥയായിരുന്നു.

*(മൽഫൂസാത്ത് വാല്യം 8, പേജ് 15, എഡിഷൻ 2022)*

അതുപോലെ ഒരിക്കൽ ഒരു കത്ത് വന്നു; ഞങ്ങൾ ഒരു പള്ളി പണിയാൻ ആഗ്രഹിക്കുന്നു, താങ്കളിൽ നിന്ന് കുറച്ച് സംഭാവന വേണം. ഹദ്റത്ത് അഖ്ദസ് പറഞ്ഞു: നമുക്ക് നല്കാൻ കഴിയും. അത് വലിയ കാര്യമൊന്നുമല്ല. എന്നാൽ നമുക്ക് തന്നെ പ്രധാനപ്പെട്ട പല ചെലവുകളും ഉള്ളപ്പോൾ ഇത്തരം ചെലവുകളിൽ പങ്കുചേരുന്നത് അമിതവ്യയമായി തോന്നുന്നു. ഇവിടെ അല്ലാഹു നിർമ്മിക്കുന്ന പള്ളിയാണ് മസ്ജിദുൽ അഖ്സ, അതിനാണ് മുൻഗണന. അതിനായി പണം അയച്ച് പുണ്യത്തിൽ പങ്കുചേരാൻ ആളുകൾ ശ്രമിക്കണം. അദ്ദേഹം പറഞ്ഞു: **നമ്മുടെ വാക്ക് അനുസരിക്കുന്നവനാണ് നമ്മുടെ സുഹൃത്ത്. അല്ലാതെ സ്വന്തം വാക്കിന് മുൻഗണന നല്കുന്നവനല്ല.**

പിന്നീട് അദ്ദേഹം ഇമാം അബൂഹനീഫയുടെ ഒരു കഥ പറഞ്ഞു. ഒരാൾ വന്ന് പള്ളി പണിയാൻ സംഭാവന ചോദിച്ചപ്പോൾ, ഇപ്പോൾ നല്കാൻ കഴിയില്ലെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന് വേണമെങ്കിൽ വലിയ തുക നല്കാമായിരുന്നു. അവസാനം ഒരു ചെറിയ നാണയം അദ്ദേഹം നല്കി. വൈകുന്നേരം ആ വ്യക്തി തിരിച്ചു വന്ന്, ഹുസൂർ, ഇത് കള്ള നാണയമാണ് എന്ന് പറഞ്ഞു. അപ്പോൾ ഇമാം അബൂഹനീഫ വളരെ സന്തോഷത്തോടെ പറഞ്ഞു, നന്നായി. സത്യത്തിൽ നിങ്ങൾ പള്ളി പണിയുന്ന രീതിയിൽ എനിക്ക് നല്കാൻ താത്പര്യമില്ലായിരുന്നു. പള്ളികൾ നിരവധിയുണ്ട്, ഇതിൽ എനിക്ക് അമിതവ്യയമാണ് തോന്നുന്നത്.

*(ആശയസംഗ്രഹം: മൽഫൂസാത്ത് വാല്യം രണ്ട്, പേജ് 170 – 171, എഡിഷൻ 2022)*

നിങ്ങൾ നമസ്കരിക്കാറില്ല. കാണിക്കാൻ വേണ്ടിയാണ് പള്ളികൾ പണിയുന്നത്.

**കുട്ടികളുടെ ആഗ്രഹങ്ങൾക്കനുസരിച്ചും അദ്ദേഹം നല്കിയിരുന്നു.** ഹദ്റത്ത് മിർസാ ബശീർ സാഹിബ് എഴുതുന്നു: ബിബി റാണി സാഹിബ വിവരിച്ചു, 1901–ൽ ഞാൻ കത്തെഴുതി ബൈഅത്ത് ചെയ്തു. എന്റെ മകൾ അസീസ ബീഗം കപൂർത്തലയിലായിരുന്നു. 1902–ൽ ഖാദിയാനിലേക്ക് വരാൻ എനിക്ക് ആഗ്രഹമുണ്ടായി. ഞാൻ രാവിലെ ഹുസൂറിനൊപ്പം ഉലാത്താൻ പോകാറുണ്ടായിരുന്നു. ഒരു ദിവസം രാവിലെ ഹുസൂർ ഭക്ഷണം കഴിക്കുമ്പോൾ ഞാനും അങ്ങോട്ട് പോയി. എന്റെ ചെറിയ മകൾ കരയാൻ തുടങ്ങി. എന്തിനാണെന്ന് ഹുസൂർ ചോദിച്ചപ്പോൾ അവൾ റൊട്ടി ചോദിക്കുകയാണെന്ന് പറഞ്ഞു. ഹുസൂർ റൊട്ടി വരുത്തി നല്കി, എങ്കിലും അവൾ കരച്ചിൽ നിർത്തിയില്ല. ഹുസൂർ വീണ്ടും ചോദിച്ചപ്പോൾ, ഹുസൂർ കഴിക്കുന്ന അതേ റൊട്ടിയാണ് അവൾ ചോദിക്കുന്നതെന്ന് പറഞ്ഞു. അപ്പോൾ ഹുസൂർ കഴിച്ചുകൊണ്ടിരുന്ന റൊട്ടി അവൾക്ക് നൽകി, അവൾ അത് വാങ്ങി കഴിക്കാൻ തുടങ്ങി.

*(സീറത്തുൽ മഹ്ദി വാല്യം 2, ഭാഗം 5, പേജ് 188, റിവായത്ത് നമ്പർ 1281)*

**ജോലി ചെയ്യിക്കുമ്പോൾ ഹുസൂർ ജോലിക്കാരുടെ സൗകര്യം നോക്കാറുണ്ടായിരുന്നു.**

ഡോക്ടർ അത്തർ ദീൻ സാഹിബ് പറയുന്നു: അന്ന് കുട്ടിയായിരുന്ന ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ് പുറത്തു പോയപ്പോൾ, വിവരമറിഞ്ഞ ഹദ്റത്ത് മസീഹ് മൗഊദ് (അ) ആശങ്കപ്പെടുകയും ബോർഡിംഗ് ഹൗസിലെ വേഗത്തിൽ ഓടുന്ന കുട്ടികളെ വിളിക്കുകയും ചെയ്തു. അന്ന് ബോർഡിംഗ് സൂപ്രണ്ടായിരുന്ന അബ്ദുറഹീം സാഹിബിനെയും മറ്റുള്ളവരെയും അയച്ചു. ഇതിന്റെ ക്യാപ്റ്റനായി എന്നെ നിയമിച്ചു. ഞങ്ങൾ ഹുസൂറിന്റെ അടുത്തേക്ക് പോയപ്പോൾ, വളരെ സ്നേഹത്തോടെ ഹുസൂർ പറഞ്ഞു: ഞാൻ വിളിച്ചതിൽ നിങ്ങൾക്ക് വലിയ ബുദ്ധിമുട്ടായി അല്ലേ, മിനക്കെടേണ്ടി വരും, വൈകിയെന്നും വിശന്നെന്നും വരാം. അങ്ങനെ വഴിയിൽ ആവശ്യമായി വരാമെന്ന് കരുതി ഹുസൂർ ഞങ്ങൾക്ക് റൊട്ടിയും ദാലും(പരിപ്പുകറി) നല്

• ഹദീഥുന്നബവി ﷺ •

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ

RAHMAN SHAKEER & FAMILY

AHMADIYYA JAMA-ATH KARULAI, KERALA

കി. പിന്നീട് മീർ സാഹിബിനെ കണ്ടെത്തിയതുകൊണ്ട് ഞങ്ങൾക്ക് പോകേണ്ടി വന്നില്ല. എങ്കിലും സേവകരോടുള്ള ഹുസൂറിന്റെ സ്നേഹം പ്രകടമായിരുന്നു.

*(ആശയസംഗ്രഹം: റിവായാത്ത് അസ്ഹാബ് അഹ്മദ് വാല്യം 3, പേജ് 346, ഹദ്റത്ത് ഡോക്ടർ അത്തറുദ്ദീൻ സാഹിബ്)*

ഖാദിയാനോട് ചേർന്നുള്ള ഖാദിറാബാദിൽ താമസിച്ചിരുന്ന ഹദ്റത്ത് മുഹമ്മദ് ദീൻ സാഹിബ് പറയുന്നു:

**പലപ്പോഴും ഹുസൂർ വീട്ടിൽ നിന്ന് ഭക്ഷണം കൊണ്ടുവന്ന് ഞങ്ങളുടെ ഗ്രാമത്തിലെ പള്ളിയിൽ ഇരുന്ന് കഴിക്കാറുണ്ടായിരുന്നു, ഞങ്ങൾക്ക് നല്കുകയും ചെയ്തിരുന്നു.**

*(റിവായാത്ത് അസ്ഹാബ് അഹ്മദ് വാല്യം 2, പേജ് 378, ഹദ്റത്ത് മുഹമ്മദി (മുഹമ്മദ് ദീൻ) സാഹിബ് (റ) S/O ഭാഗു സാഹിബ്)*

**ഭാര്യയുടെ കടം തിരിച്ചടയ്ക്കേണ്ടതാണ്.**

കഴിഞ്ഞ ഖുതബയിൽ, ലങ്കറിന്റെ ചെലവ് വർദ്ധിച്ചപ്പോൾ ഹദ്റത്ത് അമ്മാജാൻ (റ)യുടെ ആഭരണങ്ങൾ വിറ്റ് ചെലവ് നിറവേറ്റിയ സംഭവം ഞാൻ പറഞ്ഞു. ഇതിനെക്കുറിച്ച് ഒരാൾ ചോദിച്ചു: ഭാര്യയുടെ ആഭരണങ്ങൾ ഭർത്താവിന് ഉപയോഗിക്കാമോ? **ഹദ്റത്ത് മസീഹ് മൗഊദ് (അ) കടം വാങ്ങുകയും അത് തിരികെ നല്കുകയും ചെയ്യാറുണ്ടായിരുന്നുവെന്ന് മനസ്സിലാക്കണം.**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു: റസൂൽ ബീബി സാഹിബ പറഞ്ഞു: ക്ഷാമമുണ്ടായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) അമ്മാജാനിൽ നിന്ന് പണം കടം വാങ്ങി. അന്ന് ഗോതമ്പ് വാങ്ങി വീടിന്റെയും ലങ്കറിന്റെയും ചെലവ് നടത്തി. പിന്നീട് ഹുസൂർ ചൗധരി റുസ്തം അലി സാഹിബിൽ നിന്ന് അഞ്ഞൂറു രൂപയും നെയ്യും വരുത്തി. അമ്മാജാന്റെ കടം വീട്ടി. പറയുന്നു: ഹാഫിസ് സാഹിബ് സഞ്ചി നിറയെ പണം കൊണ്ടുവരുന്നത് ഞാൻ കണ്ടിട്ടുണ്ട്. (അത് ക്ഷാമകാലമായിരുന്നു. പണം ആവശ്യമായിരുന്നു.) അത് രാത്രി സംരക്ഷിക്കേണ്ടത് എന്റെ ചുമതലയായിരുന്നു.

*(സീറത്തുൽ മഹ്ദി വാല്യം 2, ഭാഗം 4, പേജ് 117, റിവായത്ത് 1145)*

അതെല്ലാം കടമായിരുന്നു. ആളുകളുടെ ഭാഗത്തു നിന്നുള്ള ധനസഹായം ആയിരുന്നില്ല. എന്തായാലും **ഹദ്റത്ത് അമ്മാജാനിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ കടം വാങ്ങിയാൽ ഹുസൂർ അത് തിരികെ നല്കുമായിരുന്നു.**

ഹദ്റത്ത് ബാബു ഗുലാം മുഹമ്മദ് സാഹിബ് വിവരിക്കുന്നു: ഖാദിയാനിൽ ചിലപ്പോൾ ഗ്രാമീണ സ്ത്രീകൾ, കൈകളിൽ ചാണകം പുരണ്ടവരും വസ്ത്രങ്ങൾ അഴുക്കുപിടിച്ചവരുമായി ഹുസൂറിന്റെ സവിധത്തിൽ ഹാജരാകുമായിരുന്നു. അവർ പറയും: മിർസാജി, എന്റെ കുഞ്ഞ് രോഗിയാണ്, ബോധമില്ല, കടുത്ത പനി ബാധിച്ചിരിക്കുന്നു. എന്നിട്ട് തങ്ങളുടെ കൈകളിലേക്ക് ചൂണ്ടി അവർ പറയുമായിരുന്നു: നോക്കൂ, ഞങ്ങൾ കൈകൾ പോലും കഴുകാതെയാണ് വന്നിരിക്കുന്നത്. ഒരിക്കൽ ഒരു സ്ത്രീ, അവളുടെ കൈകളിൽ ചാണകവും അഴുക്കും പുരണ്ടിരുന്നു, താൻ ചെയ്തുകൊണ്ടിരുന്ന ജോലി നിർത്തി ഹുസൂറിന്റെ അടുക്കൽ വന്ന് പറഞ്ഞു: എന്റെ മകൾക്ക് കടുത്ത പനിയാണ്, ബോധരഹിതയാണ്. ഹുസൂർ ചോദിച്ചു: ഏതെങ്കിലും പാത്രം കൊണ്ടുവന്നിട്ടുണ്ടോ? അവൾ തന്റെ ചാണകം പുരണ്ട കൈകൾ കൊണ്ട് ഒരു മൺപാത്രം ഹുസൂറിന്റെ സവിധത്തിൽ സമർപ്പിച്ചു. ഹുസൂർ ആ പാത്രം വാങ്ങി അതിൽ റോസ് വാട്ടർ നിറച്ചു, ഏകദേശം അഞ്ച് റത്തി കസ്തൂരിയും നല്കി. അദ്ദേഹം പറഞ്ഞു: പകുതി പാത്രം വീതം രണ്ട് തവണ ഈ മരുന്ന് കുടിപ്പിക്കുക. കൂടാതെ പറഞ്ഞു: കുട്ടിയുടെ അവസ്ഥ എന്താണെന്ന് എന്നെ അറിയിക്കണം.

*(ആശയസംഗ്രഹം: റിവായാത്ത് അസ്ഹാബ് അഹ്മദ് വാല്യം 4, പേജ് 249, ഹദ്റത്ത് ബാബു ഗുലാം മുഹമ്മദ് സാഹിബ്)*

പാവപ്പെട്ടവരോട് പോലും വലിയ ദയയും കാരുണ്യവുമാണ് ഹുസൂർ കാണിച്ചിരുന്നത്.

ഹദ്റത്ത് ശൈഖ് മഹ്മൂദ് നസീബ് സാഹിബ് പറയുന്നു: ഒരിക്കൽ എനിക്ക് ആവശ്യമുണ്ടായപ്പോൾ ഞാൻ ഹദ്റത്തിന്റെ സവിധത്തിൽ കത്തെഴുതി: പത്തു രൂപ കടമായി അയച്ചു തരണം. രണ്ട് തവണയായി ഞാൻ തിരികെ തരാം. ഹുസൂർ അത് അയച്ചു തന്നു.

*(റിവായാത്ത് അസ്ഹാബ് അഹ്മദ് വാല്യം 5, പേജ് 446, ഹദ്റത്ത് ശൈഖ് മുഹമ്മദ് നസീബ് സാഹിബ്)*

യഥാർഥത്തിൽ ഹുസൂർ ഒരിക്കലും നിരസിക്കാറില്ലായിരുന്നു അത് അദ്ദേഹത്തിന്റെ വഴക്കമായിരുന്നു. തിരിച്ചടയ്ക്കാൻ ആവശ്യപ്പെടാറില്ലെന്നും ഞങ്ങൾ കണ്ടിട്ടുണ്ട്. ആരെങ്കിലും തിരിച്ചടയ്ക്കാൻ ശ്രമിച്ചാൽ, വേണ്ട, എന്റെ സമ്പത്തും താങ്കളുടെ സമ്പത്തും ഒന്നാണ്, അത് താങ്കൾ തന്നെ വച്ചോളൂ എന്ന് ഹുസൂർ പറയുമായിരുന്നു. ഇതായിരുന്നു ഹുസൂറിന്റെ ശീലം.

*(ആശയസംഗ്രഹം: സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) വാല്യം മൂന്ന്, ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി, പേജ് 307)*

**ഭക്ഷണത്തിൽ ബർക്കത്തുണ്ടായ സംഭവവും കേട്ടിട്ടുണ്ട്.**

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: മിയാൻ അബ്ദുല്ലാഹ് സാഹിബ് സന്നോരി പറഞ്ഞു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) കുറച്ച് അതിഥികളെ ക്ഷണിക്കുകയും അവർക്കായി വീട്ടിൽ ഭക്ഷണം തയ്യാറാക്കുകയും ചെയ്തു. എന്നാൽ ഭക്ഷണം വിളമ്പുന്ന സമയത്ത് അത്രയും തന്നെ അതിഥികൾ കൂടി വരുകയും മസ്ജിദ് മുബാറക് അതിഥികളെ കൊണ്ട് നിറയുകയും ചെയ്തു. ചെറിയൊരു പള്ളിയായിരുന്നു അത്. ഹുസൂർ അകത്തേക്ക് ആളെ വിട്ടു പറഞ്ഞു: കൂടുതൽ അതിഥികൾ വന്നിട്ടുണ്ട്, കൂടുതൽ ഭക്ഷണം അയക്കൂ. ഭക്ഷണമേശയിലേക്ക് ആരെങ്കിലും വരുകയും കുറച്ചുപേർ കഴിക്കുകയും ബാക്കിയുള്ളവർക്ക് ലഭിക്കാതിരിക്കുകയും ചെയ്യുക എന്നത് ഹുസൂറിന്റെ സ്വഭാവത്തിന് വിരുദ്ധമായിരുന്നു. അത് ഹുസൂറിന്റെ ഉദാരമനസ്കതയ്ക്ക് ചേർന്നതല്ല. ഹുസൂറിന് എല്ലാവർക്കും ഭക്ഷണം വിളമ്പണമായിരുന്നു. അപ്പോൾ ഹദ്റത്ത് ബീബി സാഹിബ, ഹദ്റത്ത് അമ്മാജാൻ, ഹുസൂറിനെ അകത്തേക്ക് വിളിപ്പിച്ചു പറഞ്ഞു: ഭക്ഷണം കുറച്ചേ ഉള്ളൂ, താങ്കൾ ആദ്യം പറഞ്ഞിരുന്ന കുറച്ച് അതിഥികൾക്കായി പാകം ചെയ്തതാണ്. ബാക്കി ഭക്ഷണം ഒരുവിധം ക്രമീകരിക്കാമെന്ന് കരുതിയാലും, സർദ (മധുരഭക്ഷണം) വളരെ കുറവാണ്, എന്തു ചെയ്യും? അമ്മാജാൻ തന്നെ പറഞ്ഞു: സർദ ഞാൻ അയക്കുന്നില്ല, ബാക്കി ഭക്ഷണം നല്കാം. ഹുസൂർ പറഞ്ഞു, വേണ്ട, അത് ഉചിതമല്ല. സർദയുടെ പാത്രം എന്റെ അടുത്തേക്ക് കൊണ്ടുവരൂ. **ഹുസൂർ ആ പാത്രത്തിന് മുകളിൽ ഒരു തൂവാല ഇടുകയും, റുമാലിന് താഴെ കൈയിട്ട് വിരലുകൾ സർദയിൽ സ്പർശിക്കുകയും ചെയ്തു. പിന്നീട് പറഞ്ഞു, ഇപ്പോൾ എല്ലാവർക്കും ഭക്ഷണം വിളമ്പൂ, അല്ലാഹു ബർക്കത്ത് ചൊരിയും.**

മിയാൻ അബ്ദുല്ലാഹ് സാഹിബ് പറയുന്നു, എല്ലാവർക്കും സർദ ലഭിക്കുകയും എല്ലാവരും കഴിക്കുകയും ചെയ്തു, ബാക്കി വരികയും ചെയ്തു.

മിയാൻ അബ്ദുല്ലാഹ് സാഹിബ് പറയുന്നു, വീട്ടിലെ കാര്യം ഹുസൂർ തന്നെ എന്നോട് വിവരിച്ചതാണ്, അല്ലാഹു ബർക്കത്ത് ചൊരിഞ്ഞെന്ന് ഹുസൂർ പറഞ്ഞു.

*(ആശയസംഗ്രഹം: സീറത്തുൽ മഹ്ദി വാല്യം 1, ഭാഗം 1, പേജ് 133 മുതൽ 135 വരെ, റിവിയത് 144)*

**യാതൊരു മടിയുമില്ലാതെ സുഹൃത്തുക്കൾക്ക് സീസണൽ പഴങ്ങൾ നല്കുമായിരുന്നു.** അതിൽ യാതൊരു ഔപചാരികതയും ഉണ്ടായിരുന്നില്ല. ഹുസൂറിന്റെ ദാനം എപ്പോഴും ഉണ്ടാകുമായിരുന്നു. ഹദ്റത്ത് മുംതാസ് അലി സാഹിബ് സിദ്ദീഖി പറയുന്നു, എനിക്ക് ഓർമ്മയുണ്ട്, പൂന്തോട്ടത്തിൽ ഒരു ഷാഹ് നശീൻ (രാജകീയ ഇരിപ്പിടം) ഉണ്ടായിരുന്നു. അത് പിന്നീട് നവീകരിച്ചു. അവിടെ ഹുസൂർ തന്റെ സുഹൃത്തുക്കളോടൊപ്പം വന്നിരിക്കാറുണ്ടായിരുന്നു. അവിടെയിരുന്നു സീസണൽ പഴങ്ങൾ കഴിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഹുസൂർ സ്നേഹവാത്സല്യങ്ങളോടെ രണ്ട് മാങ്ങകൾ എനിക്ക് നല്കിയത് എനിക്കോർമ്മയുണ്ട്, അതുപോലെ മറ്റ് സുഹൃത്തുക്കൾക്കും ഓരോരുത്തർക്കും രണ്ട് വീതം നല്കി.

*(റിവായാത്ത് അസ്ഹാബ് അഹ്മദ് വാല്യം 2, പേജ് 384, ഹദ്റത്ത് മുംതാസ് അലി സിദ്ദീഖി സാഹിബ് (റ))*

ഇത് ഹുസൂറിന്റെ ഔദാര്യത്തിന്റെയും ഉപകാരത്തിന്റെയും ചില സംഭവങ്ങളാണ്. തന്റെ നേതാവിനെ പിന്തുടർന്ന് ഹുസൂർ കാണിച്ച മാതൃകയാണിത്. ഈ ഔദാര്യത്തിൽ നിന്നും ഉപകാരത്തിൽ നിന്നും സ്വന്തം ആളുകളും അന്യരും എന്നല്ല ശത്രുക്കൾ പോലും ഫലമെടുത്തിരുന്നു.

(അംനാസ്. പി.കെ)

• ഹദീഥുന്നബ്വി ﷺ •
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

• ഹദീഥുന്നബ്വി ﷺ •
"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന
ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA ATH KARULAI, MALAPPURAM,KERALA.

പേജ് 8 ൽ നിന്ന്

*(അസ്ഹാബെ അഹ്മദ്, വാള്യം 4, പേജ് 215-216)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ഡോക്ടർ മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് എന്നോട് പറഞ്ഞു: അബ്ദുൽ മുഹ്‌യ് സാഹിബ് അറബി, ഒരു ദിവസം ഹദ്റത്ത് ഖലീഫ അവ്വലിന്റെ കാലത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് പറഞ്ഞു:

ഹുസൂറിന്റെ ഔദാര്യത്തെക്കുറിച്ച് എന്ത് പറയാനാണ്! അതായത് ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ ഔദാര്യത്തെക്കുറിച്ച് എന്ത് പറയാനാണ്! അദ്ദേഹം പറയുന്നു: അദ്ദേഹത്തിന്റെ കാലത്ത് എനിക്ക് ഒരിക്കലും ഒരു പ്രയാസവും ഉണ്ടായിട്ടില്ല. എന്ത് ആവശ്യമുണ്ടെങ്കിലും മടികൂടാതെ ഞാൻ ചോദിക്കുമായിരുന്നു. എന്റെ ആവശ്യത്തേക്കാൾ കൂടുതൽ ഹുസൂർ നല്കുമായിരുന്നു, സ്വയം തന്നെയും നല്കിക്കൊണ്ടിരുന്നു.

ഹുസൂർ വഫാത്തായപ്പോൾ, ഹദ്റത്ത് ഖലീഫ അവ്വൽ വളരെ ഉദാരനായി പ്രശസ്തനായിരുന്നിട്ടും, എന്റെ ആവശ്യങ്ങൾ നിറവേറ്റിത്തരാൻ അദ്ദേഹത്തിന് സാധിച്ചില്ല. അവസാനം പ്രയാസം കാരണം ഞാൻ അദ്ദേഹത്തിന് എഴുതി: നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ ഖലീഫയായി. എന്നാൽ എന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ നിങ്ങൾ അദ്ദേഹത്തിന്റെ ഖിലാഫത്ത് പിന്തുടർന്നില്ല. ഹുസൂർ അൻവർ എന്നോട് ഇത്തരം പെരുമാറ്റമായിരുന്നു കാണിച്ചിരുന്നത്. അതിന് ശേഷം ഹദ്റത്ത് ഖലീഫ അവ്വൽ എന്നെ സഹായിച്ചു. എന്നാൽ അദ്ദേഹം പറയുന്നു, അല്ലാഹുവാണ്! ഹദ്റത്ത് സാഹിബ് എവിടെ, ഇദ്ദേഹം എവിടെ! അദ്ദേഹത്തിന്റെ മുന്നിൽ ഇദ്ദേഹം ഒന്നുമല്ല.

*(സീറത്തുൽ മഹ്ദി, വാള്യം1, ഭാഗം 3, പേജ് 545, റിവായത്ത് 562)*

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാമിന്റെ വീട്ടിൽ നിന്ന് ഒരു പാവപ്പെട്ട സ്ത്രീ കുറച്ച് അരി മോഷ്ടിച്ചു. ആളുകൾ അത് കാണുകയും ബഹളം വയ്ക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാം ആ സമയം തന്റെ മുറിയിൽ ജോലി ചെയ്യുകയായിരുന്നു. ബഹളം കേട്ട് പുറത്തിറങ്ങി വന്നപ്പോൾ കണ്ട കാഴ്ച ഇതായിരുന്നു, പാവപ്പെട്ട, അവശയായ ഒരു സ്ത്രീ നിൽക്കുന്നു. അവളുടെ കൈയിൽ കുറച്ച് അരിയുടെ കെട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദിന് കാര്യം മനസ്സിലായി. ആ പാവപ്പെട്ട സ്ത്രീയുടെ അവസ്ഥ കണ്ടപ്പോൾ അദ്ദേഹത്തിന്റെ മനസ്സ് അലിഞ്ഞു. അവിടുന്ന് പറഞ്ഞു, ഇവൾ വിശന്നവളും ദരിദ്രയുമാണെന്ന് തോന്നുന്നു, അവൾക്ക് കുറച്ച് അരി കൂടി നല്കി വിടുക. ഇനിയും നല്കുക. അല്ലാഹുവിന്റെ 'സത്താറ്' (മറച്ചുവെക്കുന്ന) ഗുണം സ്വീകരിക്കുക.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഈ സംഭവം വിവരിച്ചുകൊണ്ട് എഴുതുന്നു: ഈ സംഭവത്തിൽ തിടുക്കം കാണിക്കുന്ന ഒരാൾക്ക് പറയാം, ഇത് മോഷണത്തിന് പ്രോത്സാഹനമാണെന്ന്, അതല്ലെങ്കിൽ ഒരു കള്ളിയെ അവിടുന്ന് ധൈര്യപ്പെടുത്തുകയാണെന്ന്. എന്നാൽ അറിവുള്ളവർ മനസ്സിലാക്കുന്നു, ആ അരി ഹദ്റത്ത് മസീഹ് മൗഊദിന്റേത് തന്നെയായിരുന്നു, അത് എടുത്ത സ്ത്രീ വിശന്ന് മരിക്കാറായ ഒരു ദരിദ്ര സ്ത്രീയായിരുന്നു. അതിനാൽ ഇത് മോഷണത്തെ സഹായിക്കലല്ല, മറിച്ച് യഥാർഥത്തിൽ അനാഥർക്കും പാവപ്പെട്ടവർക്കും വേണ്ടിയുള്ള സേവനമാണ്. ഹദീസുകളിൽ നിന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്, നബി കരീം (സ) യും ഇത്തരം സാഹചര്യങ്ങളിൽ, മോഷണം നടത്തുന്നവൻ വളരെ പാവപ്പെട്ടവനും തീവ്രമായ വിശപ്പുള്ളവനുമാണെങ്കിൽ, ഭക്ഷ്യവസ്തുക്കളിൽ എന്തെങ്കിലും എടുത്താൽ അവനെ കള്ളനായി കണക്കാക്കിയിരുന്നില്ല, മറിച്ച് കണ്ണടയ്ക്കുകയായിരുന്നു പതിവ്.

*(സീറത്ത് ത്വയ്യിബ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) എം.എ., പേജ് 64-65)*

ഇതാണ് തന്റെ യജമാനന്റെ പൂർണമായ പിൻതുടർച്ചയുടെ മാതൃകകൾ.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى عَبْدِكَ الْمَسِيْحِ الْمَوْعُوْدِ وَبَارِكْ وَسَلِّمْ

(അംനാസ്. പി.കെ)

പേജ് 1 ൽ നിന്ന്

**തഫ്സീർ:** ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

സ്നേഹത്തിന്റെ അടിത്തറ അവളുടെ സ്വന്തം ത്യാഗം തന്നെയാണ്.

ഒരു സ്ത്രീക്ക് മക്കളില്ലാതിരിക്കുമ്പോൾ, എനിക്കൊരു മകനുണ്ടായിരുന്നെങ്കിൽ അവൻ എന്നെ പരിചരിക്കുമായിരുന്നു എന്ന ചിന്തയല്ല അവളുടെ മനസ്സിൽ ഉദിക്കുന്നത്. മറിച്ച്, ഞാൻ അവനെ വളർത്തുമായിരുന്നു, അവനെ പരിചരിക്കുമായിരുന്നു, നല്ല വസ്ത്രങ്ങൾ ധരിപ്പിക്കുമായിരുന്നു, അവന്റെ വിവാഹം നടത്തുമായിരുന്നു, അവന്റെ മക്കളെ കളിപ്പിക്കുമായിരുന്നു എന്ന വികാരത്തോടെയാണ് അവൾ മക്കളെ ആഗ്രഹിക്കുന്നത്. ചുരുക്കത്തിൽ, മക്കളെ ആഗ്രഹിക്കുന്ന സമയത്ത് മാതൃഹൃദയത്തിൽ തിരികെസേവനം ലഭിക്കണമെന്ന ചിന്ത ലവലേശം ഉണ്ടാകുന്നില്ല; മറിച്ച് ആ ആഗ്രഹത്തിന്റെ കാരണം മക്കളെ സേവിക്കാനുള്ള ആവേശമാണ്.

മനുഷ്യന് കൈവരിക്കാവുന്ന ഏറ്റവും വലിയ നന്മയാണ് ഈ വികാരം. ഇത് നേടിയെടുക്കുന്നതിലൂടെ മനുഷ്യന്റെ ധാർമിക വ്യക്തിത്വം പൂർണത പ്രാപിക്കുന്നു. അല്ലാഹു പറയുന്നു: നന്മയുടെ പദവി കൈവരിച്ചതിനുശേഷംഅഥവാ വാങ്ങുന്നതിനേക്കാൾ നല്കാനുള്ള ആഗ്രഹം നിങ്ങളിൽ ഉണ്ടാകുന്ന ഘട്ടത്തിൽ സകല മാനവരാശിയും സ്വന്തം മക്കളെപ്പോലെ തോന്നിത്തുടങ്ങുന്ന ആ സദ്ഗുണത്തിന്റെ പദവി കൂടി നിങ്ങൾ കൈവരിക്കുക. ഒരു മാതാവിന്റെ മനസ്സിൽ സ്വന്തം കുഞ്ഞിനോടുള്ള സ്നേഹം അലതല്ലുന്നതുപോലെ, മാനവരാശിയെ സേവിക്കാനുള്ള ആവേശം നിങ്ങളുടെ മനസ്സിലും അലതല്ലട്ടെ.'

*(തഫ്സീർ കബീർ, വാള്യം 4, പേജ്:169, പ്രസിദ്ധീകരണം യു.കെ)*

*(വിവ: കെ താഹിർ അഹ്മദ്)*

പേജ് 2 ൽ നിന്ന്

വ്യത്യാസവുമുണ്ടാകാത്തവിധം അത്രയധികം ത്യാഗങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ടെന്നും അവിടുന്ന് പ്രസ്താവിച്ചിട്ടുണ്ട്.

അതുപോലെ, ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ(റ)ന്റെ കാര്യം പരാമർശിച്ചുകൊണ്ട് ഹുസൂർ അൻവർ പറഞ്ഞു: അദ്ദേഹവും ഒരു ഹകീം (വൈദ്യൻ) ആയിരുന്നു. വൈദ്യവൃത്തിയിലൂടെ സമ്പാദിക്കുന്നതൊക്കെ ഇസ്ലാമിന്റെ മാർഗത്തിൽ ചെലവഴിക്കുകയും പാവങ്ങളെ സേവിക്കുകയും അവരോട് കാരുണ്യം കാണിക്കുകയും ചെയ്തിരുന്നു. നിങ്ങളും പാവങ്ങളെ സേവിക്കുകയാണെങ്കിൽ അല്ലാഹുവും സന്തോഷിക്കും, ജമാഅത്തിന്റെ സേവനവും അതുവഴി നിർവഹിക്കപ്പെടും എന്ന് ഹുസൂർ കൂട്ടിച്ചേർത്തു.

മറ്റൊരു ചോദ്യം ഇതായിരുന്നു: പ്രിയ ഹുസൂർ, ലോകത്തിലെ രാഷ്ട്രീയ അനീതിക്കെതിരെ എങ്ങനെയാണ് ശബ്ദമുയർത്തേണ്ടത്?

ഹുസൂർ അൻവർ പറഞ്ഞു: ഞങ്ങളുടെ കഴിവിന്റെ പരമാവധി ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. പരമാവധി ഞാൻ ചെയ്യുന്നുണ്ട്. നിങ്ങളുടെ കഴിവിന്റെ പരിധിക്കുള്ളിൽ നിങ്ങളും ചെയ്തുകൊണ്ടിരിക്കുക. അമേരിക്കയിലെ ക്യാപിറ്റൽ ഹില്ലിൽ സംസാരിക്കാൻ എനിക്ക് അവസരം ലഭിച്ചപ്പോൾ ഞാൻ അവിടെ സമാധാന സന്ദേശം പങ്കുവച്ചു. പിന്നീട് അവിടത്തെ ഒരു സെനറ്റർ എന്നോട് പറഞ്ഞു: നിങ്ങൾ പറയുന്ന കാര്യങ്ങൾ വളരെ നല്ലതാണ്, അതിന്റെ ആവശ്യവുമുണ്ട്. എന്നാൽ ഞങ്ങൾക്ക് അത് പ്രാവർത്തികമാക്കാൻ കഴിയില്ല.

ഹുസൂർ അൻവർ പറഞ്ഞു: അവർക്ക് സ്വന്തം രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ട്, അതിനായി അവർ പണം നല്കി തങ്ങൾക്ക് അനുകൂലമായി ശബ്ദമുയർത്താൻ ആളുകളെ വിലയ്ക്കെടുക്കുന്നു. സ്വന്തം കാര്യത്തിന് ഒരു നീതിയും മറ്റുള്ളവരുടെ കാര്യത്തിന് മറ്റൊരു നീതിയും എന്ന നിലവാരമാണെങ്കിൽ പിന്നെ യഥാർഥ നീതി എങ്ങനെയാണ് സ്ഥാപിക്കാൻ കഴിയുക? അതിനാൽ, എവിടെയൊക്കെ സാധ്യമാണോ അവിടെയൊക്കെ നിങ്ങളുടെ ചുറ്റുപാടുകളിൽ നീതി സ്ഥാപിക്കാൻ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുക.

മറ്റൊരു ചോദ്യം ഇതായിരുന്നു: ചില ശിയാ വിഭാഗക്കാർ അഹ്‌ലുൽ ബൈത്തിനും ആലെ റസൂലിനും (തിരുനബി കുടുംബം) ഖിലാഫത്തിനെക്കാൾ മുൻഗണന നല്കുന്നു. ഇതിനെക്കുറിച്ച് ഹുസൂറിന്റെ നിർദേശം എന്താണ്?

ഹുസൂർ അൻവർ പറഞ്ഞു: അവർ അതിന് പ്രവാചകത്വത്തെക്കാൾ പോലും മുൻഗണന നല്കാറുണ്ട്. ജിബ്‌രീലിന് അബദ്ധം പറ്റിപ്പോയെന്നും, വഹ്‌യ് (ദിവ്യബോധനം) വരേണ്ടിയിരുന്നത് ഹദ്റത്ത് അലിയിലേക്കാണെന്നും, എന്നാൽ അത് നബിതിരുമേനി (സ) യിലേക്കാണ് ഇറക്കപ്പെട്ടത് എന്നുമൊക്കെയാണ് അവർ പറയുന്നത്.

ഹുസൂർ അൻവർ പറഞ്ഞു: ഇവർ ആദ്യത്തെ മൂന്ന് ഖലീഫമാരെയും തെറ്റായ രീതിയിലാണ് വിമർശിക്കുന്നത്. കലാപകാരികളാണ് ഈ ചോദ്യം ഉന്നയിച്ചിരിക്കുന്നത് എന്ന് ഹുസൂർ അൻവർ പറഞ്ഞു: അവർ പറയുന്നു: എന്റെ അഹ്‌ലുൽ ബൈത്തിന് (കുടുംബാംഗങ്ങൾക്ക്) മുൻഗണന നല്കണമെന്ന് നബിതിരുമേനി (സ) അരുളിയിട്ടുണ്ട്. എന്നാൽ, നിങ്ങളുടെ ബന്ധുക്കളുടെ വാക്കുകൾ നിങ്ങൾ ശ്രദ്ധിക്കു

AL-ISLAM
The Official Website of
the Ahmadiyya Muslim Community

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

EDITOR
H.SHAMSUDDIN
Mobile : +91 99460 21252
e-mail : akhbaarbadarmalayalamqdn@gmail.com
badarmalayalam@gmail.com
Layout: HA Creative Graphics

ബദ്ർ വീക്കിലി ഖാദിയാൻ | Weekly **BADAR** Qadian | Vol-11 Issue:34-35
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 **Thursday 20-27 August 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ന്നതുപോലെ എന്റെ വാക്കുകളും ശ്രദ്ധിക്കണം എന്നായിരുന്നു നബിതിരുമേനി(സ) ഇതിലൂടെ ഉദ്ദേശിച്ചത്. എന്നാൽ ഇവർ ഇതിന് തെറ്റായ വ്യാഖ്യാനമാണ് നല്കുന്നത്.

കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഒരു ശിയാ കുടുംബം ബൈഅത്ത് ചെയ്തിട്ടുണ്ട്. അവർ പറയുന്നു: ഒരു അഹ്മദിയായതിനു ശേഷമാണ് നബിയോട് യഥാർഥത്തിൽ എങ്ങനെയാണ് സ്നേഹം പ്രകടിപ്പിക്കേണ്ടതെന്ന് എനിക്ക് മനസ്സിലായത്. നാല് ഖലീഫമാരും റാശിദീങ്ങൾ (സച്ചരിതർ) ആയിരുന്നു എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) വ്യക്തമാക്കിയിട്ടുണ്ട്. എന്റെ ഖുതുബകളിലും (പ്രഭാഷണങ്ങളിലും) ഞാൻ ഇത് പരാമർശിക്കാറുണ്ട്. യുദ്ധവേളകളിൽ ഹസ്റത് അബൂബക്കർ (റ) നബിതിരുമേനി(സ)യോടൊപ്പം ഏറ്റവും അപകടകരമായ സ്ഥലത്തായിരിക്കും ഉണ്ടായിരുന്നുള്ളത്. താൻ പോലും അത്രയും അപകടകരമായ സ്ഥലത്ത് ഉണ്ടാകാറില്ലായിരുന്നു എന്ന് ഹദ്റത്ത് അലി (റ) വ്യക്തമാക്കിയിട്ടുണ്ട്. യസീദിനെ ഭപലീദഭ (അശുദ്ധൻ/വൃത്തികെട്ടവൻ) എന്നാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശേഷിപ്പിച്ചിട്ടുള്ളത്. ഇതിനായി ഖലീഫത്തുൽ മസീഹ് സാനി (റ) എഴുതിയ ഇസ്ലാമിൽ ഭിന്നിപ്പിന്റെ തുടക്കം എന്ന ചെറിയ പുസ്തകം നിങ്ങൾ വായിക്കുക. അതുപോലെ ഹദ്റത്ത് അലിയെക്കുറിച്ച് അവിടുത്തെ മറ്റൊരു പുസ്തകവുമുണ്ട്. അതും വായിക്കുക.

മറ്റൊരു ചോദ്യം ചോദിക്കപ്പെട്ടു:

നമുക്ക് ജമാഅത്തിനും ലോകം മുഴുവനും വേണ്ടി എങ്ങനെ മികച്ച മാതൃകകളാകാൻ കഴിയും?

ഹുസൂർ അൻവർ പറഞ്ഞു: ഇന്നലെ ഞാൻ മാതൃകയെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. നിങ്ങൾ ബൈഅത്തിന്റെ നിബന്ധനകൾ പാലിക്കുകയാണെങ്കിൽ അതുതന്നെയാണ് മാതൃക. അഹ്മദികളുടെ പ്രായോഗിക മാതൃക കണ്ടാണ് ഞങ്ങൾ ബൈഅത്ത് ചെയ്തതെന്ന് നിരവധി ആളുകൾ പറയാറുണ്ട്.

ഹുസൂർ അരുളി ചെയ്തു: കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ ദഅ്വത്തെ ഇലല്ലാഹിനെക്കുറിച്ച് (പ്രബോധനത്തെക്കുറിച്ച്) ഖുതുബ നൽകിയിരുന്നു. അതിലും ഞാൻ പറഞ്ഞിരുന്നു, നിങ്ങളുടെ മാതൃക നല്ലതായിരിക്കണമെന്ന്.

ഈ അവസരത്തിൽ ഹുസൂർ അൻവർ ഒരു മൗലവിയുടെ സംഭവം വിവരിച്ചു. മസ്ജിദിൽ സാമ്പത്തിക ത്യാഗത്തെക്കുറിച്ച് പ്രസംഗിക്കുകയും, ആ പ്രസംഗത്തിൽ സ്വാധീനിക്കപ്പെട്ട് അദ്ദേഹത്തിന്റെ ഭാര്യ തന്റെ സ്വർണ്ണവളകൾ ചന്ദയായി (സംഭാവനയായി) നല്കാൻ മൗലവിക്ക് ഊരി നല്കിയപ്പോൾ, ഞാൻ ജനങ്ങളുടെ വികാരങ്ങൾ ഇളക്കാൻ വേണ്ടി പറഞ്ഞതാണ്, അത് നിനക്കു വേണ്ടിയായിരുന്നില്ല എന്ന് ആ മൗലവി പറയുകയുണ്ടായി.

ഹുസൂർ അൻവർ പറഞ്ഞു: ഇത്തരം മോശമായ പ്രവൃത്തികൾ ഉണ്ടായാൽ അത് എന്ത് ഫലമാണ് ഉണ്ടാക്കുക? നമ്മെ സംബന്ധിച്ചിടത്തോളം ഓരോ വ്യക്തിയും സാമ്പത്തിക ത്യാഗം ചെയ്യാറുണ്ട്. ഞാനും ചെയ്യാറുണ്ട്, നിങ്ങളും ചെയ്യാറുണ്ട്.

ഹുസൂറിന്റെ ഓൺലൈൻ കൂടിക്കാഴ്ചയുടെ ഉപര്യുക്ത സംഗ്രഹം നല്കിക്കൊണ്ട്, ജമാഅത്തിലെ എല്ലാ അംഗങ്ങളോടും, വിശിഷ്യാ ഖുദ്ദാമിനോടും അഭ്യർത്ഥിക്കുന്നു: എം.ടി.എയിലൂടെ ഈ പരിപാടി തീർച്ചയായും കേൾക്കുകയും മറ്റുള്ളവരെ കേൾപ്പിക്കുകയും ചെയ്യുക. നമ്മുടെ പ്രിയപ്പെട്ട ഇമാമിന്റെ പരിശുദ്ധ വചനങ്ങൾ ശ്രദ്ധയോടെ കേൾക്കാനും മനസ്സോടെ അവ പ്രവൃത്തിപഥത്തിൽ വരുത്താനും അല്ലാഹു നമുക്കെല്ലാവർക്കും തൗഫീഖ് നല്കട്ടെ. വബില്ലാഹി തൗഫീഖ്.

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**
**www.akhbarbadr.in**

## ജാമിഅ അഹ്മദിയ്യാ ഖാദിയാൻ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു!

**കോഴ്സുകൾ: 1. മുറബ്ബി കോഴ്സ് (ഏഴ് വർഷത്തെ കോഴ്സ്), 2. ഷോർട്ട് ടേം മുഅല്ലിം കോഴ്സ്**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുഹസ്തങ്ങളാൽ സ്ഥാപിതമായ പരിശുദ്ധമായ സ്ഥാപനമാണ് ജാമിഅ അഹ്മദിയ്യാ ഖാദിയാൻ. അവിടെനിന്നും നൂറുകണക്കിന് പണ്ഡിതന്മാരും മുബല്ലിഗ്മാരും പഠനം പൂർത്തിയാക്കി ലോകത്തിന്റെ വിവിധ കോണുകളിൽ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ എത്തിക്കുന്നതിനുള്ള മഹത്തായ സേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ ബിനസ്വ്‌രിഹിൽ അസീസ്) പല അവസരങ്ങളിലും അഹ്മദികളായ വിദ്യാർത്ഥികളോട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ധാർമിക പാഠശാലയിൽ ചേർന്ന് പഠനം പൂർത്തിയാക്കി ജമാഅത്തിനെ സേവിക്കാൻ ഉണർത്തിയിട്ടുണ്ട്. അതുകൊണ്ട്, സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ വാഖിഫീനെ നൗ വിദ്യാർത്ഥികളും അല്ലാത്തവരും ജാമിഅ അഹ്മദിയ്യായിൽ പ്രവേശം നേടി ജമാഅത്തിന്റെ സേവനത്തിനായി മുന്നോട്ട് വരേണ്ടതാണ്.

സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ഈ വർഷം ജാമിഅ അഹ്മദിയ്യായിൽ ഏപ്രിൽ 1 മുതൽ (ഏഴ് വർഷത്തെ മുറബ്ബി കോഴ്സ്, ഷോർട്ട് ടേം മുഅല്ലിം കോഴ്സ്, മദ്റസത്തുൽ ഹിഫ്ള് എന്നിവയിലേക്ക്) പ്രവേശന നടപടികൾ ആരംഭിച്ചിരിക്കുന്നു. മെട്രിക് (പത്താം ക്ലാസ്) അല്ലെങ്കിൽ +2 പരീക്ഷകൾ പൂർത്തിയാക്കിയവരും ജാമിഅയിലോ മുഅല്ലിം കോഴ്സിലോ ചേരാൻ ആഗ്രഹിക്കുന്നവരുമായ വിദ്യാർത്ഥികൾ വഖ്ഫെ നൗ ഭാരത് വിഭാഗവുമായോ നിസാറത്തെ തഅ്ലീമുമായോ ബന്ധപ്പെടുക. എത്രയും വേഗം അപേക്ഷാ ഫോമുകൾ പൂരിപ്പിച്ച് വഖ്ഫെ നൗ ഭാരത് (നിസാറത്തെ തഅ്ലീം) ഓഫീസിലേക്ക് അയക്കേണ്ടതാണ്.

**അഡ്മിഷൻ നിബന്ധനകൾ** :

മെട്രിക് പാസ്സായവർക്ക് പ്രായപരിധി 17 വയസ്സും +2 പാസ്സായവർക്ക് 19 വയസ്സുമാണ്. ഹാഫിസുകൾക്ക് (ഖുർആൻ മന:പാഠമാക്കിയവർക്ക്) പ്രായപരിധിയിൽ പ്രത്യേക ഇളവ് നൽകുന്നതാണ്.

പ്രവേശനത്തിനായി നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത് വിദ്യാർത്ഥികളെ ഇൻറർവ്യൂവിനും എഴുത്തുപരീക്ഷയ്ക്കും വിധേയമാക്കുകയും യോഗ്യരായവരെ തിരഞ്ഞെടുക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ, ഇസ്‌ലാം, അഹ്മദിയ്യത്ത്, മതപരമായ അറിവുകൾ, ഉറുദു, ഇംഗ്ലീഷ്, ജനറൽ നോളജ് എന്നിവയെ ആസ്പദമാക്കിയായിരിക്കും എഴുത്തുപരീക്ഷ.

എഴുത്തുപരീക്ഷയിലും ഇൻറർവ്യൂവിലും വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഖാദിയാൻ നൂർ ഹോസ്പിറ്റലിൽ മെഡിക്കൽ പരിശോധന ഉണ്ടായിരിക്കും. ഇതിലെല്ലാം വിജയിക്കുന്നവർക്ക് സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ജാമിഅയിൽ പ്രവേശനം നൽകുന്നതാണ്.

വിവാഹിതർ/ബിരുദധാരികൾ എന്നിവർക്ക് ഷോർട്ട് ടേം മുഅല്ലിം കോഴ്സിന്റെ കാലാവധി രണ്ടര വർഷമാണ് (24 മാസം പഠനവും 6 മാസം ട്രെയിനിംഗും). മെട്രിക്/+2 മാത്രം പാസ്സായവർക്ക് ഇത് മൂന്നര വർഷമായിരിക്കും (3 വർഷം പഠനവും 6 മാസം ട്രെയിനിംഗും).

<u>അപേക്ഷാ ഫോമിന് താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക:</u>

WAQFENAU DEPARTMENT (NAZARAT TALEEM), DARUL BALAGH,
CIVIL LINE, QADIAN DISTT: GURDASPUR, PUNJAB (INDIA) PIN: 143516
CONTACT: 01872-500975, Email: qdnwaqfenau@gmail.com

(പ്രസിഡൻറ്, നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത്)

## ജമാഅത്തുകളുടെ ശ്രദ്ധക്ക്!

ജമാഅത്തുകളിൽ നടക്കുന്ന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും നല്ല ക്ലാരിറ്റിയുള്ള ഫോട്ടോയും ബദ്ർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുതിനായി താഴെ ചേർക്കുന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കുക. ഒന്നിലേറെ ഫോട്ടോകൾ ചേർത്തുവെച്ച് പിഡിഎഫ് ആക്കി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ക്ലാരിറ്റിയുള്ള ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം അയക്കുക. ക്ലാരിറ്റി കുറഞ്ഞ ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ സാധിക്കുന്നതല്ല.

badrqadian@gmail.com

(പത്രാധിപർ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin